# സിഐടിയു സന്ദേശം

സിഐടിയു സംസ്ഥാന കമ്മിറ്റി പ്രസിദ്ധീകരണം

2020 ഒക്ടോബർ വോള്യം: 9 ലക്കം: 2



എഡിറ്റോറിയൽ ബോർഡ്

ചെയർമാൻ
ആനത്തലവട്ടം ആനന്ദൻ

എഡിറ്റർ
എളമരം കരീം

കെ.ഒ. ഹബീബ്, പി. നന്ദകുമാർ, കെ ചന്ദ്രൻപിള്ള



നവംബർ 26 : ദേശീയ പണിമുടക്ക്




07



നേട്ടങ്ങൾ നൂറിൽ നൂറ് 14

ഭക്ഷ്യസുരക്ഷയെയും
കർഷകരെയും തകർക്കുന്ന
കാർഷിക നിയമങ്ങൾ

എളമരം കരീം 20

28 കോവിഡ് കാലത്ത് എന്ത് ചെയ്യരുത്
എന്നതിന്റെ മാതൃകയാണ് ഇന്ത്യ

ജോസഫ് സ്റ്റിഗ്ലിറ്റ്സ്




30 44 നാലായപ്പോൾ

എ.സിയാവുദീൻ

36



ഇസ്രയേൽ, യുഎഇ,
ബഹ്റൈൻ കരാർ

വേണു അമ്പലപ്പടി

ലേബർ കോഡുകൾ
ട്രേഡ് യൂണിയൻ
പ്രസ്ഥാനത്തിനെതിരെ

40 എൻ. പത്മലോചനൻ

യുപി വൈദ്യുത ജീവനക്കാരുടെ
പ്രക്ഷോഭ വിജയം

43 കെ. ജയപ്രകാശ്



അച്ചടി
പി.കൃഷ്ണപിള്ള മെമ്മോറിയൽ പ്രിന്റിംഗ് &
പബ്ലിഷിംഗ് കമ്പനി, തിരുവനന്തപുരം

# കേരളത്തിലെ അട്ടിമറി സമരം

ത്രിപുര ബിജെപി മുഖ്യമന്ത്രിക്കെതിരെ പതിനൊന്ന് ബിജെപി എംഎൽഎമാർ പരസ്യകലാപം ഉയർത്തുന്നു. ഹരിയാനയിൽ ബിജെപി മുന്നണി സർക്കാരിൽ, ഘടക കക്ഷി എതിർപ്പ് പരസ്യമാക്കി. ബീഹാർ ബിജെപി ജനതാദൾ.യു മുന്നണിയിൽ നിന്ന് എൽജെപി എന്ന പാർടി പിണങ്ങി നിൽക്കുന്നു. കേന്ദ്ര മന്ത്രിസഭയിൽ നിന്ന് അകാലിദൾ മന്ത്രി രാജിവെക്കുകയും, അകാലിദൾ എൽഡിഎ വിടുകയും ചെയ്തു. പ്രതിപക്ഷത്താണെങ്കിലും കോൺഗ്രസിനുള്ളിലും സ്ഥിതി സംഘർഷഭരിതമാണ്. പാർടിക്ക് ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെട്ട പ്രസിഡന്റ് വേണമെന്ന് മുതിർന്ന നേതാക്കൾ പരസ്യമായി ആവശ്യപ്പെട്ടു. ബൂർഷ്വാ പാർടികളിൽ സർവ സാധാരണമായി കാണുന്ന ഇത്തരം അന്തഃഛിദ്രങ്ങളിൽ നിന്നും ആരും മുക്തരല്ല. എന്നാൽ ഈ ബഹളങ്ങൾക്കിടയിലും ഇന്ത്യയിലെ ഒരു സംസ്ഥാന സർക്കാർ യാതൊരു കലഹവുമില്ലാതെ വികസന പദ്ധതികളും ജനക്ഷേമപരിപാടികളുമായി മുന്നോട്ടു പോകുന്നു. സംസ്ഥാനത്തെ 4752 സർക്കാർ എയ്ഡഡ് സ്കൂളുകൾ ഹൈടെക്കാക്കിയതിന്റെ വാർത്തകളാണ് അടുത്ത ദിവസം പുറത്ത് വന്നത്. അവിശ്വാസനീയമായ ഈ മുന്നേറ്റം നടത്തുന്നത് കേരളത്തിലെ ഇടത്പക്ഷ ജനാധിപത്യ മുന്നണി സർക്കാരാണ്. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പല ഉദാരവൽക്കരണ നയങ്ങൾക്കും, വർഗീയവൽക്കരണത്തിനും ബദലായ നയങ്ങൾ ഉയർത്തിപ്പിടിച്ചുകൊണ്ടാണ് എൽഡിഎഫ് സർക്കാർ കാലാവധി പൂർത്തീകരിക്കാൻ പോകുന്നത്. ഉൽപാദന സേവന മേഖലകളിൽ നിന്നെല്ലാം സർക്കാർ പിൻവാങ്ങി, സ്വകാര്യമൂലധന ശക്തികളെ ഏൽപ്പിക്കുക എന്നതാണ് ഉദാരവൽക്കരണ നയം. കോവിഡിന്റെ മറവിൽ രാജ്യത്തെ തന്ത്രപ്രധാന പൊതുമേഖലകൾ റെയിൽവെ, വൈദ്യുതി, എണ്ണ, കൽക്കരി, ആണവ ഊർജം, ബഹിരാകാശ ഗവേഷണം, തുറമുഖങ്ങൾ എല്ലാം സ്വകാര്യവൽക്കരിക്കാനാണ് ബിജെപി സർക്കാർ ശ്രമിക്കുന്നത്. കേരളം സഞ്ചരിക്കുന്നത് വിപരീത ദിശയിലാണ്.

സംസ്ഥാന പൊതുമേഖലാ വ്യവസായങ്ങൾ സ്വകാര്യവൽക്കരിക്കാതെ പൊതുമേഖലയിൽ സംരക്ഷിക്കുന്നു. വൈദ്യുതി മേഖല സ്വകാര്യവൽക്കരിക്കുന്ന കേന്ദ്ര സർക്കാർ നയത്തെ തള്ളി, പൊതുമേഖലയിൽ സംരക്ഷിക്കുമെന്ന് പ്രഖ്യാപിക്കുന്നു. ട്രാൻസ്പോർട് കോർപറേഷനെ സംരക്ഷിക്കുന്ന നടപടികൾ സ്വീകരിച്ചു. വിദ്യാഭ്യാസ ആരോഗ്യ മേഖലകളിൽ അഭിമാനകരമായ നേട്ടങ്ങളാണ് കൈവരിച്ചത്. ഇന്ത്യയിൽ ഒരു സംസ്ഥാനത്തിനും നേടാൻ കഴിയാത്ത ഉയരത്തിലേക്കാണ് ഈ രണ്ട് മേഖലകളിലും വളർച്ച. ലോക നിലവാരത്തിലേക്ക് രണ്ട് ജനസേവന മേഖലകളെയും എത്തിക്കാൻ കഴിഞ്ഞത് കേരള ജനത ഏക്കാലവും ഓർമിക്കും.

രാജ്യമാകെ ഒഎഫ്സി കേബിളുകൾ നിക്ഷേപിച്ച്, ഇന്റർനെറ്റ് വ്യാപാരത്തിന് സുസജ്ജമായിക്കൊണ്ടിരിക്കുന്ന റിലയൻസ് എന്ന കുത്തക കമ്പനിയെ സംസ്ഥാന സർക്കാരിന്റെ 'കെ ഫോൺ' പദ്ധതി തെല്ലൊന്നുമല്ല അലോസരപ്പെടുത്തുന്നത്. വിദ്യാസമ്പന്നരും ഇന്റർനെറ്റ് ഉപയോഗപ്പെടുത്താൻ കഴിവുള്ളവരുമായ വലിയൊരു ജനവിഭാഗം കേരളത്തിലുണ്ട്. അവരിലായിരുന്നു 'റിലയൻസി'ന്റെ കഴുകക്കണ്ണുകൾ. പൊതുമേഖലാ സ്ഥാപനങ്ങളുമായി സഹകരിച്ച് എല്ലാ വീടുകളിലും വിദ്യാഭ്യാസ സ്ഥാപനങ്ങളിലും മറ്റ് പൊതുസ്ഥാപനങ്ങളിലും ഇന്റർനെറ്റ് എത്തിക്കാനുള്ള സർക്കാരിന്റെ കെ ഫോൺ പദ്ധതി അവരെ തെല്ലൊന്നുമല്ല അമ്പരപ്പിച്ചത്. എങ്ങിനെ സഹിക്കും ഈ ഗവണ്മെന്റിനെ കുത്തകകൾ?

രാജ്യത്തെ 6 വിമാനത്താവളങ്ങൾ, മോഡി സർക്കാരിന്റെ അടുപ്പക്കാരനായ 'ഗൗതം അദാനി' 50 വർഷത്തേക്ക് പാട്ടത്തിന് ഏറ്റെടുക്കാൻ പോകുമ്പോൾ തിരുവനന്തപുരം വിമാനത്താവളത്തിന്റെ കാര്യത്തിൽ മാത്രം എതിർപ്പ്. കോൺഗ്രസ് ഭരിക്കുന്ന രാജസ്ഥാനിലെ 'ജയപൂർ' എയർപോർടിന്റെ കാര്യത്തിൽ ഒരപസ്വരം പോലും ഉയർന്നില്ല. മറ്റുള്ളവയും തഥൈവ. എന്നാൽ തിരുവനന്തപുരം എയർപോർടിന്റെ സ്വകാര്യവൽക്കരണത്തെ എതിർത്ത് പോന്ന, കേരള സർക്കാർ, ഇപ്പോൾ ഹൈക്കോടതിയെ സമീപിച്ചിരിക്കുകയാണ്. എങ്ങിനെ പൊറുക്കാനാവും അദാനിക്ക്?

ഹിന്ദുസ്ഥാൻ ന്യൂസ് പ്രിന്റ്, ഇൻസ്ട്രുമെന്റേഷൻ (പാലക്കാട്), ബിഇഎംഎൽ (പാല

ക്കാട്), ഹിന്ദുസ്ഥാൻ ലൈഫ് കെയർ (തിരുവനന്തപുരം) എച്ച്ഒസി (അമ്പലമുകൾ), കൊച്ചിൻ റിഫൈനറി, കെൽ, ഭെൽ (കാസർഗോഡ്) എന്നിവകളുടെ വില്പനയെ ശക്തിയായി സംസ്ഥാന സർക്കാർ എതിർത്തു. കേന്ദ്ര സർക്കാർ നടത്തുന്നില്ലെങ്കിൽ തങ്ങൾ ഏറ്റെടുത്ത് നടത്താൻ സന്നദ്ധമാണെന്ന് സംസ്ഥാന സർക്കാർ. സ്വകാര്യവൽക്കരണത്തിനെതിരെ തൊഴിലാളികൾ നടത്തുന്ന ചെറുത്തു നിൽപ് സമരത്തോടൊപ്പം എൽഡിഎഫ് സർക്കാരും നിൽക്കുന്നു. സ്വകാര്യവൽക്കരണത്തിനെതിരെ നിയമസഭയിൽ മുഖ്യമന്ത്രി പിണറായി വിജയൻ തന്നെ പ്രമേയമവതരിപ്പിച്ച് ഏകകണ്ഠമായി പാസാക്കുന്ന അവസ്ഥയുണ്ടായി. കേരളത്തിൽ കേന്ദ്ര പൊതുമേഖലാ സ്ഥാപനങ്ങൾ സ്ഥിതി ചെയ്യുന്ന വിലയേറിയ 'ഭൂമി' കൈവശപ്പെടുത്തി റിയൽ എസ്റ്റേറ്റ് വികസനം നടത്തി കോടികൾ വാരാൻ ദാഹിച്ച് നടന്നവർക്ക് എങ്ങിനെ സഹിക്കാനാവും പിണറായി സർക്കാരിന്റെ ഈ 'കടന്നകൈ'? മറ്റൊരു സംസ്ഥാനത്തും ഇത്തരം ഒരു പ്രതിരോധം നേരിടേണ്ടി വന്നിട്ടില്ലാത്തവരുടെ രോഷം പതഞ്ഞു പൊങ്ങുന്നത് യാദൃശ്ചികമല്ല.

കോവിഡ് 19 രാജ്യമാകെ പടർന്ന് പിടിക്കുകയും കോടിക്കണക്കിന് ജനങ്ങളുടെ ഉപജീവനമാർഗം അടയുകയും ചെയ്തപ്പോൾ പാവപ്പെട്ട ജനതയെ സഹായിക്കാൻ കേന്ദ്ര സർക്കാർ യാതൊന്നും ചെയ്തില്ല. ലോക്ഡൗണിനെ തുടർന്ന് സ്വന്തം നാടുകളിലെത്താൻ വെമ്പിയ കോടിക്കണക്കിന് വരുന്ന കുടിയേറ്റ തൊഴിലാളികൾ നേരിടേണ്ടി വന്ന ദുരിതം മനുഷ്യ മനസാക്ഷിയെ ഞെട്ടിച്ചതാണ്. വരുമാനം നഷ്ടപ്പെട്ടവർക്ക് പ്രതിമാസം 7500 രൂപ വീതം നൽകണമെന്ന ആവശ്യം സർക്കാർ ഗൗനിച്ചില്ല. ജനങ്ങളുടെ വാങ്ങൽ ശേഷി കുറഞ്ഞതിനാൽ തകർന്ന കമ്പോളങ്ങളും ഉൽപാദന മേഖലയും രാജ്യത്തിന്റെ സമ്പദ്ഘടനയെ തകർത്തു. 2020-21 സാമ്പത്തിക വർഷത്തിന്റെ ഒന്നാം പാദ വളർച്ചാ നിരക്ക് 23.9 ശതമാനം ഇടിഞ്ഞു. ലോകത്ത് മറ്റൊരു രാജ്യവും നേരിട്ടിട്ടില്ലാത്ത സാമ്പത്തിക തകർച്ചയിലേക്കാണ് മോഡി സർക്കാർ രാജ്യത്തെ തള്ളിവിട്ടത്.

ഈ സാഹചര്യത്തിലും തല ഉയർത്തിപിടിച്ച് നിൽക്കുന്നു കേരളം. കടുത്ത സാമ്പത്തിക പ്രയാസം നേരിടുമ്പോഴും ജനങ്ങളെ സഹായിക്കാൻ 20,000 കോടി രൂപയുടെ പാക്കേജ് സർക്കാർ നടപ്പാക്കി. സാമൂഹ്യക്ഷേമ പെൻഷനുകൾ കൃത്യമായി നൽകി. പെൻഷൻ തുക പ്രതിമാസം 100 രൂപ വർധിപ്പിക്കുകയും മാസാമാസം നൽകുകയും ചെയ്യുന്നു. കർഷകർക്ക് പ്രത്യേക ക്ഷേമപദ്ധതി ഏർപ്പെടുത്തി. തൊഴിലാളി ക്ഷേമനിധി ബോർഡുകൾ വഴി ആയിരം കോടി രൂപയോളം വിതരണം ചെയ്തു. കോവിഡ് ബാധിച്ചവർക്കെല്ലാം സൗജന്യ ചികിത്സ നൽകുന്ന രാജ്യത്തെ ഏക സംസ്ഥാനം കേരളമാണ്. സംസ്ഥാന സർക്കാരും തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളും ജനങ്ങളെയാകെയും കോർത്തിണക്കി, ലോകത്തിനാകെ മാതൃകയാവുന്ന വിധത്തിൽ കേരള സർക്കാർ പ്രവർത്തിച്ചു. ലോകമാകെ, കേരള മോഡൽ പ്രശംസിക്കപ്പെടുന്നു. സംഘപരിവാറിന്റെ 'ഹിന്ദുത്വ' അജണ്ടകൾ ഒന്നൊന്നായി നടപ്പാക്കാൻ ശ്രമിക്കുന്ന മോഡി സർക്കാർ ഇന്ത്യൻ ഭരണഘടനയെ അപ്രസക്തമാക്കുകയും, പാർലമെന്റിനെ നോക്കുകുത്തിയാക്കുകയും ചെയ്യുന്നു. പൗരത്വം മതാടിസ്ഥാനത്തിലാക്കുന്ന നിയമം പാസാക്കി. ഇന്ത്യയിലെ ഏക മുസ്ലീം ഭൂരിപക്ഷ സംസ്ഥാനമായ കാഷ്മീരിനെ മൂന്ന് കഷ്ണങ്ങളാക്കി, സംസ്ഥാന പദവി എടുത്തുകളഞ്ഞു. 2020 ആഗസ്റ്റ് 5 ന് ശ്രീരാമക്ഷേത്രത്തിന് ശിലാസ്ഥാപനം നടത്തിക്കൊണ്ട് പ്രധാനമന്ത്രി നടത്തിയ പ്രസംഗത്തിൽ രാമക്ഷേത്രത്തിന് വേണ്ടിയുള്ള 'സമരങ്ങൾ' സ്വാതന്ത്ര്യ സമരത്തോടുപമിച്ചു. ഇന്ത്യാ ചരിത്രം തന്നെ മാറ്റിയെഴുതാനുള്ള ശ്രമങ്ങളുടെ ഭാഗമാണിത്. 1992 ൽ ബാബറി മസ്ജിദ് തകർത്ത കേസിലെ മുഴുവൻ പ്രതികളെയും അലഹബാദ് സിബിഐ സ്പെഷ്യൽ കോടതി വെറുതെ വിട്ടപ്പോൾ ബിജെപിയും സംഘപരിവാറും പ്രകടിപ്പിച്ച ആഹ്ളാദാരവം, ഉത്കണ്ഠയുളവാക്കുന്നതാണ്.

രാജ്യത്തിന്റെ ഐക്യവും മതനിരപേക്ഷതയും തകർക്കാനും ജനങ്ങളുടെ ജീവിത പ്രശ്നങ്ങളിൽ നിന്ന് ശ്രദ്ധതിരിച്ച് വിടാനും സംഘപരിവാർ നടത്തുന്ന ആക്രമണോത്സുകമായ ഇത്തരം നീക്കങ്ങൾക്കെതിരെ രാജ്യത്തെ ജനാധിപത്യ മതനിരപേക്ഷ ശക്തികൾക്ക് ആവേശം നൽകുന്ന ശബ്ദം ഉയർത്തുന്ന സംസ്ഥാനമാണ് കേരളം. പൗരത്വ ഭേദഗതി നിയമം രാഷ്ട്രപതി ഒപ്പ് വെച്ച ശേഷം അധികാര പ്രമത്തതയിൽ അഹങ്കരിച്ചു നിന്ന മോഡി സർക്കാരിന്റെ നയങ്ങൾക്കെതിരെ ജനങ്ങളോടൊപ്പം നിൽക്കാൻ കേരള സർക്കാർ കാണിച്ച തന്റേടം കേന്ദ്ര ഭരണക്കാരെ പരിഭ്രാന്തരാക്കി. ഒരു സർക്കാർ സംവിധാനത്തെ എങ്ങിനെ ജനപക്ഷമാക്കാമെന്നതിന്റെ മികച്ച ഉദാഹരണമാണിത്.

വെല്ലുവിളികൾക്കിടയിലും വികസനത്തിൽ മുന്നോട്ടു കുതിക്കാൻ കേരളത്തിന് കഴിഞ്ഞു. വർഷങ്ങളായി മുടങ്ങിക്കിടന്ന നാഷണൽ ഹൈവേ വികസനം യാഥാർത്ഥ്യമാവുന്നു. 'ഗെയിൽ പൈപ്പ് ലൈൻ പൂർത്തിയായി. വ്യവസായ നിക്ഷേപത്തിന് അനുയോജ്യമായി സംസ്ഥാനം മാറി. "ഡൂയിംഗ് ബിസിനസ് ഈസി" എന്ന മുദ്രാവാക്യത്തിന്റെ മറവിൽ തൊഴിൽ നിയമങ്ങൾ പൊളിച്ചെഴുതിയ രാജ്യത്ത് തൊഴിലാളി സംരക്ഷണത്തിൽ യാതൊരു വിട്ടുവീഴ്ചയുമില്ലെന്ന് കേരള സർക്കാർ പ്രഖ്യാപിച്ചു. പിഎസ്സി വഴി മുമ്പുള്ള ഏത് സർക്കാരും നൽകിയതിനേക്കാൾ കൂടുതൽ ജോലി നൽകി. വരുന്ന നൂറ് ദിവസത്തിനകം അരലക്ഷം പേർക്ക് പുതുതായി തൊഴിൽ നൽകുന്ന പദ്ധതി നടപ്പാക്കി വരുന്നു. സംസ്ഥാനത്തിന്റെ നട്ടെല്ലായ പ്രവാസികളുടെ സുരക്ഷക്കായി ഏർപ്പെടുത്തിയ പദ്ധതികളും പ്രശംസനീയമാണ്.

ജിഎസ്ടി കോമ്പൻസേഷനും, മറ്റ് സഹായങ്ങളും നൽകാതെ, കോവിഡ് 19 മഹാമാരിയുടെ കാലത്ത് പോലും സംസ്ഥാനത്തെ കേന്ദ്രം ദ്രോഹിച്ചു. അത്തരം പ്രതിബന്ധങ്ങളുടെ മുമ്പിൽ മുട്ടുമടക്കാതെയാണ് സംസ്ഥാന സർക്കാർ അഭിമാനകരമായ നേട്ടങ്ങൾ കൈവരിച്ചത്.

എന്ത് കൊണ്ട് രാജ്യത്തെ ഒരു കൊച്ചു സംസ്ഥാനത്തെ സർക്കാരിനെ കേന്ദ്ര ഭരണാധികാരികളും അവരെ താങ്ങി നിർത്തുന്ന കുത്തക ശക്തികളും കണ്ണിലെ കരടായിക്കാണുന്നു? സോവിയറ്റ് യൂണിയന്റെ തകർച്ചക്ക് ശേഷം, ലോകാധിപത്യം കയ്യിലൊതുക്കിയ സാമ്രാജ്യത്വ ശക്തികൾക്ക് കൊച്ചു ക്യൂബയും വെനിസ്വലയും വടക്കൻ കൊറിയയും എങ്ങിനെ ഭീഷണിയായി? ഈ രാജ്യങ്ങളുടെ സൈനിക കരുത്തോ, സാമ്പത്തിക ശക്തിയോ അല്ല. മറിച്ച് അവർ ഉയർത്തി പിടിക്കുന്ന ബദൽ നയങ്ങളെയാണവർ ഭയപ്പെട്ടത്. അതിനാലാണ് ഈ രാഷ്ട്രങ്ങളെ വെച്ചു പൊറുപ്പിക്കില്ലെന്ന നിലപാട് സ്വീകരിക്കുന്നത്. ഇവരാണ് പോലും ജനാധിപത്യത്തിന്റെ സംരക്ഷകർ?

ഇന്ത്യയിൽ കേരളം നേരിടുന്നതും ഇത്തരമൊരവസ്ഥയാണ്. കേരളത്തിലെ ഇടത്പക്ഷ ജനാധിപത്യമുന്നണി ഉയർത്തുന്ന ബദൽ നയങ്ങളെയാണവർ ഭയപ്പെടുന്നത്. ത്രിപുരയിലെ ഇടത്പക്ഷ മുന്നണിയെ കഴിഞ്ഞ തെരഞ്ഞെടുപ്പിൽ പരാജയപ്പെടുത്തിയതും ഇതേ കാരണത്താലാണ്. സംസ്ഥാന സർക്കാർ എന്തെങ്കിലും കുറ്റം ചെയ്തതു കൊണ്ടല്ല ബിജെപിയും യുഡിഎഫും കുത്തക മാധ്യമങ്ങളും ഒന്ന് ചേർന്ന് കേരള സർക്കാരിനെയും മുഖ്യമന്ത്രിയെയും വളഞ്ഞിട്ടാക്രമിക്കുന്നത്. തിരുവനന്തപുരം വിമാനത്താവളം വഴി നടന്ന സ്വർണ കള്ളക്കടത്ത് നികുതി വെട്ടിച്ചാണ്. ചുങ്കം അടച്ചാൽ ഇറക്കുമതി ചെയ്യാവുന്ന ചരക്കാണ് സ്വർണം. നികുതി വെട്ടിച്ചുള്ള സ്വർണ കടത്ത് കേരളത്തിൽ മാത്രമല്ല നടക്കുന്നത്. ജിഎസ്ടി വെട്ടിപ്പ് നടത്തുന്നതും കുറ്റകരമല്ലേ?

എന്നാൽ സ്വർണക്കടത്ത് വഴി നേടിയ പണം രാജ്യത്ത് തീവ്രവാദ പ്രവർത്തനത്തിനുപയോഗിച്ചോ എന്നാണ് എൻഐഎ അന്വേഷിക്കുന്നത്. അത്തരം രാജ്യദ്രോഹ പ്രവർത്തനം നടത്തിയവരുണ്ടെങ്കിൽ കണ്ടു പിടിക്കട്ടെ! കേന്ദ്ര ഏജൻസികളുടെ അന്വേഷണം ആവശ്യപ്പെടുകയും അന്വേഷണത്തോട് സഹകരിക്കുകയും ചെയ്യുന്ന സംസ്ഥാന സർക്കാരിനെ ആക്ഷേപിക്കുന്നത് പ്രത്യേക ലക്ഷ്യം വെച്ചാണ്.

സോളാർ കേസിനെ സ്വർണക്കടത്ത് കേസുമായി താരതമ്യപ്പെടുത്താൻ കഴിയില്ല. സോളാർ പദ്ധതിയുടെ പേരിൽ തട്ടിപ്പ് നടത്തിയ സംഘത്തിന് അന്നത്തെ മുഖ്യമന്ത്രിയും ഓഫീസും സഹായം നൽകി എന്ന വിവരം പുറത്തു വന്നപ്പോൾ അതിനെക്കുറിച്ചന്വേഷണം നടത്തണമെന്നാവശ്യപ്പെട്ടാണ് അന്ന് ഇടത്പക്ഷ ജനാധിപത്യ മുന്നണി പ്രക്ഷോഭം ഉയർത്തിയത്. ഇന്നത്തെ പോലെ ഒരന്വേഷണത്തിനും ഉമ്മൻചാണ്ടി സന്നദ്ധനായില്ല. തുടർന്നാണ് എൽഡിഎഫ് സെക്രട്ടറിയേറ്റ് വളയൽ സമരം നടത്തിയത്. ആ സമരത്തിന് മുമ്പിൽ മുട്ടുമടക്കിയാണ് ഉമ്മൻചാണ്ടി ജുഡീഷ്യൽ അന്വേഷണം പ്രഖ്യാപിച്ചത്. ആ സംഭവവും സ്വർണകടത്ത് കേസിൽ എൽഡിഎഫ് സർക്കാർ എടുത്ത നിലപാടും തമ്മിൽ ഒരു താരതമ്യവും ഇല്ല.

പ്രശ്നം രാഷ്ട്രീയമാണ്. എൽഡിഎഫ് സർക്കാരിനെതിരായ സമരത്തെ ഏകോപിപ്പിക്കുന്നത് കുത്തക വർഗത്തിന്റെ വക്താക്കളാണ്. ബൂർഷ്വാ പാർടികളായ ബിജെപിയെയും കോൺഗ്രസിനെയും ഏകോപിപ്പിക്കുന്നതും അവരാണ്. ഈ ജനവിരുദ്ധ ശക്തികൾക്കെതിരെ ജാഗ്രത പുലർത്താനും ജനങ്ങളെയും പ്രത്യേകിച്ച തൊഴിലാളി വർഗത്തെയും അണിനിരത്താനുമുള്ള ജാഗ്രവത്തായ പ്രവർത്തനമാണ് ഈ സാഹചര്യം ആവശ്യപ്പെടുന്നത്.



### 2020 ഒക്ടോബർ 2ന് ഗാന്ധിജയന്തി ദിനത്തിൽ നടന്ന

# തൊഴിലാളികളുടെ ദേശീയ കൺവെൻഷന്റെ പ്രഖ്യാപനം




**യൂണിയനിൽ ഉള്ളവരോ ഇല്ലാത്തവരോ ആകട്ടെ, അഫിലിയേറ്റഡ് സംഘടനകളിൽ ഉള്ളവരോ ഇല്ലാത്തവരോ ആകട്ടെ, സംഘടിത മേഖലയിലോ അസംഘടിത മേഖലയിലോ ഉള്ളവരാകട്ടെ, കേന്ദ്രസർക്കാരിന്റെ തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവും ദേശവിരുദ്ധവുമായ നയങ്ങൾക്കെതിരെ നവംബർ 26ന് നടക്കുന്ന രാജ്യവ്യാപക പണിമുടക്ക് വിജയിപ്പിക്കാൻ എല്ലാവരോടും കൺവെൻഷൻ ആഹ്വാനംചെയ്യുന്നു.**

ലോക്ക്ഡൗൺ കാരണം ജനങ്ങൾക്ക് കൂട്ടം ചേരുന്നതിന് നിയന്ത്രണമുള്ള സാഹചര്യത്തിൽ ആദ്യമായി കേന്ദ്ര ട്രേഡ് യൂണിയനുകളും ഫെഡറേഷനുകളും അസോസിയേഷനുകളും സംയുക്തമായി ഓൺലൈനിൽ തൊഴിലാളികളുടെ ദേശീയ കൺവെൻഷൻ ചേർന്നു. നമ്മുടെ രാജ്യത്തെ തൊഴിലാളികളുടെയും കർഷകരുടെയും സാധാരണ ജനങ്ങളുടെയും അടിസ്ഥാന ജനാധിപത്യ അവകാശങ്ങൾക്കും ഭരണഘടനാവകാശങ്ങൾക്കും എതിരെ ബിജെപി നയിക്കുന്ന നരേന്ദ്ര മോഡി സർക്കാരും ബിജെപി ഭരിക്കുന്ന സംസ്ഥാന സർക്കാരുകളും നടത്തുന്ന കടന്നാക്രമണങ്ങളിൽ ഈ കൺവെൻഷൻ ശക്തമായ പ്രതിഷേധം രേഖപ്പെടുത്തി. ഒന്നാം ബിജെപി സർക്കാരിന്റെ കാലത്ത് (2014-2019) ബന്ധപ്പെട്ട കക്ഷികളുമായി ചർച്ച ചെയ്തിരുന്ന പതിവ് 2019ൽ രണ്ടാം മോഡി സർക്കാർ വന്നതു മുതൽ കാറ്റിൽ പറത്തിയിരിക്കയാണ്. ഡിമാൻഡ് കുറഞ്ഞതിനെ തുടർന്ന് സമ്പദ്ഘടനക്ക് ഗണ്യമായി മാന്ദ്യം സംഭവിച്ചതായാണ് എല്ലാ വികസന സൂചികകളും കാണിക്കുന്നത്. എന്നിട്ടും സുഗമമായി ബിസിനസ് നടത്താനുള്ള അവസരമൊരുക്കുന്നതിന്റെ പേരിൽ അവരുടെ നയങ്ങൾ ശക്തമായി മുന്നോട്ടു കൊണ്ടുപോകുകയാണ്. അത് രാജ്യമൊട്ടുക്കു വ്യാപകമായ ദാരിദ്ര്യത്തെ കൂടുതൽ തീവ്രമാക്കുകയും പ്രതിസന്ധി രൂക്ഷമാക്കുകയും ചെയ്യുന്നു. ഈ പ്രക്രിയക്കൊപ്പമാണ് കോർപറേറ്റ് നികുതികൾ കുറയ്ക്കുകയും തൊഴിലാളികൾക്ക് ദ്രോഹകരമായ മൂന്നു കോഡുകൾ പ്രതിപക്ഷ പാർടി അംഗങ്ങളുടെ അസാന്നിധ്യത്തിൽ ജനാധിപത്യ വിരുദ്ധമായി പാർലമെന്റിൽ പാസാക്കുകയും ചെയ്തത്. തൊഴിലാളികളെ അടിമസമാനമായ സാഹചര്യത്തിലേക്ക് നയിക്കാനും യൂണിയൻ രൂപീകരണം ദുസ്സഹമാക്കാനും ലക്ഷ്യമിടുന്നതാണ് ഈ മൂന്നു ലേബർ കോഡുകളും. ഈ കോഡുകൾ ആത്യന്തികമായി സമരം ചെയ്യാനുള്ള തൊഴിലാളികളുടെ, പ്രത്യേകിച്ച് അസംഘടിത മേഖലയിലെ തെരുവു കച്ചവടക്കാരുടെയും വീട്ടുജോലിക്കാരുടെയും വീടുകൾ കേന്ദ്രമായി പ്രവർത്തിക്കുന്ന തൊഴിലാളികളുടെയും മിഡ് ഡേ മീൽ




**എല്ലാ പാർലമെന്ററി നടപടി ക്രമങ്ങളും കാറ്റിൽ പറത്തി കൊണ്ടാണ് മൂന്ന് കാർഷിക ബില്ലുകൾ പാസാക്കുകയും അവശ്യവസ്തു നിയമം റദ്ദാക്കുകയും ചെയ്തത്. കാർഷികോൽപ്പന്നങ്ങൾക്ക് നിയമപരമായികുറഞ്ഞ താങ്ങുവില ഉറപ്പുവരുത്തുന്നത് ഇല്ലാതാക്കാനും കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിക്കാനും കരാർ കൃഷി പ്രോത്സാഹിപ്പിക്കാനും ആഭ്യന്തരവും വൈദേശികവുമായ വൻകിട ഭക്ഷ്യ സംസ്കരണ കമ്പനികളെയും ചില്ലറ വിൽപ്പന മേഖലയിലെ കുത്തകകൾക്ക് കാർഷിക മേഖല തീറെഴുതി ക്കൊടുക്കാനും ലക്ഷ്യമിട്ടാണ് ഈ നടപടികൾ.**

തൊഴിലാളികളുടെയും ബീഡിത്തൊഴിലാളികളുടെയും നിർമാണത്തൊഴിലാളികളുടെയും റിക്ഷാ തൊഴിലാളികളുടെയും മറ്റ് ദിവസക്കൂലിക്കാരുടെയും അവകാശം ഇല്ലാതാക്കും.

ഇതിനു സമാനമായി എല്ലാ പാർലമെന്ററി നടപടി ക്രമങ്ങളും കാറ്റിൽ പറത്തിക്കൊണ്ടാണ്മൂന്നു കാർഷിക ബില്ലുകൾ പാസാക്കുകയും അവശ്യവസ്തു നിയമം റദ്ദാക്കുകയും ചെയ്തത്. കാർഷികോൽപ്പന്നങ്ങൾക്ക് നിയമപരമായികുറഞ്ഞ താങ്ങുവില ഉറപ്പുവരുത്തുന്നത് ഇല്ലാതാക്കാനും കോർപ്പറേറ്റുകളെ പ്രോത്സാഹിപ്പിക്കാനും കരാർ കൃഷി പ്രോത്സാഹിപ്പിക്കാനും ആഭ്യന്തരവും വൈദേശികവുമായ വൻകിട ഭക്ഷ്യ സംസ്കരണ കമ്പനികളെയും ചില്ലറ വിൽപ്പന മേഖലയിലെ കുത്തകകൾക്ക് കാർഷിക മേഖല തീറെഴുതിക്കൊടുക്കാനും ലക്ഷ്യമിട്ടാണ് ഈ നടപടികൾ. ഇതിലും അപ്പുറം പോയ സർക്കാർ പാർലമെന്റിൽ പോലും വയ്ക്കാതെ വൈദ്യുതി (ഭേദഗതി) ബിൽ, 2020 നടപ്പാക്കി വൈദ്യുതി വിതരണ സംവിധാനത്തെയാകെ സ്വകാര്യവൽക്കരിക്കുകയാണ്. 12 സംസ്ഥാനങ്ങളിലെ മുഖ്യമന്ത്രിമാരുടെ എതിർപ്പ് അവഗണിച്ചുകൊണ്ടാണ് നിലവിലുള്ള ജീവനക്കാരുടെ ഭാവി പുതിയ ഫ്രാഞ്ചൈസികൾക്ക് പന്താടാൻ അവസരമൊരുക്കുന്നത്.

കിട്ടാക്കടം പിടിച്ചെടുക്കാൻ ഒരു ശ്രമവും നടത്താതെ, പൊതുമേഖലയിലെ ബാങ്കുകൾ ലയിപ്പിക്കാനാണ് സർക്കാർ നേരത്തെ ശ്രമിച്ചത്. സാധാരണ ജനങ്ങളുടെ അക്കൗണ്ടുകൾ അപകടപ്പെടുമെന്ന് പോലും കണക്കിലെടുക്കാതെയായിരുന്നു ഈ നീക്കം. ജിഎസ്ടി സംബന്ധിച്ച തെറ്റായ ധനമാനേജ്മെന്റും നയങ്ങളും കേന്ദ്രസർക്കാരിന്റെയും സംസ്ഥാനങ്ങളുടെയും ധനസ്ഥിതി സാമ്പത്തിക സ്ഥിതി ദുർബലമാക്കുകയാണ്.

റിസർവ് ബാങ്ക് ഓഫ് ഇന്ത്യയെയും എൽഐസിയെയും വിവിധ പൊതുമേഖലാ സ്ഥാപനങ്ങളെയും കേന്ദ്രസർക്കാർ എടിഎം എന്ന പോലെ ഉപയോഗിക്കുന്നത് സാമ്പത്തിക സ്ഥിതി കൂടുതൽ ദയനീയമാക്കുകയും അതിന്റെ ഫലമായി പൊതുമേഖലാ സ്ഥാപനങ്ങളെ സ്വകാര്യവൽക്കരണത്തിനായി ലേലത്തിൽ വയ്ക്കുകയുമാണ്. റെയിൽവെ റൂട്ടുകൾ, റെയിൽവെ സ്റ്റേഷനുകൾ, റെയിൽവെ നിർമാണ യൂണിറ്റുകൾ, വിമാനത്താവളങ്ങൾ, പോർട്ടുകൾ, ഡോക്കുകൾ ലാഭമുണ്ടാക്കുന്ന സർക്കാർ ഡിപ്പാർട്മെന്റുകൾ, കൽക്കരി ഖനികൾ, ബിപിസിഎൽ പോലുള്ള ലാഭകരമായ പൊതുമേഖലാ സ്ഥാപനങ്ങൾ, 41 ഓർഡൻസ് ഫാക്ടറികൾ, ബിഎസ്എൻഎൽ (ഇതിലെ 86000 ജീവനക്കാർ ദേശദ്രോഹികൾ എന്നാണ് വിശേഷണം), എയർ ഇന്ത്യ, റോഡ് ഗതാഗത മേഖല തുടങ്ങിയവയെല്ലാം നൂറു ശതമാനം പ്രത്യക്ഷവിദേശ നിക്ഷേപത്തിനായി തുറന്നിട്ടിരിക്കയാണ്. കോവിഡ് 19 മഹാമാരിയുടെ ഭീതി രാജ്യത്തു പടരുമ്പോഴാണ് ഇത്തരം അപകടകരമായ നടപടികൾ എല്ലാം നടപ്പാക്കുന്നത്.




ഡോക്ടർമാർ, നഴ്സുമാർ, പാരാമെഡിക്കൽ ജീവനക്കാർ, ശുചീകരണ തൊഴിലാളികൾ, അവരവരുടെ പ്രദേശങ്ങളിൽ കോവിഡ് സർവെ അടക്കമുള്ള കാര്യങ്ങൾ നടത്തുന്ന അംഗൻവാഡി, ആഷ ജീവനക്കാർ തുടങ്ങി മുന്നണി പോരാളികൾ എന്നു വാഴ്ത്തപ്പെടുന്നവർ എല്ലാം സ്വജീവൻ പണയപ്പെടുത്തിയാണ് ജോലി ചെയ്യുന്നത്. എന്നാൽ അവരെ തികച്ചും മോശമായ രീതിയിലാണ് സർക്കാർ കൈര്യം ചെയ്യുന്നത്. അവർക്ക് വാഗ്ദാനം ചെയ്ത വേതനമോ ഇൻഷുറൻസ് ആനുകൂല്യങ്ങളോ നൽകാതെ അപമാനിക്കുകയാണ്.

കോവിഡ് പടരുന്ന ഈ സാഹചര്യത്തിലും ചങ്ങാത്ത മുതലാളിത്ത സംവിധാനത്തിലെ പ്രമുഖരെല്ലാം അവരുടെ വിപണി മൂല്യം ഓരോ ദിവസവും കോടികൾ ഉയർത്തിക്കൊണ്ട് മാധ്യമങ്ങളുടെ പ്രധാന വാർത്തകളിൽ ഇടംനേടുകയാണ്. ഒരു ആസൂത്രണവും ഇല്ലാതെ പ്രഖ്യാപിച്ച ലോക്ക്ഡൗൺ കോടിക്കണക്കിന് കുടിയേറ്റത്തൊഴിലാളികളുടെ ജീവിതത്തിൽ വിവരണാതീതമായ ദുരിതമാണ് വിതച്ചത്. നോട്ടുനിരോധനം സൃഷ്ടിച്ച ദുരന്തത്തെക്കാൾ ദയനീയമായിരുന്നു ഇത്. സ്ത്രീകളെ സംബന്ധിച്ചിടത്തോളവും ഇക്കാലം ദുരിതമയമായി. തൊഴിലിടങ്ങളിലും പൊതു സ്ഥലങ്ങളിലും സ്വന്തം വീടുകളിൽപ്പോലും അവർക്കെതിരെ പീഡനങ്ങൾ വർധിച്ചു. രാജ്യത്തിന്റെ സമ്പദ്ഘടന നിശ്ചലമാകുകയും തൊഴിലില്ലായ്മ പ്രത്യേകിച്ച് സ്ത്രീകളുടേത് ഗണ്യമായി വർധിക്കുകയും ജിഡിപി മുമ്പെങ്ങുമില്ലാത്ത വിധം ചുരുങ്ങുകയും ചെയ്തു.

കോവിഡ് പടരുന്ന ഈ സാഹചര്യത്തിലും ചങ്ങാത്ത മുതലാളിത്ത സംവിധാനത്തിലെ പ്രമുഖരെല്ലാം അവരുടെ വിപണി മൂല്യം ഓരോ ദിവസവും കോടികൾ ഉയർത്തിക്കൊണ്ട് മാധ്യമങ്ങളുടെ പ്രധാന വാർത്തകളിൽ ഇടംനേടുകയാണ്. ഒരു ആസൂത്രണവും ഇല്ലാതെ പ്രഖ്യാപിച്ച ലോക്ക്ഡൗൺ കോടിക്കണക്കിന് കുടിയേറ്റത്തൊഴിലാളികളുടെ ജീവിതത്തിൽ വിവരണാതീതമായ ദുരിതമാണ് വിതച്ചത്. നോട്ടുനിരോധനം സൃഷ്ടിച്ച ദുരന്തത്തെക്കാൾ ദയനീയമായിരുന്നു ഇത്. സ്ത്രീകളെ സംബന്ധിച്ചിടത്തോളവും ഇക്കാലം ദുരിതമയമായി.

തൊഴിലാളികളെ പിരിച്ചുവിടരുതെന്നും വേതനം വെട്ടിക്കുറയ്ക്കരുതെന്നും ലോക്ക്ഡൗണിന്റെ തുടക്കത്തിൽ സർക്കാർ തൊഴിലുടമകളോട് നിർദേശിച്ചിരുന്നു. എന്നാൽ തൊഴിലുടമകൾ ഈ നിർദേശങ്ങളെ സുപ്രിംകോടതിയിൽ ചോദ്യംചെയ്തതോടെ വിദഗ്ധമായി ആ നിർദേശങ്ങൾ പിൻവലിച്ചു. തികച്ചും അസ്പഷ്ടമായ പിഎംകെയേർസ് എന്ന ഫണ്ട് കേന്ദ്രസർക്കാർ തുടങ്ങുകയും കോർപറേറ്റുകൾ അതിലേക്ക് സംഭാവന നൽകുകയും ചെയ്തു. കേന്ദ്ര സർക്കാർ ജീവനക്കാരെ പിഴിഞ്ഞൂറ്റി ശമ്പളം പിടിച്ചു. ഡിഎ മരവിപ്പിച്ചു. ജീവനക്കാർക്ക് സർവീസ് കാലാവധി പൂർത്തിയാകുംമുമ്പ് വിരമിക്കുന്നതിന് സർക്കാരിന് നിർബന്ധപൂർവം നിർദേശിക്കാമെന്ന് കാണിക്കുന്ന പഴയൊരു ഉത്തരവ് മാന്തിയെടുത്തു. അതിനു ശേഷം മഹാമാരി കൈകാര്യം ചെയ്യുന്നതിന്റെ പൂർണ ഉത്തരവാദിത്തം കേന്ദ്രസർക്കാർ സൗകര്യപൂർവം സംസ്ഥാന സർക്കാരുകളുടെ തലയിലിട്ടു. തെരഞ്ഞെടുക്കപ്പെട്ട സംസ്ഥാന സർക്കാരുകളെ പണമെറിഞ്ഞ് അട്ടിമറിച്ചും രാഷ്ട്രീയ എതിരാളികളെ സിബിഐ, എൻഫോഴ്സ്മെന്റ് ഡയരക്ടറേറ്റ്, എൻഐഎ, പൊലീസ് എന്നിവ പോലുള്ള അന്വേഷണ ഏജൻസികളെക്കൊണ്ട് വിരട്ടിയും മുതലെടുക്കുകയാണ് കേന്ദ്രസർക്കാർ. ഈ വിഭാഗീയ ഗൂഢതന്ത്രങ്ങൾ രാജ്യത്തിന്റെ മതനിരപേക്ഷതയെ മുറിവേൽപ്പിക്കുക




യാണ്. വടക്കുകിഴക്കൻ ഡൽഹിൽ നടന്ന കലാപങ്ങൾ സിഎഎ പ്രതിഷേധക്കാരുടെ ഗൂഢാലോചനയാണെന്ന തരത്തിൽ കുറ്റമാരോപിച്ച് കേസ് എടുക്കുമ്പോൾ വർഗീയ പ്രസംഗം നടത്തിയ ബിജെപി നേതാക്കൾക്കെൾക്കതിരെ എഫ്ഐആർ രജിസ്റ്റർ ചെയ്യാൻ പോലും തയ്യാറായില്ല. ഈ പദ്ധതികൾക്കായി പൊലീസിനെ ഉപയോഗിക്കുന്ന സ്ഥിതിയുണ്ടായി.

സുപ്രിംകോടതിയെപ്പോലും അട്ടിമറിക്കുന്ന അപകടകരമായ സ്ഥിതിയുണ്ടായി. ഈ സങ്കീർണ സാഹചര്യത്തിലാണ് പുതിയ വിദ്യാഭ്യാസ നയം പ്രഖ്യാപിക്കുന്നത്. വിദ്യാഭ്യാസം പൂർണമായും സ്വകാര്യവൽക്കരിക്കുന്നതിനും അതുവഴി ദരിദ്രജനങ്ങളെ വിവേചനത്തിനു വിധേയമാക്കുകയും ചെയ്യാനാണ് ഈ പുതിയ വിദ്യാഭ്യാസ നയം ലക്ഷ്യമിടുന്നത്. ചുരുക്കത്തിൽ ഒരു ശിക്ഷാഭയവുമില്ലാതെ ഭരണഘടനയെ അട്ടിമറിക്കുകയാണ്.

**ഒരു കുറ്റബോധവുമില്ലാതെയാണ് നരേന്ദ്രമോഡി സർക്കാർ കോർപറേറ്റുകളുടെ പാദസേവ ചെയ്യാനായി രാജ്യത്തെ തൊഴിലാളികളുടെയും കർഷകരുടെയും അധ്വാനിക്കുന്ന മനുഷ്യരുടെയും സാധാരണക്കാരുടെയും താൽപര്യം ബലികഴിക്കുന്നത്. നമ്മുടെ ഗോഡൗണുകളിൽ ധാന്യങ്ങൾ നിറഞ്ഞുകവിയുമ്പോഴും ആവശ്യമുള്ളവർക്ക് സൗജന്യ റേഷൻ നൽകാൻ ബിജെപി സർക്കാർ തയ്യാറല്ല. ഈ സാഹചര്യത്തിൽ രാജ്യത്തെ എല്ലാ തൊഴിലാളികളുമടങ്ങിയ പുതിയ ഉജ്വലമായ സമരം അനിവാര്യമാണെന്നും അത് നിഷേധത്തിന്റെയും നിസ്സഹകരണത്തിന്റെയും രൂപത്തിലുള്ള താവണമെന്നും കൺവെൻഷൻ ആഹ്വാനംചെയ്യുന്നു.**

## സാഹചര്യം ഗുരുതരമാണ്

മോഡി സർക്കാർ നടപ്പാക്കുന്ന തൊഴിലാളി വിരുദ്ധ, കർഷക വിരുദ്ധ, ദേശവിരുദ്ധ നയങ്ങളെ ട്രേഡ് യൂണിയനുകളുടെ ഈ സംയുക്ത ദേശീയ കൺവെൻഷൻ ശക്തിയായി അപലപിക്കുന്നു.

പൊരുതി നേടിയ അവകാശങ്ങൾക്കും ആനുകൂല്യങ്ങൾക്കും ജീവനും ജീവനോപാധിക്കും എതിരെ നടക്കുന്ന കടന്നാക്രമണങ്ങൾ പ്രതിരോധിക്കാൻ വിവിധ മേഖലകളിലെ തൊഴിലാളികളും അധ്വാനിക്കുന്ന മനുഷ്യരും സമരത്തിലാണെന്ന് ഈ കൺവെൻഷൻ മനസ്സിലാക്കുന്നു. കൽക്കരിത്തൊഴിലാളികളുടെ മൂന്നു ദിവസത്തെ പണിമുടക്ക്, ഓർഡനൻസ് ഫാക്ടറി തൊഴിലാളികളുടെ പണിമുടക്ക്, റെയിൽവെ നിർമാണ യൂണിറ്റുകളിലെ തൊഴിലാളികളുടെ പ്രതിഷേധങ്ങൾ, ബിപിസിഎൽ തൊഴിലാളികളുടെ രണ്ടുദിവസത്തെ സമരവും പ്രതിഷേധവും എന്നിവയും റോഡ്ട്രാൻസ്പോർട് ജീവനക്കാർ, ഓയിൽ വർക്കേഴ്സ്, സ്റ്റീൽ വർക്കേഴ്സ്, പോർട്ട് വർക്കേഴ്സ്, സിമന്റ് വർക്കേഴ്സ്, സ്കീം വർക്കേഴ്സ് തുടങ്ങി വിവിധ മേഖലകളിലെ തൊഴിലാളികളും യുപിയിലെ വൈദ്യുതിമേഖലയിലെ തൊഴിലാളികളും എഞ്ചിനിയർമാരും ഈയിടെ നടത്തിയ സമരങ്ങളും പ്രതിഷേധങ്ങളുമെല്ലാം സ്വകാര്യവൽക്കരണത്തിന് എതിരായും തങ്ങളുടെ അവകാശങ്ങൾ സംരക്ഷിക്കാനുമുള്ളവയാണ്. രാജ്യത്തിന്റെ സുരക്ഷ മുൻനിർത്തി 2020 ഒക്ടോബർ 12 മുതൽ അനിശ്ചിത കാല സമരം നടത്താനുള്ള ഓർഡനൻസ് ഫാക്ടറികളിലെ ജീവനക്കാരുടെ തീരുമാനത്തെ ഈ കൺവെൻഷൻ പിന്തുണയ്ക്കുന്നു. ഈ സമരത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് 2020 ഒക്ടോബർ 12ന് എല്ലാ തൊഴിലിടങ്ങളിലും ശക്തമായ പ്രതിഷേധം നടത്താൻ ഈ കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു. സമരം രമ്യമായി പരിഹരിക്കും വരെ ഓരോ ആഴ്ചയും തൊഴിലിടങ്ങളിൽ സമരം നടത്തണം.

പാർലമെന്റിൽ ഏകപക്ഷീയമായി പാസാക്കിയ കർഷക വിരുദ്ധ നിയമങ്ങൾക്കെതിരെ പോരാടുന്ന കർ

ഷകർക്ക് കൺവെൻഷൻ ഐക്യദാർഢ്യം പ്രഖ്യാപിക്കുന്നു. വോട്ടിങ് പോലുമില്ലാതെയാണ് പാർലമെന്റിൽ ഈ ബില്ലുകൾ പാസാക്കിയെടുത്തത്. സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനം ദേശീയ തലത്തിലും രാജ്യത്തെവിടെയും നടക്കുന്ന കർഷക പ്രക്ഷോഭങ്ങളെയും തുടർന്നും പിന്തുണയ്ക്കുമെന്നും കർഷകർക്കൊപ്പം ഉറച്ചുനിൽക്കുമെന്നും ഈ കൺവെൻഷൻ പ്രഖ്യാപിക്കുന്നു. ലോക്ഡൗൺ കാലത്തെ ബുദ്ധിമുട്ടുകൾക്കിടയിലും ട്രേഡ് യൂണിയനുകളുടെ സംയുക്ത വേദി ആഹ്വാനംചെയ്യുന്ന പ്രതിഷേധപരിപാടികളിൽ വൻ പങ്കാളിത്തമാണ് ഉണ്ടായിട്ടുള്ളത്. സമരങ്ങൾ കൂടുതൽ തീവ്രമാക്കണമെന്ന അനിവാര്യതയ്ക്കാണ് ഈ കൺവെൻഷൻ അടിവരയിടുന്നത്. ഒരു കുറ്റബോധവുമില്ലാതെയാണ് നരേന്ദ്രമോഡി സർക്കാർ കോർപറേറ്റുകളുടെ പാദസേവ ചെയ്യാനായി രാജ്യത്തെ തൊഴിലാളികളുടെയും കർഷകരുടെയും അധ്വാനിക്കുന്ന മനുഷ്യരുടെയും സാധാരണക്കാരുടെയും താൽപര്യം ബലികഴിക്കുന്നത്.

രാജ്യത്തെ തൊഴിലാളി സംഘടനാ പ്രസ്ഥാനമാകെയും വിഖ്യാതരായ സാമ്പത്തിക ശാസ്ത്രജ്ഞരുമെല്ലാം ആവശ്യപ്പെടുന്ന രാജ്യത്തെ ജനങ്ങളുടെ കൈയ്യിൽ പണമെത്തിക്കണമെന്നാണ്. അത് തകർന്ന സമ്പദ്ഘടനയുടെ വീണ്ടെടുപ്പിന് അൽപ്പം ആശ്വാസം പകരുമെന്നതിലാണ് ഈ ആവശ്യമുന്നയിക്കുന്നത്. എന്നാൽ ഈ ആവശ്യം അംഗീകരിക്കാൻ ബിജെപി നയിക്കുന്ന കേന്ദ്ര സർക്കാർ തയ്യാറല്ല. നമ്മുടെ ഗോഡൗണുകളിൽ ധാന്യങ്ങൾ നിറഞ്ഞുകവിയുമ്പോഴും ആവശ്യമുള്ളവർക്ക് സൗജന്യ റേഷൻ നൽകാൻ ബിജെപി സർക്കാർ തയ്യാറല്ല. ഈ സാഹചര്യത്തിൽ രാജ്യത്തെ എല്ലാ തൊഴിലാളികളുമടങ്ങിയ പുതിയ ഉജ്വലമായ സമരം അനിവാര്യമാണെന്നും അത് നിഷേധത്തിന്റെയും നിസ്സഹകരണത്തിന്റെയും രൂപത്തിലുള്ളതാവണമെന്നും കൺവെൻഷൻ ആഹ്വാനംചെയ്യുന്നു. എല്ലാ തൊഴിലാളികളുടെയും കർഷകരുടെയും കർഷകത്തൊഴിലാളികളുടെയും ഐക്യദാർഢ്യം ആ സമരത്തിനുണ്ടാകണമെന്ന് കൺവെൻഷൻ ആഹ്വാനംചെയ്യുന്നു.

രാജ്യത്തെ എല്ലാ തൊഴിലാളികളോടും രാജ്യവ്യാപകമായ ഒരു പൊതുപണിമുടക്കിന് സജ്ജമാകാൻ ഈ കൺവെൻഷൻ ആഹ്വാനംചെയ്യുന്നു.

## ആവശ്യങ്ങൾ

1 ആദായനികുതിദായകരല്ലാത്ത എല്ലാ കുടുംബത്തിനും പ്രതിമാസം 7500 രൂപ അക്കൗണ്ടിൽ നിക്ഷേപിക്കുക

2 ആവശ്യക്കാരായ എല്ലാവർക്കും പ്രതിമാസം 10 കിലോവീതം ഭക്ഷ്യധാന്യം സൗജന്യമായി നൽകുക

3 വർഷം 200 തൊഴിൽദിനം വർധിപ്പിച്ച വേതനത്തിൽ ലഭ്യമാക്കാനായി ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി വിപുലീകരിക്കുക, നഗരങ്ങളിലും പദ്ധതി നടപ്പാക്കുക

4 പ്രതിരോധനിർമാണം- റെയിൽവേ- തുറമുഖ -ധന മേഖലകളിലെ സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക

5 കർഷകദ്രോഹ നിയമങ്ങളും തൊഴിലാളിവിരുദ്ധ കോഡുകളും പിൻവലിക്കുക

6 കേന്ദ്രസർവീസ് പൊതുമേഖലാ ജീവനക്കാരെ നിർബന്ധപൂർവം പിരിച്ചുവിടുന്നത് അവസാനിപ്പിക്കുക

7 എല്ലാവർക്കും പെൻഷൻ നൽകുക, പുതിയ പെൻഷൻ പദ്ധതിക്കു പകരം മുൻ സംവിധാനം പുനഃസ്ഥാപിക്കുക, എംപ്ലോയീസ് പെൻഷൻ പദ്ധതി 1995 മെച്ചപ്പെടുത്തുക

സംസ്ഥാന/ ജില്ലാ/ വ്യവസായ/ സെക്ടർതല/ സംയുക്ത കൺവൻഷനുകൾ കഴിവതും നേരിട്ട് പങ്കെടുത്തുകൊണ്ട് ചേരാൻ ഈ കൺവെൻഷൻ ആഹ്വാനംചെയ്യുന്നു. അതിന് സാധിക്കാത്തിടത്ത് 2020 ഒക്ടോബർ അവസാനത്തിനകം ഓൺലൈനായും ചേരണം. അതിന്റെ ഭാഗമായി ലേബർ കോഡുകൾ എങ്ങനെ തൊഴിലാളികളെ അപകടകരമായി ബാധിക്കുമെന്ന വിഷയത്തിൽ നവംബർ മധ്യത്തോടെ താഴെ തട്ടിലടക്കം വിപുലമായ പ്രചാരണ പരിപാടികൾ സംഘടിപ്പിക്കണം. നവംബർ 26ന് ദേശവ്യാപകമായി നടക്കുന്ന പൊതുപണിമുടക്കിന് ഇതിലൂടെ താഴെ തട്ടിലുള്ള തൊഴിലാളികളെ സജ്ജമാക്കണം. കൂടുതൽ തീവ്രവും ശക്തവും നിശ്ചയ ദാർഢ്യത്തോടു കൂടിയുള്ളതുമായ ദീർഘസമരങ്ങൾക്കുള്ള മുന്നൊരുക്കം കൂടിയാണിത്. യൂണിയനിൽ ഉള്ളവരോ ഇല്ലാത്തവരോ ആകട്ടെ, അഫിലിയേറ്റഡ് സംഘടനകളിൽ ഉള്ളവരോ ഇല്ലാത്തവരോ ആകട്ടെ, സംഘടിത മേഖലയിലോ അസംഘടിത മേഖലയിലോ ഉള്ളവരാകട്ടെ, കേന്ദ്രസർക്കാരിന്റെ തൊഴിലാളി വിരുദ്ധവും ജനവിരുദ്ധവും ദേശവിരുദ്ധവുമായ നയങ്ങൾക്കെതിരെ നവംബർ 26ന് നടക്കുന്ന രാജ്യവ്യാപക പണിമുടക്ക് വിജയിപ്പിക്കാൻ എല്ലാവരോടും ഈ കൺവെൻഷൻ ആഹ്വാനം ചെയ്യുന്നു.

INTUC, AITUC, HMS, CITU,
AIUTUC, TUCC, SEWA,
AICCTU, LPF, UTUC

(സ്വതന്ത്ര ഫെഡറേഷനുകൾ —
തൊഴിലാളികളുടെയും ജീവനക്കാരുടെയും
അസോസിയേഷനുകൾ)

## 2020 നവംബർ 26 ന്റെ ദേശീയ പണിമുടക്ക്

# സംസ്ഥാനത്തെ പ്രവർത്തനങ്ങൾ




1. കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പൊതുമേഖലാ സ്വകാര്യവൽക്കരണം, തൊഴിൽ നിയമ ഭേദഗതികൾ, കാർഷിക മേഖല കുത്തകവൽക്കരിക്കൽ തുടങ്ങിയ ജനദ്രോഹ തൊഴിലാളി കർഷക ദ്രോഹ നയങ്ങൾക്കെതിരെ ദേശീയ ട്രേഡ് യൂണിയനുകൾ 2020 നവംബർ 26 ന് ദേശീയ പണിമുടക്കിന് ആഹ്വാനം ചെയ്തിരിക്കുകയാണ്. ഈ പണിമുടക്ക് സംസ്ഥാനത്ത് വൻവിജയമാക്കാൻ തീരുമാനിച്ചു.

**2. സംസ്ഥാന കൺവെൻഷൻ 2020 ഒക്ടോബർ 24, വൈകുന്നേരം 5 മണി**

ഓൺലൈനായിട്ടാണ് യോഗം. എല്ലാ ട്രേഡ് യൂണിയനുകളുടെയും സംസ്ഥാന ഭാരവാഹികൾ സംസ്ഥാന കമ്മിറ്റി അംഗങ്ങൾ, ജില്ലാ ഭാരവാഹികൾ എന്നിവർ ഈ കൺവെൻഷനിൽ പങ്കെടുക്കണം. ഓൺലൈൻ ലിങ്ക് എല്ലാവർക്കും അയച്ചുതരുന്നതാണ്.

**3. ജില്ലാ കൺവെൻഷനുകൾ. 2020 ഒക്ടോബർ 27 നും 31 നും ഇടയിൽ**

ജില്ലാ കൺവെൻഷനുകൾ ഓൺലൈനായി സംഘടിപ്പിക്കണം. ജില്ലാ ഭാരവാഹികൾ ജില്ലാ കമ്മിറ്റി മെമ്പർമാർ ജില്ലകളിലെ അഫിലിയേറ്റഡ് യൂണിയനുകളുടെ ഭാരവാഹികൾ എന്നിവരാണ് പങ്കെടുക്കുന്നത്.

**4. മണ്ഡലം/ ഏരിയാ കൺവെൻഷനുകൾ 2020 നവംബർ 10 നുള്ളിൽ.**

എല്ലാ മണ്ഡലം/ ഏരിയാ തലങ്ങളിലെ കൺവെൻഷനുകൾ ഓൺലൈനിൽ സംഘടിപ്പിക്കും. അതാത് ഏരിയയിലെ ട്രേഡ് യൂണിയനുകളുടെ വർക്കിംഗ് കമ്മിറ്റി അംഗങ്ങളും പ്രധാന പ്രവർത്തകരുമാണ് പങ്കെടുക്കുന്നത്.

**5. പഞ്ചായത്ത് കൺവെൻഷൻ**

പഞ്ചായത്തുകളിലും മുനിസിപ്പാലിറ്റികളിലും കോർപറേഷനുകളിലും ഓൺലൈനായി കൺവെൻഷൻ ചേരും. അതാത് പ്രദേശത്തെ ട്രേഡ് യൂണിയൻ അംഗങ്ങളായ തൊഴിലാളികളെ മുഴുവൻ പങ്കാളികളാക്കും. 2020 ൽ നവംബർ 11 നും 20 നും ഇടയിലാണ് കൺവെൻഷനുകൾ.

- 2020 നവംബർ 9, 10 തീയതികളിൽ സ്ഥാപനങ്ങൾക്ക് പണിമുടക്ക് നോട്ടീസ് സംയുക്തമായി നൽകും.
- പ്രവർത്തിക്കുന്ന വ്യവസായ സ്ഥാപനങ്ങളിലെ തൊഴിലാളികളുടെ സംയുക്ത ജനറൽബോഡികൾ, മറ്റ് തൊഴിലിടങ്ങളിൽ തൊഴിലാളികൾ കൂട്ടമായി ജോലി ചെയ്യുന്ന എല്ലാ കേന്ദ്രങ്ങളിലും സംയുക്ത ജനറൽ ബോഡികൾ ചേരും.
- 2020 നവംബർ 21 ന് തൊഴിലാളികൾ ജോലി ചെയ്യുന്ന എല്ലാ സ്ഥലങ്ങളിലും വീടുകൾക്കു മുമ്പിലും 5 ൽ കൂടാത്ത തൊഴിലാളികളുടെ പ്രതിഷേധ സമരം സംഘടിപ്പിക്കും. പണിമുടക്കിന്റെ മുദ്രാവാക്യങ്ങൾ എഴുതിയ പ്ലക്കാർഡുകൾ പിടിച്ചായിരിക്കും ഈ പരിപാടി. ഓരോ ജില്ലയിലും പരമാവധി കേന്ദ്രങ്ങളിൽ ഈ പരിപാടി സംഘടിപ്പിക്കും.
- 2020 നവംബർ 22 മുതൽ 25 വരെ തൊഴിലാളികൾ ചെറു സംഘങ്ങളായി അങ്ങാടികളിൽ പ്രകടനങ്ങൾ സംഘടിപ്പിക്കും. കോവിഡ് പ്രോട്ടോക്കോൾ പാലിക്കും.
- 2020 നവംബർ 25 ന് എല്ലാ അങ്ങാടികളിലും പൊതു ഇടങ്ങളിലും പന്തംകൊളുത്തി പ്രകടനങ്ങൾ സംഘടിപ്പിക്കും. സ്ക്വാഡുകളായി കടകളിൽ കയറി പണിമുടക്കുമായി സഹകരിക്കുവാൻ സ്ഥാപന ഉടമകളോട് അഭ്യർത്ഥിക്കും.
- നവംബർ 5 നകം വ്യാപകമായി പണിമുടക്ക് പോസ്റ്ററും അച്ചടിക്കും. ചുവരെഴുത്തും നടത്തും.
- എല്ലാ പ്രധാന കേന്ദ്രങ്ങളിലും പണിമുടക്കിന്റെ ആകർഷകമായ ബോർഡുകൾ സ്ഥാപിക്കും. ഫാക്ടറികൾക്കു മുമ്പിലും തൊഴിൽ കേന്ദ്രങ്ങളിലും ബോർഡ് സ്ഥാപിക്കും.
- ഡൽഹി കൺവെൻഷൻ അംഗീകരിച്ച രേഖ പ്രിന്റ് ചെയ്ത് മുഴുവൻ തൊഴിലാളികളിലും എത്തിക്കും.
- നവംബർ മാസം ഒരു ദിവസം ഫേസ്ബുക്ക് പേജിൽ കഴിയാവുന്നത്ര തൊഴിലാളികളെ സംസാരിപ്പിക്കുന്ന ഒരു പരിപാടി സംഘടിപ്പിക്കും.

# ഇഎസ്ഐ കോർപറേഷൻ സ്വകാര്യവൽക്കരണത്തിലേക്കോ?

**എസ്. ജയമോഹൻ**

മൂന്നുകോടി തൊഴിലാളികൾ അംഗങ്ങളായിട്ടുള്ളതും, 8.5 കോടിഗുണഭോക്താക്കൾക്ക്ചികിത്സയും, പതിനഞ്ചോളം ആനുകൂല്യങ്ങളും നൽകിവരുന്ന രാജ്യത്തെ ഏറ്റവും വലിയ തൊഴിലാളിക്ഷേമ സംവിധാനമാണ് ESI കോർപ്പറേഷൻ. തെറ്റായ നയങ്ങളിലൂടെ എത്തിച്ചേർന്ന ഗുരുതരസാമ്പത്തിക പ്രതിസന്ധിയിൽ നിന്ന് രക്ഷ നേടാൻ പൊതുമേഖലസ്ഥാപനങ്ങൾ വിൽക്കുക എന്ന കേന്ദ്രസർക്കാർ കണ്ടെത്തിയ വഴിയിലേക്ക്തന്നെ LICക്കും BPCL നും പിന്നാലെ ESI കോർപ്പറേഷനെയും കൊണ്ടു പോവുകയാണ്കേന്ദ്ര സർക്കാർ.

ESI യുടെ ചരിത്രം സ്വതന്ത്രഭാരതത്തിനു മുൻപു തന്നെ ആരംഭിക്കുന്നതാണ്. 1943 ൽ പ്രൊഫ: ബി. പി അദാർക്കാർ വ്യവസായശാലകളിലെ തൊഴിലാളികൾക്ക് ആരോഗ്യ ഇൻഷുറൻസ് സ്കീം കൊണ്ടുവരുന്നതിന് ഒരു റിപ്പോർട്ട്തയ്യാറാക്കുവാൻ നിയോഗിക്കപ്പെട്ടു. വിഷയത്തെ ആധികാരികമായി പഠിച്ച് 1944 ഡിസംബറിൽ അദ്ദേഹം റിപ്പോർട്ട്സമർപ്പിച്ചു. ഈ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 1946 ലെ വർക്ക്മെൻസ്റ്റേറ്റ് ഇൻഷുറൻസ് ബില്ലിന് രൂപം നൽകി.

ഇന്ന് സംസ്ഥാനങ്ങളിലും, കേന്ദ്ര ഭരണ പ്രദേശങ്ങളിലുമായി 843 കേന്ദ്രങ്ങൾ ഈ പൊതുമേഖലാ സ്ഥാപനത്തിനുണ്ട്. കേരളത്തിൽ ആദ്യഘട്ടത്തിൽ തന്നെ കൊല്ലം, ആലപ്പുഴ, എറണാകുളം, തൃശൂർ ജില്ലകളിലെ 7 കേന്ദ്രങ്ങളിലാണ്പദ്ധതി ആരംഭിച്ചത്. ഇപ്പോൾ 2017 ഓടുകൂടി എല്ലാജില്ലകളിലും പദ്ധതി നടപ്പിലാക്കി. കേരളത്തിൽ 52073 ഫാക്ടറികളും, സ്ഥാപനങ്ങളിലും ആയി 11 ലക്ഷം തൊഴിലാളികളും 44 ലക്ഷം ഗുണഭോക്താക്കളും ഇഎസ്ഐ ആനുകൂല്യത്തിന് അർഹരായിട്ടുണ്ട്.

ESI നിയന്ത്രണത്തിലുള്ള മെഡിക്കൽകോളേജുകളിൽ തൊഴിലാളികളുടെ മക്കൾക്ക്നീറ്റ്റാങ്കിന്റെ അടിസ്ഥാനത്തിൽ 362 സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഈ സീറ്റുകൾ തൊഴിലാളികളുടെ മക്കൾക്ക്ലഭിക്കാതിരിക്കാനുള്ള ഉപാധികൾ വച്ച്സീറ്റ്നഷ്ടപ്പെടുത്തി മറ്റുള്ളവർക്ക്ലഭ്യമാക്കുന്ന നടപടികളാണ് ESIC കുറച്ചുകാലമായി ചെയ്തുകൊണ്ടിരിക്കുന്നത്. ഈ വർഷം ESI ക്വാട്ട പൊതുവിഭാഗത്തിലേക്ക്മാറ്റുകയാണ് ഉണ്ടായത് .മദ്രാസ്ഹൈക്കോടതിയുടെ വിധിയാണ്കോർപറേഷൻ ഇതിനു കാരണം കണ്ടെത്തിയത് .വിവിധ സമയങ്ങളിലായി മദ്രാസ് ഹൈക്കോടതിയും, കർണാടകഹൈക്കോടതിയും ഈ വിഷയം പരിഗണിച്ചിട്ടുള്ളതാണ് . കർണാടക ഹൈക്കോടതി ESI ക്വാട്ടക്ക് അനുകൂലമായും , മദ്രാസ്ഹൈക്കോടതി എതിരായുമാണ് ഈ വിഷയത്തിൽ വിധി പറഞ്ഞിട്ടുള്ളത്. എന്നാൽ എതിരായ വിധിക്കെതിരെ മദ്രാസ്ഹൈക്കോടതിയോ സുപ്രീംകോടതിയിൽ അപ്പീൽനൽകാനോ, പാർലമെന്റിൽ നിയമനിർമാണം നടത്തി സംവരണം സംരക്ഷിക്കാനോ കേന്ദ്രസർക്കാർ തയാറായിട്ടില്ല. ഇതിലൂടെ 362 സീറ്റുകൾ തൊഴിലാളികളുടെ മക്കൾക്ക്നഷ്ടപ്പെടുന്ന അവസ്ഥയാണുള്ളത് .

2017 മുതൽ നിയമ പോരാട്ടങ്ങൾ നടത്തിയാണ്കശുവണ്ടി തൊഴിലാളികൾ ഉൾപ്പെടെയുള്ള വരുടെ മക്കൾക്ക്സീറ്റ്ലഭ്യമാക്കി കൊണ്ടിരിക്കുന്നത്. തൊഴിലാളികളുടെ മക്കൾക്ക്സംവരണം ചെയ്തിരിക്കുന്ന സീറ്റുകളിൽ 70% സീറ്റുകളും കേരളത്തിലെ കുട്ടികൾക്കാണ്ലഭിക്കുന്നത്. കേരളത്തിലെ കുട്ടികൾക്ക്കേരളത്തിൽ തന്നെ പഠിക്കാൻ കൂടിയാണ്പാരിപ്പള്ളിയിൽ ESI മെഡിക്കൽ കോളേജ് ആരംഭിച്ചത്. 2018 ൽ 62 കുട്ടികൾക്ക്കൊല്ലം ജില്ലയിൽ നിന്ന്മാത്രം അഡ്മിഷൻ ലഭിച്ചു. 21,000 രൂപയിൽ താഴെ പ്രതിമാസ വരുമാനമുള്ള വരാണ്ESI ആനുകൂല്യത്തിന്റെ പരിധിയിൽപ്പെടുന്നത്. നിർധനരായ കശുവണ്ടി, കയർ, കൈത്തറിതൊഴിലാളികൾ, വ്യാപാര സ്ഥാപനങ്ങളിലെ തൊഴിലാളികൾ, അൺഎയ്ഡഡ്സ്കൂളുകളിലെ തൊഴിലാളികൾ തുടങ്ങിയവരുടെ മക്കളാണ്ഈ നീതിനിഷേധത്തിലൂടെ പിന്തള്ളപ്പെടുന്നത്. കോവിഡ്കാലത്ത് തൊഴിൽനഷ്ടപ്പെട്ടവർക്ക്ESI ആനുകൂല്യം നൽകുമെന്ന് പ്രഖ്യാപിച്ചെങ്കിലും നടപ്പിലാക്കാൻ കഴിയില്ലെന്നാണ്കേന്ദ്രസർക്കാർ ഇപ്പോൾ പറയുന്നത്. തൊഴിലാളി തൊഴിലുടമ വിഹിതമായി പിരിച്ചെടുത്ത സഹസ്രകോടികൾ നിക്ഷേപമുള്ളപ്പോഴാണ്ഈ ദുരന്തകാലത്തും തൊഴിലാളികളുടെ അവകാശങ്ങൾ ഹനിക്കുന്ന നിലപാടുകൾ തുടർക്കഥയാവുന്നത് . ●



# നേട്ടങ്ങൾ നൂറിൽ നൂറ്

**പിണറായി വിജയൻ സർക്കാർ ഇടതുപക്ഷത്തിന്റെ പ്രകട നപത്രികയെക്കുറിച്ച് ജനങ്ങളെ ഓർമ്മപ്പെടുത്തുകയും ബോധ്യപ്പെടുത്തുകയും ചെയ്യുന്നുണ്ട്. വാഗ്ദാനങ്ങളുടെ നിർവഹണ പുരോഗതി വിലയിരുത്തുന്ന പ്രോഗസ് റിപ്പോർട്ട് വർഷാവർഷം അച്ചടിച്ചു വിതരണം ചെയ്യുന്നു. പ്രകടന പത്രികയിൽ തങ്ങൾ 600 വാഗ്ദാനങ്ങളാണ് നൽകിയിരുന്നതെന്ന് ഈ സർക്കാർ ജനങ്ങളെ ഓർമപ്പെ ടുത്തുന്നു. ഖണ്ഡിക തിരിച്ച് അവയുടെ ഓരോന്നിന്റെയും നിലവിലെ അവസ്ഥയാണ് പ്രോഗ്രസ് റിപ്പോർട്ടിൽ വ്യക്തമ ാക്കുന്നത്. പ്രകടന പത്രിക മുന്നോട്ടുവച്ച കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ വാഗ്ദാനങ്ങൾക്കു പുറമെ നടപ്പാക്കിയ നിരവധി പ്രവർത്തനങ്ങളും അതിൽ പ്രതിപാദിക്കുന്നു.**



**കേരള**ചരിത്രത്തിൽ തുല്യതയില്ലാത്ത പ്രതിസന്ധികളുടേതായിരുന്നു കഴിഞ്ഞ നാലു വർഷം. ഓഖിക്കും നിപയ്ക്കും പ്രളയത്തിനും രൂക്ഷമായ പ്രകൃതിദുരന്തങ്ങൾക്കും പിന്നാലെ ആഗോള മഹാമാരിയായ കോവിഡും സംസ്ഥാനത്തെ വേട്ടയാടി. എന്നാൽ അവയ്ക്കു മുന്നിൽ പകയ്ക്കുകയോ പതറുകയോ ചെയ്യാതെ വികസന വീഥിയിൽ കേരളം മുന്നോട്ടു തന്നെ നീങ്ങി എന്നതാണ് ഈ കാലഘട്ടത്തെ ശ്രദ്ധേയമാക്കുന്നത്. കോവിഡ് പ്രതിസന്ധിയെ ഫലപ്രദമായി നേരിട്ടുകൊണ്ട് വികസന-ക്ഷേമ മേഖലകളിൽ സമാനതകളില്ലാത്തെ പ്രവർത്തനങ്ങൾ ഇക്കാലയളവിൽ നടന്നു. അതിൽ റോഡുണ്ട്, പാലങ്ങൾ ഉണ്ട്. ഇതോടൊപ്പം ജനങ്ങളുടെ അടിസ്ഥാന ആവശ്യങ്ങൾ നിറവേറ്റുന്ന പദ്ധതികൾക്കും ഭക്ഷ്യോത്പാദനം വർധിപ്പിക്കുന്ന പദ്ധതികൾക്കും മുന്തിയ പരിഗണനയുണ്ട്. സ്വന്തമായി വീടില്ലാത്തവർക്ക് വീട്, അടിസ്ഥാന സൗകര്യമില്ലാത്ത സ്കൂളുകൾക്ക് മനോഹരമായ കെട്ടിടങ്ങൾ, ജലസ്രോതസുകളുടെ സംരക്ഷണ പ്രവർത്തനങ്ങൾ, മാലിന്യസംസ്കരണ പദ്ധതികൾ, ഭക്ഷ്യസുരക്ഷ ഉറപ്പാക്കുവാനും കാർഷിക ഉത്പാദനം വർധിപ്പിക്കുവാനും ലക്ഷ്യമിടുന്ന പദ്ധതിയായ സുഭിക്ഷ കേരളം, ഭക്ഷ്യകിറ്റുകളുടെ വിതരണം, കുട്ടികളുടെ ഓൺലൈൻ പഠനം, ക്ഷേമപെൻഷനുകളുടെ വിതരണം എന്നിവയെല്ലാം പ്രത്യക്ഷ ഉദാഹരണങ്ങളാണ്.



## ഇടമൺ - കൊച്ചി പവർ ലൈൻ യാഥാർഥ്യമായി

ഇടമൺ - കൊച്ചി 400 കെ.വി. പവർ ലൈനിന്റെ നിർമാണം 2019 സെപ്റ്റംബറിൽ പൂർത്തിയാക്കി. ഉപേക്ഷിക്കപ്പെട്ടിരുന്ന പദ്ധതി 256 കോടി രൂപയുടെ അധികനഷ്ട പരിഹാര പാക്കേജ് പ്രഖ്യാപിച്ചാണ് യാഥാർഥ്യമാക്കിയത്. 1200 കോടി രൂപയാണു പദ്ധതിച്ചെലവ്. പദ്ധതി വഴി വൈദ്യുതി ഇറക്കുമതിശേഷിയിൽ 500 മെഗാവാട്ടിന്റെ വർധനവുണ്ടായി.

## അഭിമാനത്തോടെ കണ്ണൂർ




കണ്ണൂർ അന്താരാഷ്ട്ര വിമാനത്താവളം 2018 ഡിസംബറിൽ നാടിനു സമർപ്പിച്ചു. 180 ഏക്കർ ഭൂമി ഏറ്റെടുത്ത് ടാക്സിവേയും മറ്റു സൗകര്യങ്ങളും വിമാനത്താവളത്തിൽ ഏർപ്പെടുത്തി. അഡ്മിനിസ്ട്രേറ്റിവ് ബ്ലോക്കുകളുടെ നിർമാണവും കാറ്റഗറി 1 ലൈറ്റിങ് സ്ഥാപിക്കുന്നതിനുള്ള സ്ഥലമെടുപ്പും അവസാന ഘട്ടത്തിലാണ്. കണ്ണൂർ വിമാനത്താവളത്തെ കണ്ണൂർ, വയനാട് ജില്ലകളുമായി ബന്ധിപ്പിക്കുന്ന ആറു റോഡുകളുടെ പ്രാരംഭ നടപടിക്കും തുടക്കമായി.

## ഗെയിൽ പൈപ്പ് ലൈൻ

444 കിലോമീറ്റർ ദൈർഘ്യമുള്ള മംഗലാപുരം - കൊച്ചി പ്രകൃതിവാതക പൈപ്പ് ലൈൻ പദ്ധതി പൂർത്തീകരിച്ചു. കൂറ്റനാട് മുതൽ വാളയാറിലേക്കുള്ള 94 കിലോമീറ്റർ പൈപ്പ് ലൈൻ ഒക്ടോബറോടെ പൂർത്തിയാക്കും.

## കൊച്ചി മെട്രോ കൂടുതൽ ദൂരത്തിൽ



കൊച്ചി മെട്രോയുടെ ആലുവ മുതൽ പാലാരിവട്ടം വരെയുള്ള 11 സ്റ്റേഷനുകൾ ഉൾപ്പെടെ 13.26 കിലോമീറ്റർ പാത 2017 ജൂണിൽ നാടിനു സമർപ്പിച്ചു. തുടർന്ന് അഞ്ചു സ്റ്റേഷനുകളടങ്ങുന്ന 4.96 കിലോമീറ്ററും പിന്നീട് അഞ്ചു സ്റ്റേഷൻ ഉൾപ്പെടെയുള്ള 5.65 കിലോമീറ്ററും തൈക്കൂടം മുതൽ പേട്ട വരെയുള്ള 1.29 കിലോമീറ്ററും ഗതാഗതത്തിന് തുറന്നു. പേട്ട മുതൽ തൃപ്പൂണിത്തുറ വരെയുള്ള പ്രവൃത്തിക്കു ഭരണാനുമതിയുമായി. 1957.04 കോടി രൂപ വരുന്ന മെട്രോ ഫേസ് 2ന് അനുമതി നൽകി.

## ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജി

വൈറസ് രോഗങ്ങളെ കുറിച്ചുള്ള പഠനത്തിന് രാജ്യാന്തര നിലവാരത്തിൽ തിരുവനന്തപുരത്ത് സ്ഥാപിക്കുന്ന ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് അഡ്വാൻസ്ഡ് വൈറോളജിക്കായി കെട്ടിട നിർമാണം പൂർത്തിയായി. ഡയഗ്നോസ്റ്റിക് ലാബും റിസേർച്ച് ലാബും പ്രവർത്തനം ഉത്ഘാടനം ചെയ്തു. ഇൻസ്റ്റിറ്റ്യൂട്ടിന്റെ ഗവേണിങ് കൗൺസിലും റിസേർച്ച് കൗൺസിലും രൂപീകരിച്ചു. ഇൻസ്റ്റിറ്റ്യൂട്ട് പ്രവർത്തനക്ഷമമായി.

## അതിവേഗ ഇന്റർനെറ്റ്



സംസ്ഥാനത്തെ മുപ്പതിനായിരത്തിലധികം സർക്കാർ ഓഫീസുകളെയും വിദ്യാഭ്യാസ സ്ഥാപനങ്ങളെയും ബന്ധിപ്പിക്കുന്ന നെറ്റ്‌വർക്ക് സ്ഥാപിക്കുന്നതിനും സാമ്പത്തികമായി പിന്നാക്കം നിൽക്കുന്ന 20 ലക്ഷം കുടുംബങ്ങൾക്കു സൗജന്യ ഇന്റർനെറ്റ് ലഭ്യമാക്കുന്നതിനുമായി പ്രഖ്യാപിച്ച ബൃഹത് പദ്ധതിയാണു കെ-ഫോൺ. കിഫ്ബി ധനസഹായത്തോടെ നടപ്പാക്കുന്ന പദ്ധതിയുടെ ഫീൽഡ് സർവെ പൂർത്തിയാക്കി. ഭാരത് ഇലക്ട്രോണിക്സ് ലിമിറ്റഡ് നേതൃത്വം നൽകുന്ന കൺസോർഷ്യമാണു പദ്ധതി നടപ്പാക്കുന്നത്. 2020 ഡിസംബറോടെ പദ്ധതി പൂർത്തീകരിക്കാനാകും.

## കാസർകോഡ് - തിരുവനന്തപുരം ദേശീയ ജലപാത

കാസർകോഡിനെയും തിരുവനന്തപുരത്തെയും ബന്ധിപ്പിക്കുന്ന ദേശീയ ജലപാത 2020 ഡിസംബറോടെ പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുകയാണ്. ഇതിനായി കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചർ എന്ന പുതിയ കമ്പനിക്കു രൂപം നൽകി. കൊല്ലം മുതൽ കോഴിക്കോട് വരെയുള്ള 328 കിലോമീറ്റർ വികസിപ്പിക്കുന്നത് ഇൻലാൻഡ് വാട്ടർവേയ്സ് അതോറിറ്റി ഓഫ് ഇന്ത്യയാണ്. കൊല്ലം മുതൽ നീലേശ്വരം വരെയും ദേശീയ ജലപാത വികസിപ്പിക്കുന്നത് ഇൻലാൻഡ് നാവിഗേഷൻ വകുപ്പും കേരള വാട്ടർവേയ്സ് ഇൻഫ്രാസ്ട്രക്ചറും ചേർന്നാണ്. ആക്കുളം കായൽ മുതൽ നെട്ടൂർ വരെ 29.93 കിലോമീറ്റർ കനാൽ ഗതാഗതയോഗ്യമാക്കിയിട്ടുണ്ട്. വർക്കല നടയറക്കായൽ മുതൽ അഷ്ടമുടിക്കായൽ വരെ തോടു നിർമാണം പൂർത്തിയാക്കി. 17.61 കിലോമീറ്റർ വടകര - മാഹി കനാലിന്റെ 10 കി.മി. ഗതാഗതയോഗ്യമാക്കി. തലശേരി - വളപട്ടണം ഭാഗത്ത് ഭൂമി ഏറ്റെടുക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോട്ടയം, ആലപ്പുഴ ജില്ലകളിലായി 12 കിലോമീറ്റർ ഫീഡർ കനാലുകൾ നവീകരിച്ചു.

## ദേശീയ പാത വികസനം

കാസർഗോഡ് - തിരുവനന്തപുരം ദേശീയപാത നാലുവരി വികസനം ദേശീയപാത അതോറിറ്റി(എൻ.എച്ച്.എ.ഐ.) യാണു നടപ്പിലാക്കുന്നത്. ഇതിനു സംസ്ഥാന സർക്കാർ പൂർണ സഹകരണവും പിന്തുണയും നൽകുന്നു.



ഭൂമി ഏറ്റെടുക്കുന്ന ചെലവിന്റെ 25 സംസ്ഥാനമാണു വഹിക്കുന്നത്. കാസർഗോഡ് തലപ്പാടി മുതൽ ചെങ്കളവരെയും ചെങ്കള മുതൽ നീലേശ്വരം വരെയും നീലേശ്വരം മുതൽ തളിപ്പറമ്പ് വരെയും തളിപ്പറമ്പ് മുതൽ മുഴുപ്പിലങ്ങാട് വരെയും നാലു റീച്ചുകളിലായി ദേശീയപാതാ വികസനത്തിന് കേന്ദ്ര സർക്കാരിന്റെ സ്റ്റാൻഡിങ് ഫിനാൻസ് കമ്മിറ്റി അംഗീകാരം നൽകിക്കഴിഞ്ഞു. കോഴിക്കോട് മൂരാട്, പാലോളി പാലങ്ങൾ സ്റ്റാൻഡ് എലോൺ പ്രോജക്ട് ആയി ടെൻഡർ ചെയ്തു. മറ്റു ഭാഗങ്ങളിൽ അതിരുകൾ നിശ്ചയിച്ചു കല്ലിടുന്ന നടപടി പുരോഗമിക്കുന്നു. കാസർഗോഡ് മുതൽ കഴക്കൂട്ടം വരെയുള്ള ബാക്കി ഭാഗങ്ങളിലും ഭൂമിയെടുക്കൽ പുരോഗമിക്കുന്നു.

കിഫ്ബി ഫണ്ട് ഉപയോഗിച്ച് ചെയ്യുന്ന ദേശീയ പാതയിലെ കരമന - കളിയിക്കാവിള ഭാഗത്തെ രണ്ടാം റീച്ച് പ്രവൃത്തി അതിവേഗം പുരോഗമിക്കുന്നു. എം.സി റോഡിലെ കഴക്കൂട്ടം - അടൂർ റോഡ് മാതൃകാ കോറിഡോറായി കെ.എസ്.റ്റി.പി. വഴി നിർമാണം നടക്കുന്നു. ഉടൻ പൂർത്തീകരിക്കും. ചെങ്ങന്നൂർ മുതൽ മുവാറ്റുപുഴ വരെ 86.36 കിലോ മീറ്റർ റോഡ് കെ.എസ്.റ്റി.പി. പൂർത്തിയാക്കി 2019 ഫെബ്രുവരിയിൽ നാടിനു സമർപ്പിച്ചു.

കാലങ്ങളായി സാങ്കേതിക പ്രശ്നങ്ങളിൽ കുരുങ്ങിക്കിടക്കുന്ന 699 കോടിയുടെ പുനലൂർ - പൊൻകുന്നം റോഡ് കെ.എസ്.റ്റി.പി. മുഖേന മൂന്നു റീച്ചുകളായി ടെൻഡർ ചെയ്തു. ഈ സാമ്പത്തികവർഷം പൂർത്തിയാക്കാൻ ലക്ഷ്യമിട്ടിരിക്കുന്നു. തിരുവല്ല ബൈപ്പാസ്, തിരുവല്ല ടൗൺ നവീകരണം എന്നിവയും കെ.എസ്.റ്റി.പി. മുഖേന ഏറ്റെടുത്തു ടെൻഡർ കഴിഞ്ഞു. പുരോഗമിക്കുന്നു. ആലപ്പുഴ പുറക്കാട്-പാതിരപ്പള്ളി റോഡ് കോൾഡ് ഇൻ പ്ലേസ് റീസെക്ലിങ് ജർമൻ സാങ്കേതികവിദ്യ പ്രകാരം പുനർനിർമിച്ചു. നിലവിലുള്ള റോഡുപ്രതലം പൊളിച്ചെടുത്തു പുനരുപയോഗിക്കുന്ന രീതിയാണിത്. ശബ്ദമലിനീകരണം, വായു മലിനീകരണം, നിർമാണ മാലിന്യങ്ങൾ എന്നിവ പരമാവധി കുറയ്ക്കുന്ന പരിസ്ഥിതി സൗഹൃദ രീതിയാണിത്. ഇതേ സാങ്കേതികവിദ്യ ഉപയോഗിച്ചു ചേർത്തല - അരൂർ (23 കി.മീ) പൂർത്തിയാക്കി. തൃശൂർ ജില്ലയിലെ മണത്തല - തളിക്കുളം (17 കി.മീ), കണ്ണൂർ ജില്ലയിലെ കണ്ണൂർ ടൗൺ- മാഹി (17 കി.മീ) എന്നിവിടങ്ങളിലും ഇത് ഉടൻ ചെയ്യുന്നുണ്ട്. ഇതു മറ്റു മേഖലകളിലേക്കു വ്യാപിപ്പിക്കുന്നത് പരിഗണനയിലാണ്.

## വിഴിഞ്ഞം തുറമുഖം



വിഴിഞ്ഞം പദ്ധതി ഒന്നാം ഘട്ടമായ പോർട്ട് യൂസർ/ഓപ്പറേഷൻസ് ബിൽഡിങ്ങിന്റെ നിർമാണം പൂർത്തിയായി. രണ്ടാം ഘട്ടത്തിലെ ജിഐഎസ് സബ് സ്റ്റേഷൻ, സ്വിച്ച് യാർഡ് കോംപ്ലക്സ് എന്നിവയുടെ നിർമാണം അന്തിമ ഘട്ടത്തിലാണ്. മൂന്നാം ഘട്ടമായ ഗേറ്റ് കോംപ്ലക്സിന്റെയും അനുബന്ധറോഡുകളുടേയും നിർമാണം 2021ഓടെ പൂർത്തിയാകും. നാലം ഘട്ടത്തിൽ 2200 മീറ്റർ നീളമുള്ള പുലിമുട്ട് നിർമാണം പൂർത്തിയാക്കി അടുത്ത മാർച്ച് മാസത്തോടെ കാർഗോ വെസൽ എത്തിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ജൈവ വൈവിധ്യ മ്യൂസിയം



രാജ്യത്തെ ആദ്യ ജൈവ വൈവിധ്യ മ്യൂസിയം തിരുവനന്തപുരം വള്ളക്കടവിൽ യാഥാർഥ്യമായി. 19-ാം നൂറ്റാണ്ടിലെ ചരിത്ര പ്രധാന ബോട്ടുപുരയിലാണു മ്യൂസിയം സ്ഥാപിച്ചിരിക്കുന്നത്. പ്രകൃതിയുടെ എല്ലാ ഗാംഭീര്യവും ദുരൂഹതകളും ശാസ്ത്രത്തിന്റെ അതിശയങ്ങളും എവർക്കും മനസിലാകും വിധമാണു മ്യൂസിയം സജ്ജീകരിച്ചിരിക്കുന്നത്.

## തിരുവനന്തപുരം -കാസർകോഡ് അതിവേഗ ട്രെയിൻ



തിരുവനന്തപുരം മുതൽ കാസർഗോഡ് വരെ 529.45 കി.മീ സെമി ഹൈസ്പീഡ് റെയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു. നാലു മണിക്കൂർ കൊണ്ടു തിരുവനന്തപുരത്തുനിന്ന് കാസർകോഡ് എത്താനാണ് ലക്ഷ്യമിടുന്നത്. രൂപരേഖ കേരള സർക്കാർ അംഗീകരിച്ചു. റെയിൽവേയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ട്. നിർമാണം നടക്കുന്ന അഞ്ചു വർഷം നേരിട്ടും അല്ലാതെയും 50,000 തൊഴിലവസരങ്ങളും പദ്ധതി തുടങ്ങിക്കഴിഞ്ഞാൽ 11,000 തൊഴിലവസരങ്ങളും സൃഷ്ടിക്കുമെന്നാണ പ്രതീക്ഷിക്കുന്നത്. അഞ്ചു വർഷം കൊണ്ടു പദ്ധതി പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്. സംസ്ഥാനത്തെ റെയിൽവെ വികസനത്തിനായി രൂപം നൽകിയ, കേന്ദ്ര സർക്കാരിനുകൂടി പ്രാതിനിധ്യമുള്ള കേരള റെയിൽ ഡെവലപ്മെന്റ് കോർപ്പറേഷനു കീഴിലാണ് നടപടികൾ പുരോഗമിക്കുന്നത്.

## മലയോര ഹൈവേ

കാസർകോഡ് നന്ദാരപ്പടവ് മുതൽ തിരുവനന്തപുരം പാറശാല വരെ 13 ജില്ലകളിലായി 1251 കി.മി വരുന്ന മലയോര ഹൈവേ പദ്ധതി കിഫ്ബിയിൽ ഉൾപ്പെടുത്തി നിർമിക്കാനുള്ള നടപടികൾ പുരോഗമിക്കുകയാണ്. 3500 കോടി രൂപ വിനിയോഗിക്കുന്ന പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 110 കിലോ മീറ്റർ മലയോര ഹൈവേ പൂർത്തീകരിച്ചുവരുന്നു. മറ്റു ജില്ലകളിൽ സ്ഥലം ലഭ്യമായ ഒന്നാം ഘട്ട പ്രവർത്തനങ്ങളിൽ 23 റീച്ചുകളുടെ ഡി.പി.ആർ. കിഫ്ബിക്കു നൽകി. ഒന്നാം ഘട്ട നിർമാണ പ്രവർത്തനങ്ങളുടെ ഭാഗമായി 19 റീച്ചുകളിലായി 513.589 കി.മി റോഡുകൾ മലയോര ഹൈവേയായി ഉയർത്താൻ 1669 കോടി രൂപയ്ക്കുള്ള സാമ്പത്തികാനുമതി കിഫ്ബിയിൽനിന്നു ലഭ്യമാക്കി.

## രണ്ടാം കയർ പുനഃസംഘാടനം

കയർ രണ്ടാം പുനഃസംഘാടനം യാഥാർഥ്യമായി. ആധുനീകരണത്തിനും യന്ത്രവത്കരണത്തിനും പരമ്പരാഗത തൊഴിലാളികളുടെ തൊഴിൽ സംരക്ഷണത്തിനും ഊന്നൽ നൽകിയാണ് ഇതു നടപ്പാക്കിയത്. കയർ ഉത്പാദനത്തിലും സംഭരണത്തിലും റെക്കോർഡ് വർധന നേടി. 2015-16-ൽ കയർഫെഡ് വഴി സംഭരണം 7,882 ടൺ ആയിരുന്നത് 2019-20ൽ 20,000 ടൺ ആയി വർധിച്ചു. കയർഫെഡിന്റെ വില്പന 5,973 ടണ്ണിൽനിന്ന് 13 ,800 ടൺ ആയി ഉയർന്നു.

## പ്രധാന റോഡുകൾ, ബൈപ്പാസുകൾ, മേൽപ്പാലങ്ങൾ

സംസ്ഥാന പാതകളും പ്രധാന ജില്ലാപാതകളും ബി.എം. ആൻഡ് ബി.സി.യായി ഉയർത്തിവരുന്നു. ഇത്തരത്തിൽ 4093 കി.മി റോഡ് സംസ്ഥാന ബജറ്റ് വിഹിതം ഉപയോഗിച്ചു നവീകരിച്ചു. 168 റോഡുകൾ കിഫ്ബി ഫണ്ട് ഉപയോഗിച്ചു നവീകരിക്കാൻ 7425 കോടിയുടെ സാമ്പത്തികാംഗീകാരം ലഭിച്ചു. കെ.എസ്.ടി.പി വഴി 226 കി.മീ ദൈർഘ്യത്തിൽ 951.66 കോടി രൂപ ചെലവിൽ ആറു പ്രധാന റോഡുകളുടെ നിർമാണം പൂർത്തീകരിച്ചു.

# ഭക്ഷ്യസുരക്ഷയെയും കർഷകരെയും തകർക്കുന്ന കാർഷിക നിയമങ്ങൾ



എളമരം കരീം

**പ്രതിപക്ഷത്തിന്റെയും കർഷകരുടെയും കടുത്ത എതിർപ്പുകളെ മാനിക്കാതെ പാസാക്കിയ മൂന്ന് കാർഷിക നിയമങ്ങളാണ്. 1. ഫാമിംഗ് പ്രൊഡ്യൂസ് ട്രേഡ് ആന്റ് കോമേഴ്സ് (പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ) ബിൽ. 2. ഫാർമേഴ്സ് (എംപവർമെന്റ് ആന്റ് പ്രൊട്ടക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് ആന്റ് ഫാം സർവീസസ് ബിൽ 3. എസൻഷ്യൽ കമോഡിറ്റീസ് അമന്റ്മെന്റ് ബിൽ. ഈ നിയമങ്ങൾ, രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയെ ദോഷകരമായി ബാധിക്കും. ധാന്യങ്ങൾ, പയർ വർഗങ്ങൾ തുടങ്ങിയവ സർക്കാർ സംഭരിക്കുന്നില്ലെങ്കിൽ പൊതു വിതരണ സമ്പ്രദായം തകരും. ഭക്ഷ്യധാന്യങ്ങൾക്ക് ഇറക്കുമതിയെ ആശ്രയിക്കേണ്ടി വന്നാൽ ഗുരുതരമായ ഭവിഷ്യത്തുണ്ടാവും.**

കഴിഞ്ഞ പാർലമെന്റ് സമ്മേളനത്തിൽ പ്രതിപക്ഷത്തിന്റെയും കർഷകരുടെയും കടുത്ത എതിർപ്പുകളെ മാനിക്കാതെ പാസാക്കിയ മൂന്ന് കാർഷിക നിയമങ്ങൾ ദൂരവ്യാപകമായ പ്രത്യാഘാതങ്ങൾ ഉളവാക്കുന്നതാണ്. കോവിഡിന്റെ മറവിൽ ഓർഡിനൻസുകളായി ഇറക്കിയ നിയമങ്ങളാണ് പാർലമെന്റ് മുമ്പാകെ വന്നത്. മൂന്ന് ബില്ലുകളും വിശദമായ പരിശോധനക്കായി സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രതിപക്ഷ പാർടികളുടെ കൂട്ടായ ആവശ്യം ബിജെപി സർക്കാർ അംഗീകരിച്ചില്ല. ബിജെപി മുന്നണിയിലെ കക്ഷിയായ അകാലിദളിന്റെ എതിർപ്പും ബിജെപി തള്ളി. തുടർന്ന് അകാലിദൾ മന്ത്രി രാജിവെച്ചു. പാർലമെന്റിൽ ബിജെപി സർക്കാരിനെ പലപ്പോഴും പിന്തുണക്കാറുള്ള ബിജെഡി (ഒറീസ), തെലുങ്കാന രാഷ്ട്ര സമിതി എന്നീ പാർടികളും കാർഷിക ബില്ലുകളെ എതിർത്തു. ഈ സാഹചര്യത്തിൽ രാജ്യസഭയിൽ ബില്ലുകൾ പരാജയപ്പെടുമെന്ന് ശങ്കിച്ച ബിജെപി പാർലമെന്റ് നടപടി ചട്ടങ്ങൾ ലംഘിച്ചുകൊണ്ട് ബില്ലുകൾ പാസാക്കാൻ രാജ്യസഭാ ഡെപ്യൂട്ടി ചെയർമാനെ ആയുധമാക്കി. ബില്ല് സെലക്ട് കമ്മിറ്റിക്ക് വിടണമെന്ന പ്രമേയത്തിന്മേലും ബില്ല് പാസാക്കുന്ന ഘട്ടത്തിലും പ്രതിപക്ഷം വോട്ടെടുപ്പ് ആവശ്യപ്പെട്ടത് ഡെപ്യൂട്ടി ചെയർമാൻ അംഗീകരിച്ചില്ല. ഇന്ത്യൻ പാർലമെന്റിൽ ഇന്നേവരെ നടന്നിട്ടില്ലാത്ത ജനാധിപത്യ ധ്വംസനമാണ് നടന്നത്. ഡെപ്യൂട്ടി ചെയർമാന്റെ നടപടിയിൽ പ്രതിഷേധം പ്രകടിപ്പിച്ച എംപിമാരിൽ 8 പേരെ സഭയിൽ നിന്ന് സസ്പെന്റ് ചെയ്തു. സസ്പെന്റ് ചെയ്യപ്പെട്ട എളമരം കരീം, കെ കെ രാഗേഷ് എന്നീ സിപിഐ (എം) എംപിമാർ ഉൾപെടെയുള്ളവർ പാർലമെന്റ് മന്ദിരത്തിന് മുമ്പിൽ ധർണ നടത്തി. കർഷക സമരവും കാർഷിക നിയമങ്ങളും ദേശീയ തലത്തിൽ വലിയ ചർച്ചയായി.

ഭരണഘടനയുടെ ഏഴാം ഷെഡ്യൂളിൽ ഉൾപ്പെട്ട വിഷയങ്ങളിൽ പെട്ട കൃഷി, സംസ്ഥാനങ്ങളുടെ കൂടി അധികാര പരിധിയിൽ വരുന്ന വിഷയമാണ്. ഒരു സംസ്ഥാനവുമായും ചർച്ച ചെയ്യാതെ കാർഷിക മേഖലയെ ബാധിക്കുന്ന നിയമങ്ങൾ പാർലമെന്റിലെ ഭൂരിപക്ഷം ഉപയോഗിച്ച് പാസാക്കിയ നടപടി ഫെഡറൽ തത്വങ്ങൾക്കെതിരാണ്. ചെറുകിട കർഷകരെ കോർപറേറ്റ് താല്പര്യങ്ങൾ




ക്ക് വിധേയരാക്കുന്നതാണ് പുതിയ നിയമങ്ങൾ.

സംഭരണ വില തുടരുമെന്നും കർഷകർക്ക് ഉൽപന്നങ്ങൾ വില്പന നടത്താൻ സ്വാതന്ത്ര്യം ലഭിക്കുമെന്നുമുള്ള പ്രധാനമന്ത്രിയുടെ പ്രസ്താവന വാസ്തവ വിരുദ്ധമാണ്. പുതിയ നിയമങ്ങളിൽ മിനിമം സപ്പോർട്ട് പ്രൈസ് (എംഎസ്പി) സംബന്ധിച്ചോ സംഭരണത്തെക്കുറിച്ചോ യാതൊന്നും പറയുന്നില്ല. സ്വാമിനാഥൻ കമ്മീഷൻ റിപ്പോർട്ടനുസരിച്ചുള്ള ചുരുങ്ങിയ താങ്ങുവില (എംഎസ്പി) യുപിഎ സർക്കാർ നടപ്പാക്കിയില്ല. തങ്ങൾ അധികാരത്തിൽ വന്നാൽ നടപ്പാക്കുമെന്ന വാഗ്ദാനം ബിജെപിയും ഇത്വരെ പാലിച്ചില്ല. പുതിയ നിയമങ്ങൾ പാസായതോടെ ഇപ്പോൾ ലഭിക്കുന്ന സംഭരണ വിലയും ലഭിക്കില്ല എന്നതാണ് സ്ഥിതി. കർഷകരെ കമ്പോള താല്പര്യങ്ങൾക്ക് എറിഞ്ഞ് കൊടുത്തിരിക്കുകയാണ് സർക്കാർ.

ഈ നിയമങ്ങൾ, രാജ്യത്തിന്റെ ഭക്ഷ്യസുരക്ഷയെ ദോഷകരമായി ബാധിക്കും. ധാന്യങ്ങൾ, പയർ വർഗങ്ങൾ തുടങ്ങിയവ സർക്കാർ സംഭരിക്കുന്നില്ലെങ്കിൽ പൊതു വിതരണ സമ്പ്രദായം തകരും. ഭക്ഷ്യ ധാന്യ ഉൽപാദനത്തിൽ സ്വയം പര്യാപ്തത കൈവരിച്ചാലേ ഭക്ഷ്യസുരക്ഷ ഉറപ്പാക്കാനാവൂ. ഭക്ഷ്യധാന്യങ്ങൾക്ക് ഇറക്കുമതിയെ ആശ്രയിക്കേണ്ടി വന്നാൽ ഗുരുതരമായ ഭവിഷ്യത്തുണ്ടാവും. ഇന്ത്യയെ പോലുള്ള ഒരു രാജ്യം ഇറക്കുമതിയിലേക്ക് കടന്നാൽ അന്തർ ദേശീയ കമ്പോളത്തിൽ ഉൽപന്ന വില വർധിക്കും. ഭീമമായ ഇറക്കുമതിക്ക് വേണ്ട വിദേശ നാണയം ഇന്ത്യക്ക് നിലവിലില്ല. കൂടാതെ ഇറക്കുമതിക്കായി സാമ്രാജ്യത്വ രാജ്യങ്ങളെ ആശ്രയിക്കേണ്ടി വരും. നിർണായക സന്ദർഭങ്ങളിൽ ഭക്ഷ്യധാന്യം നൽകാതെ സാമ്രാജ്യത്വ ശക്തികൾക്ക് ഇന്ത്യയെ പ്രതിസന്ധിയിലാക്കാൻ സാധിക്കും. 1950 കളിൽ പിഎൽ 480 അനുസരിച്ച് ഭക്ഷ്യധാന്യങ്ങൾ ഇറക്കുമതി ചെയ്തതിന്റെ ദുരനുഭവങ്ങൾ ഇന്ത്യക്കുണ്ട്. 1965-66, 66-67 വർഷങ്ങളിൽ രാജ്യം നേരിട്ട ഗുരുതരമായ ഭക്ഷ്യക്ഷാമത്തിന്റെ അനുഭവത്തിലാണ് ഭക്ഷ്യധാന്യ ഉൽപാദനം വർധിപ്പിക്കാൻ തീരുമാനിച്ചത്. അതിന്റെ ഭാഗമായിട്ടാണ് താങ്ങ് വില, സംഭരണം എന്നീ നടപടികൾ ആരംഭിച്ചത്. അതെല്ലാം വിസ്മരിച്ചുകൊണ്ടാണ് ഇപ്പോഴത്തെ നടപടി.

ലോകവ്യാപാര സംഘടനയുടെ ദോഹ വട്ട ചർച്ചകളിൽ ഇന്ത്യ ഭക്ഷ്യധാന്യങ്ങൾക്ക് താങ്ങുവില നിശ്ചയിച്ചതും സംഭരിക്കുന്നതും സ്വതന്ത്ര വ്യാപാര തത്വങ്ങൾക്കെതിരാണെന്ന് അമേരിക്ക വാദിച്ചു. ഈ വാദം അന്ന് ഇന്ത്യ അംഗീകരിച്ചില്ല. ഈ കാരണം കൊണ്ട് തന്നെ 'ദോഹ വട്ട' ചർച്ചയിൽ സാമ്രാജ്യത്വം ആഗ്രഹിച്ച ധാരണ ഉണ്ടാക്കാൻ കഴിഞ്ഞില്ല. ഇപ്പോൾ ഇന്ത്യാ ഗവണ്മെന്റ് പഴയ നിലപാട് മാറ്റി, സാമ്രാജ്യത്വ സമ്മർദ്ദങ്ങൾക്ക് വഴങ്ങിയിരിക്കുകയാണ്. "കാർഷിക വിപണി പരിഷ്കാരം", "21ാം നൂറ്റാണ്ടിലെ സാങ്കേതിക വിദ്യ പ്രയോഗം" എന്നീ വാദങ്ങൾ ഉന്നയിച്ചാണ് പുതിയ നയത്തിലേക്കുള്ള മാറ്റം. കൊളോണിയൽ കാലത്ത് ഭക്ഷ്യധാന്യ ഉൽപാദനത്തേക്കാൾ കയറ്റുമതി ചെയ്യാവുന്ന ഉൽപന്നങ്ങൾക്ക് മുൻഗണന നൽകിയത്, രാജ്യത്ത് വലിയ ഭക്ഷ്യക്ഷാ



മത്തിനിടയാക്കിയിരുന്നു എന്ന യാഥാർത്ഥ്യത്തെയാണ് മോഡി സർക്കാർ അവഗണിച്ചത്.

ഈ നയത്തിന്റെ ഗുണഭോക്താക്കൾ റിലയൻസ്, അദാനി തുടങ്ങിയ കുത്തകകളായിരിക്കും. പുതിയതായി അനുവദിക്കുന്ന 'കരാർ കൃഷി'ക്ക് കോർപറേറ്റുകളാണ് നേതൃത്വം നൽകുക. ഉഷ്ണ മേഖലാ രാജ്യങ്ങളിൽ മാത്രം വിളയിക്കാൻ കഴിയുന്ന കാർഷിക ഉൽപന്നങ്ങൾക്ക് യൂറോപ്പിൽ വലിയ ഡിമാന്റാണ്. അത്തരം ഉൽപന്നങ്ങൾ പഴങ്ങൾ, പച്ചക്കറികൾ, പുഷ്പം തുടങ്ങിയ ഉൽപന്നങ്ങൾക്കായിരിക്കും മുൻതൂക്കം. ഇത് ഭക്ഷ്യധാന്യ ഉൽപാദനത്തിൽ വലിയ കുറവ് വരുത്തും. ധാന്യങ്ങൾ കൃഷി ചെയ്യുന്ന കർഷകർക്ക് വിവിധ പദ്ധതികളിലൂടെ സഹായങ്ങൾ നൽകിയാണ് അവരെ ഇത്തരം കൃഷിയിൽ പിടിച്ച് നിർത്തുന്നത്. താങ്ങുവിലയും സംഭരണവും ഇല്ലാതായാൽ നഷ്ടം മാത്രം സഹിച്ച് ധാന്യ കൃഷി നടത്താൻ ആരെ കിട്ടും?

പാർലമെന്റ് പാസാക്കിയത് മൂന്ന് നിയമങ്ങളാണ്. 1. ഫാമിംഗ് പ്രൊഡ്യൂസ് ട്രേഡ് ആന്റ് കോമേഴ്സ് (പ്രമോഷൻ ആന്റ് ഫെസിലിറ്റേഷൻ) ബിൽ. 2. ഫാർമേഴ്സ് (എംപവർമെന്റ് ആന്റ് പ്രൊട്ടക്ഷൻ) എഗ്രിമെന്റ് ഓൺ പ്രൈസ് അഷ്വറൻസ് ആന്റ് ഫാം സർവീസസ് ബിൽ 3. എസൻഷ്യൽ കമോഡിറ്റീസ് അമന്റ്മെന്റ് ബിൽ. ഈ നിയമങ്ങൾ ഇന്ത്യൻ കാർഷിക മേഖല "അഗ്രി ബിസിനസ് കോർപറേഷനു"കളുടെ നിയന്ത്രണത്തിലാക്കും. അഗ്രിക്കൾച്ചറൽ പ്രൊഡ്യൂസ് മാർക്കറ്റ് കമ്മിറ്റി (എംപിഎംസി) നേതൃത്വത്തിൽ പ്രവർത്തിക്കുന്ന 'മണ്ടി' എന്ന പേരിൽ അറിയപ്പെടുന്ന സംഭരണ ശാലകൾ, ഇടനിലക്കാർ നടത്തുന്നതാണെന്നും പുതിയ നിയമപ്രകാരം കർഷകർക്ക് രാജ്യത്തെവിടെയും ഉൽപന്നങ്ങൾ വിൽക്കാമെന്നുമാണ് സർക്കാർ വാദിക്കുന്നത്. എന്നാൽ കർഷകരുടെ 29 ഇനം ഉൽപന്നങ്ങളുടെ ഭൂരിഭാഗവും വില്പന നടത്തുന്നത് 'മണ്ടി'കളിലല്ല എന്ന് കഴിഞ്ഞ വർഷങ്ങളിലെ കണക്കുകൾ ചൂണ്ടിക്കാണിക്കുന്നു. സോയാബീൻ ഒഴികെയുള്ള ഒരുൽപന്നവും 25 ശതമാനത്തിലധികം എപിഎംസികളിൽ വില്പന നടത്താറില്ല. അപ്പോൾ കമ്പോളത്തിൽ യഥേഷ്ടം വില്പനക്കുള്ള സ്വാതന്ത്ര്യം എന്ന വാദം ജനങ്ങളെ കബളിപ്പിക്കലാണ്.

എസൻഷ്യൽ കമോഡിറ്റീസ് ആക്ട് ഭേദഗതി, ഗുരുതരമായ ഭവിഷ്യത്തുണ്ടാക്കും. ധാന്യങ്ങൾ, പയർ വർഗങ്ങൾ, എണ്ണക്കുരുക്കൾ, ഉള്ളി, തക്കാളി തുടങ്ങിയ ഉൽപന്നങ്ങൾ അവശ്യ വസ്തു ലിസ്റ്റിൽ നിന്ന് ഒഴിവാക്കപ്പെടും. സ്വകാര്യ കച്ചവടക്കാർക്ക് ഈ ഉൽപന്നങ്ങൾ വൻതോതിൽ വാങ്ങി സംഭരിച്ച് വെക്കാനും കമ്പോളവില ഉയർത്താനും അവസരം നൽകും. കുത്തക ബിസിനസുകാർ ജനങ്ങളെ കൊള്ളയടിക്കും. കാർഷിക സംസ്കരണ വ്യവസായികൾക്ക് കാർഷിക രംഗത്ത് പിടി മുറുക്കാൻ അവസരം ലഭിക്കും. അദാനി വിൽമർ, പെപ്സികോ, വാൾമാർട്, റിലയൻസ് ഫ്രഷ്, ഐടിസി തുടങ്ങിയ കുത്തക കമ്പനികളോട് മത്സരിച്ച് ന്യായവില നേടിയെടുക്കാൻ രാജ്യത്തെ പാവപ്പെട്ട കർഷകർ അശക്തരാണെന്ന് ആർക്കാണറിയാത്തത്? ചുരുക്കത്തിൽ രാജ്യതാല്പര്യം കുത്തകകൾക്ക് അടിയറവെച്ചിരിക്കുകയാണ് ബിജെപി സർക്കാർ.

കോവിഡിന്റെ മറവിൽ തന്ത്ര പ്രധാന മേഖലകളെല്ലാം വൈദ്യുതി എണ്ണ കൽക്കരി റെയിൽവെ തുറമുഖങ്ങൾ വിമാനത്താവളങ്ങൾ തുടങ്ങിയവയെല്ലാം കുത്തകകൾക്ക് തീറെഴുതുകയാണ് മോഡി സർക്കാർ. വിനാശകരമായ ഈ നയങ്ങളെ തോല്പിക്കാൻ കർഷകരുടെയും തൊഴിലാളികളുടെയും യോജിച്ച സമരം ഉയർന്ന് വരണം.●

## മൂലധനത്തെ അടിസ്ഥാനമാക്കിയ രാഷ്ട്രീയത്തിനു പകരം

# മനുഷ്യകേന്ദ്രീകൃതമായ രാഷ്ട്രീയമാണ് വേണ്ടത് : ഫ്രാൻസിസ് മാർപാപ്പ



ഫ്രാൻസിസ് മാർപാപ്പ കഴിഞ്ഞ ദിവസം പുറത്തിറക്കിയ ഫ്രത്തേത്തി തൂത്തി (ഏവരും സോദരർ) എന്ന ചാക്രിക ലേഖനത്തിലെ പ്രസക്ത ഭാഗങ്ങൾ കൂടുതൽ നീതിയുക്തവും സാഹോദര്യവുമുള്ള ലോകത്തിലേക്കുള്ള പ്രയാണത്തിന് വഴികാട്ടുകയാണ് മാർപാപ്പ.

ഏല്ലാവരും സഹോദരീ സഹോദരങ്ങളും ഒരേ വള്ളത്തിൽ സഞ്ചരിക്കുന്നവരുമാണ്. ആഗോളവൽക്കരിക്കപ്പെട്ടതും പരസ്പര ബന്ധിതവുമായ ലോകത്ത് ഒരുമിച്ചു മാത്രമേ രക്ഷപ്പെടാൻ കഴിയൂ. സാഹോദര്യം വാക്കുകളിലല്ല പ്രവൃത്തിയിൽ വേണം. കമ്പോള മുതലാളിത്തത്തിന്റെ 'ഇന്ദ്രജാല സിദ്ധാന്തങ്ങൾ' പരാജയപ്പെട്ടു. സംവാദവും ഐക്യദാർഢ്യവും മുന്നോട്ടു വയ്ക്കുന്നതും യുദ്ധത്തെ എന്ത് വിലകൊടുത്തും തള്ളിക്കളയുന്നതുമായ രാഷ്ട്രീയമാണ് ലോകത്തിന് ആവശ്യം. ന്യായമായ പ്രതിരോധത്തിന്റെ പേര് പറഞ്ഞു പോലും യുദ്ധത്തെ ന്യായീകരിക്കാനാകില്ല. നൂറ്റാണ്ടുകളായി നടത്തപ്പെട്ട യുദ്ധങ്ങൾ പ്രയോജനരഹിതമാണെന്നു തെളിഞ്ഞു. 'നീതിക്കുവേണ്ടിയുള്ള യുദ്ധ'ത്തിന്റെ സാധ്യതകളെപ്പറ്റി സംസാരിക്കാൻ മൂന്നൂറ്റാണ്ടുകളിൽ പ്രയോഗിച്ച യുക്തി ഇനി അവതരിപ്പിക്കുക വിഷമകരമാണ്.

കോവിഡ് മഹാമാരി മൂലം വിഷമിക്കുന്നവരുടെ ആവശ്യങ്ങൾ പരിഹരിക്കാൻ നിലവിലുള്ള രാഷ്ട്രീയ സാമ്പത്തിക സ്ഥാപനങ്ങൾ പരിഷ്കരിക്കണം. വിവിധ രാജ്യങ്ങൾ കോവിഡ് പ്രതിസന്ധിയോട് വ്യത്യസ്ത രീതിയിലാണ് പ്രതികരിച്ചത്. കൂട്ടായി പ്രവർത്തിക്കാനുള്ള അവരുടെ ശേഷിയില്ലായ്മയും ഇതിൽ വ്യക്തമായി. കോവിഡ് പ്രതിസന്ധിയിൽ ദശലക്ഷക്കണക്കിനു മനുഷ്യരുടെ തൊഴിൽ നഷ്ടപ്പെട്ടത് ജനകീയ പ്രസ്ഥാനങ്ങൾക്കും പ്രാന്തവൽക്കരിക്കപ്പെട്ട വിഭാഗങ്ങൾക്കും തൊഴിലാളി യൂണിയനുകൾക്കും രാഷ്ട്രീയക്കാർ ചെവി കൊടുക്കേണ്ടതിന്റെയും നീതിയുള്ള സാമൂഹ്യ സാമ്പത്തിക

**മഹാമാരിയിൽ മുട്ടത്തോടുപോലെ പൊട്ടിയ ലോക ഭരണ സംവിധാനങ്ങൾ എല്ലാ പ്രശ്നങ്ങളും സ്വതന്ത്രവിപണി കൊണ്ട് പരിഹരിക്കാൻ കഴിയില്ലെന്ന് തെളിയിച്ചു. മൂലധനത്തെ അടിസ്ഥാനമാക്കുന്ന രാഷ്ട്രീയത്തിനു പകരം മനുഷ്യത്വ കേന്ദ്രീകൃതമായ രാഷ്ട്രീയമാണ് നമുക്ക് വേണ്ടത്.**

നയങ്ങൽ സൃഷ്ടിക്കേണ്ടതിന്റെയും ആവശ്യകത തെളിയിച്ചു. മഹാമാരിയിൽ മുട്ടത്തോടുപോലെ പൊട്ടിയ ലോക ഭരണ സംവിധാനങ്ങൾ എല്ലാ പ്രശ്നങ്ങളും സ്വതന്ത്രവിപണി കൊണ്ട് പരിഹരിക്കാൻ കഴിയില്ലെന്ന് തെളിയിച്ചു. മൂലധനത്തെ അടിസ്ഥാനമാക്കുന്ന രാഷ്ട്രീയത്തിനു പകരം മനുഷ്യത്വ കേന്ദ്രീകൃതമായ രാഷ്ട്രീയമാണ് നമുക്ക് വേണ്ടത്.

### ഭൂമിയിലെ വിഭവങ്ങൾ പങ്കിടണം

സ്വത്തിന് വ്യക്തികൾക്ക് പൂർണ സ്വാതന്ത്ര്യം വേണമെന്ന സങ്കൽപം ശരിയല്ല. 'സാമൂഹ്യ ആവശ്യകത'കൾക്കും സമൂഹ നന്മകൾക്കും ഊന്നൽ നൽകി ഭൂമിയിലെ വിഭവങ്ങൾ പങ്കിടണം. 'തലതിരിഞ്ഞ' ആഗോള സാമ്പത്തിക ക്രമംx പാവപ്പെട്ടവരെ പ്രാന്തവൽക്കരിക്കുകയും ചെറുന്യൂനപക്ഷത്തെ സമ്പന്നരാക്കുകയും ചെയ്യുന്നു. "നവലിബറൽ വിശ്വാസത്തിന്റെ വരട്ടു തത്വവാദം ഉൾക്കൊള്ളാനാണ് നമ്മളോട് ചിലർ പറഞ്ഞത്." എന്നാൽ, കൊറോണ വൈറസ് ഇക്കാലഘട്ടത്തിലെ ലോകത്തെ അസമത്വങ്ങളും പുറത്തുകൊണ്ടുവന്നു.

### തൊഴിൽ സൃഷ്ടിക്കണം

കടം തിരിച്ചടവ് പലപ്പോഴും വികസനത്തെ സഹായിക്കുന്നില്ലെന്നു മാത്രമല്ല പരിമിതപ്പെടുത്തുകയും ചെയ്യുന്നു. ഇതിനു പരിഹാരമായി ചെറുതും ദരിദ്രവുമായ രാജ്യങ്ങൾ തമ്മിൽ പരസ്പരം കരാറുകളുണ്ടാക്കുകയും അവർ കൂട്ടായി വിലപേശുകയും ചർച്ച നടത്തുകയും വേണം. നല്ല സാമ്പത്തിക നയം തൊഴിൽ ഇല്ലാതാക്കുകയല്ല സൃഷ്ടിക്കുകയാണ് ചെയ്യുന്നത്.

മുറിവേറ്റ ലോകത്തെ മികച്ചതാക്കാൻ ബൈബിളിലെ നല്ല ശമര്യാക്കാരന്റെ ഉപമയിലെ സന്ദേശം പോലെ ജീവകാരുണ്യം, ദയം, അപരിചിതരോടുള്ള കനിവ് എന്നിവ അനിവാര്യമാണ്. വീണുപോയവരും വേദന അനുഭവിക്കുന്നവരുമായ മനുഷ്യരെ ഉൾക്കൊള്ളാനും കൈപിടിച്ചുയർത്താനും കഴിയുന്ന ഒരു ലോകം പടുത്തുയർത്താൻ നാം ഓരോരുത്തരും ഒരുപോലെ ഉത്തരവാദിത്തമുള്ളവരാണ്. 'സ്നേഹം പാലം നിർമിക്കും. നമ്മൾ സ്നേഹിക്കാനായി സൃഷ്ടിക്കപ്പെട്ടവരാണ്.' തിരസ്കൃതനായ ഓരോ മനുഷ്യനിലും യേശുവിനെ കാണണം. അവകാശങ്ങൾക്ക് അതിരുകളില്ല. എവിടെയാണ് ജനിച്ചത് എന്നതു നോക്കി ആരെയും തിരസ്കരിക്കാൻ പാടില്ല. "അന്തർദേശീയ ബന്ധങ്ങളുടെ ഒരു സാന്മാർഗികത' ഉണ്ടാകണം. കാരണം എല്ലാ രാജ്യവും വിദേശികൾക്കും കൂടി അവകാശപ്പെട്ടതാണ്. അവിടത്തെ വിഭവങ്ങൾ വിദേശത്തു നിന്ന് വന്നവരാണെങ്കിൽ പോലും അവർക്ക് ആവശ്യമുണ്ടെങ്കിൽ നൽകണം. സാമ്പത്തിക അസമത്വം, സെക്സിസം, വംശീയത എന്നിവ 'പെട്ടെന്ന് ജനിതക മാറ്റം വരുന്ന വൈറസുകളായി' സാമൂഹ്യ പുരോഗതിയെ തുരങ്കം വയ്ക്കുകയാണ്. പല രാജ്യങ്ങളിലും അതിശയോക്തി, തീവ്രവാദം, ധ്രുവീകരണം തുടങ്ങിയവയൊക്കെ രാഷ്ട്രീയ ഉപകരണങ്ങളായി മാറി. ചില 'ജനപ്രിയ' രാഷ്ട്രീയ സംവിധാനങ്ങളും ലിബറൽ സാമ്പത്തിക സമീപനങ്ങളും സാഹോദര്യത്തിന് തടസമായി നിൽക്കുന്നു. അഭയാർത്ഥികളുടെ വരവ് ഏതു വിലകൊടുത്തും തടയണമെന്ന് അവർ തീരുമാനിക്കുന്നു. 'അനാരോഗ്യകരമായ ജനപ്രിയത' ജനങ്ങളുടെ സംസ്കാരത്തെ രാഷ്ട്രീയമായി ചൂഷണം ചെയ്യുന്നു. അത് അവരുടെ വ്യക്തിപരമായ നേട്ടത്തിനും അധികാരത്തിൽ കടിച്ചുതൂങ്ങാനും ഉപയോഗിക്കുന്നു. എന്റെ രാജ്യത്ത് ജനിച്ചവരായാലും സമൂഹം തിരസ്കരിച്ചതിന്റെ ഭാഗമായി ദാരിദ്ര്യത്തിൽ കഴിയേണ്ടി വരുന്ന സഹോദരനോ സഹോദരിയോ ഉണ്ടെങ്കിൽ അവരും അഭയാർത്ഥികളാണ്. അവർ എല്ലാ അവകാശങ്ങളോടും കൂടി പൗരത്വമുള്ളവരാണെങ്കിലും സ്വന്തം രാജ്യത്ത് അവരെ വിദേശത്തുള്ള ആളെപോലെയാണ് പരിഗണിക്കുന്നത്.

### ലോകത്തിനായി തുറന്നുവച്ച ഹൃദയം

യുദ്ധം, മതപീഡനം, പ്രകൃതി ദുരന്തം എന്നിവ മൂലമൊക്കെ അഭയാർത്ഥികളാകുന്നവരെ സ്വാഗതം ചെയ്യുകയും പിന്തുണക്കുകയും സംരക്ഷിക്കുകയും വേണം. അതേസമയം, ജനിച്ച രാജ്യത്ത് അന്തസോടെ ജീവിക്കാനുള്ള സാഹചര്യം സൃഷ്ടിച്ച് അനാവശ്യമായ അഭയാർത്ഥി പ്രവാഹം ഒഴിവാക്കാൻ രാജ്യങ്ങൾ ശ്രമിക്കണം.

മാർട്ടിൻ ലൂഥർ കിങ്, മഹാത്മാഗാന്ധി, ബിഷപ് ടെസ്മണ്ട് ടുട്ടു, വാഴ്ത്തപ്പെട്ട ചാൾസ് എന്നിവർ ഏറ്റവും ചെറിയവരുമായി താദാത്മ്യപ്പെട്ട് 'വിശ്വ സഹോദരരായി' മാറി എല്ലാവർക്കും മാതൃകയായി. ഈ പ്രസ്താവത്തോടെയാണ് ചാക്രിക ലേഖനം അവസാനിപ്പിക്കുന്നത്. ശനിയാഴ്ച അസീസിയിലെ വിശുദ്ധ ഫ്രാൻസിസിന്റെ കബറിടത്തിൽ ദിവ്യബലി അർപ്പിച്ച ശേഷമാണ് മാർപാപ്പ ചാക്രിക ലേഖനം പ്രസിദ്ധപ്പെടുത്തിയത്. ●

# ലോകത്തെ 40% സസ്യങ്ങളും വംശനാശത്തിന്റെ വക്കിൽ



മനുഷ്യന്റെ പ്രകൃതിയിലേക്കുള്ള കടന്നുകയറ്റം മൂലം ഭൂമിയിലെ അഞ്ചിൽ രണ്ടും സസ്യവർഗങ്ങളും വംശനാശത്തിന്റെ വക്കിലാണെന്ന് റോയൽ ബൊട്ടാണിക്കൽ ഗാർഡൻ യുകെയുടെ ഒരു റിപ്പോർട്ടിൽ പറഞ്ഞു.

ലോകത്തെ സസ്യങ്ങളുടെയും ഫംഗൈകളുടെയും അവസ്ഥ ( (State of Worlds Plants and Fungi)) എന്ന റോയൽ ബൊട്ടാണിക്കൽ ഗാർഡന്റെ റിപ്പോർട്ടിലാണ് ഈ വേദനാജനകമായ വിവരമുള്ളത്. മനുഷ്യ സമൂഹത്തിന്റെ നിലനിൽപിനും ഭക്ഷണമുൾപ്പെടെയുള്ള എല്ലാ ആവശ്യങ്ങൾക്കും സസ്യലതാദികളെ ആശ്രയിച്ചേ മതിയാകൂ. കാലാവസ്ഥ വ്യതിയാനം നിയന്ത്രിക്കാനും വെള്ളപ്പൊക്കം തടയാനും ശുദ്ധജലം ലഭിക്കാനും ശുദ്ധവായു ലഭിക്കാനും എല്ലാം സസ്യലതാദികളും ഫംഗൈകളും മാത്രമാണാശ്രയം. ഈ മേഖലയിൽ പ്രവർത്തിക്കുന്ന 210 സുപ്രസിദ്ധരായ ശാസ്ത്രജ്ഞർ 42 രാജ്യങ്ങളിൽ നടത്തിയ പഠനത്തിൽ നിന്നാണ് ഈ നിഗമനങ്ങളിൽ എത്തിയത്. നാം അധിവസിക്കുന്ന ഭൂഗോളത്തെയും അതിലെ സസ്യലതാദികളെയും അതിൽ അധിവസിക്കുന്ന മറ്റുജീവജാലങ്ങളെയും നിലനിൽപിന്റെ പാതയിലേക്കു നയിക്കണമെങ്കിൽ എല്ലാവരും യോജിച്ചു പ്രവർത്തിക്കണമെന്ന് റോയൽ ബൊട്ടാണിക്കൽ ഗാർഡൻസിലെ പ്രൊഫസർ അലക്സാണ്ടർ ആന്റൊനെല്ലി പറഞ്ഞു. നമ്മുടെ ഫ്രിഡ്ജു തുറന്നു നോക്കു മരുന്തിരിക്കുന്ന പെട്ടിയിലേക്കു നോക്കു, നാം താമസിക്കുന്ന വീട്ടിലെ ഓരോ വസ്തുവും നോക്കു, നാം ധരിക്കുന്ന വസ്ത്രങ്ങൾ നോക്കു, വിശപ്പടക്കുന്ന ഭക്ഷണം നോക്കു എല്ലാം നാം നിർമിച്ചതോ ശേഖരിച്ചതോ പ്രകൃതിയിൽ നിന്നാണെന്ന് കാണണമെന്ന് പ്രൊഫസർ അലക്സാണ്ടർ ആന്റൊനെല്ലി റിപ്പോർട്ടിന്റെ ആമുഖത്തിൽ പറഞ്ഞു. ഈ റിപ്പോർട്ട് പ്രസിദ്ധീകരിക്കുന്നത് അന്തർദേശീയ സമൂഹം ജൈവ വൈവിധ്യം സംരക്ഷിക്കാൻ പത്തുവർഷം മുൻപ് യുഎൻ ആവശ്യപ്പെട്ടു പാസാക്കിയ പ്രമേയം പൂർണമായി പരാജയപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണെന്നും നാം കാണണം.

### 1970 തിനു ശേഷം വന്യ ജീവികളുടെ എണ്ണത്തിൽ 68% ഇടിവുണ്ടായി

അമ്പതു വർഷം മുമ്പുണ്ടായിരുന്നതിൽ നിന്ന് വന്യ ജീവികളുടെ എണ്ണത്തിൽ മൂന്നിൽ രണ്ട് കുറവുണ്ടായെന്ന് വേൾഡ് വൈൽഡ് ലൈഫിന്റെ "ലിവിങ് പ്ലാനറ്റ് റിപ്പോർട്ട്" കണ്ടെത്തി (Living planet report 2020) മറ്റൊരു തരത്തിൽ പറഞ്ഞാൽ 1970 തിൽ നിന്ന് 2020 എത്തിയപ്പോൾ ഭൂമിയിലെ 1/3 വന്യജീവികൾ മാത്രമാണ് ഇപ്പോൾ ബാക്കിയുള്ളത്. അതേസമയം മനുഷ്യരുടെ എണ്ണം 1970 ൽ 370.04 കോടിയായിരുന്നു. അത് 2020 എത്തിയപ്പോൾ 779.48 കോടിയായി ഉയർന്നു. മനുഷ്യ ജീവികളുടെ എണ്ണം ഇരട്ടിയിലധികമായി. ഈ അവസ്ഥയിൽ സസ്യങ്ങളും വന്യജീവികളും നശിക്കുന്നത് വലിയ പ്രത്യാഘാതങ്ങൾക്കു കാരണമാകും. കോവിഡ് പോലെയുള്ള മഹാമാരികൾ, സുനോട്ടിക് (Zoonotic) രോഗങ്ങൾ (മൃഗങ്ങളിൽ നിന്നും മനുഷ്യരിലേക്കു പകരുന്ന രോഗങ്ങൾ) വർധിക്കാനും കാരണം ഈ അസന്തുലിതാവസ്ഥയാണ്. ഈ ഭൂഗോളം എല്ലാ ജീവജാലങ്ങൾക്കും വരും തലമുറക്കും അവകാശപ്പെട്ടതാണ്.

# ഹാഥ്‌രസ് : രാജ്യത്തിന്റെ വേദന




ലോകത്തിനു മുന്നിൽ രാജ്യത്തെ നാണം കെടുത്തിയ സംഭവമാണ് ഉത്തർ പ്രദേശിലെ ഹാഥ്‌രസിൽ പത്തൊമ്പതുകാരിക്ക് നേരിട്ട ദുരന്തം. പെൺകുട്ടിയുടെ കുടുംബം ഇന്ന് കടുത്ത ഭീതിയിലാണ്. അവർക്ക് നീതി ലഭിക്കുമെന്ന് ഉറപ്പില്ല. അധികാര കേന്ദ്രങ്ങളിൽ നിന്ന് ഭീഷണിയും സമ്മർദ്ദവും തുടരുന്നു.

### യുഎൻ അപലപിച്ചു

ഹാഥ്‌രസ്, ബൽറാംപുർ ബലാത്സംഗ കൊലപാതകങ്ങൾ രാജ്യത്തെ അധഃകൃത സ്ത്രീകൾ നേരിടുന്ന ദുരവസ്ഥയുടെ ഓർമപ്പെടുത്തലാണെന്ന് ഡൽഹിയിലെ യുഎൻ ഇൻഫർമേഷൻ സെന്റർ. 'എത്രയൊക്കെ പുരോഗതിയുണ്ടായാലും രാജ്യത്ത് അധഃസ്ഥിത വിഭാഗങ്ങളിൽ നിന്നുള്ള സ്ത്രീകളും പെൺകുട്ടികളും വലിയ തോതിൽ ലിംഗപരമായ അതിക്രമങ്ങൾക്ക് ഇരയാകുന്നു.

മനുഷ്യത്വരഹിതമായ കൃത്യത്തെ യുഎൻ ശക്തമായി അപലപിക്കുന്നു. കുറ്റക്കാർക്ക് തക്കശിക്ഷ ഉറപ്പാക്കണം. ഇരകളുടെ കുടുംബാംഗങ്ങൾക്ക് വേഗത്തിൽ നീതി ലഭിക്കണം. മാനസികവും സാമൂഹ്യവുമായ പിന്തുണ നൽകി അവരെ പുനരധിവസിപ്പിക്കണമെന്നും ഇൻഫർമേഷൻ സെന്റർ പറഞ്ഞു. ഡൽഹി സെന്ററിന്റെ പ്രസ്താവനയെ 'യുഎൻ വിമൻ' ഇൻ ചാർജ് നിഷ്ത സത്യയും പിന്തുണച്ചു.

### നിങ്ങളുടെ കുടുംബത്തിൽ ഇത് നടക്കുമോ : അലഹബാദ് ഹൈക്കോടതി

ഹാഥ്‌രസിൽ ദളിത് പെൺകുട്ടിയെ കൂട്ട ബലാത്സംഗം ചെയ്ത് കൊന്ന കേസിൽ ഉത്തർപ്രദേശ് സർക്കാരിന്റെയും പോലീസിന്റെയും മനുഷ്യത്വ ഹീന നടപടിയിൽ രോഷം പ്രകടിപ്പിച്ച് അലഹബാദ് ഹൈക്കോടതി ലഖ്നൗ ബഞ്ച്. "എന്തിനാണ് ഇങ്ങനെ ചെയ്തത്? നിങ്ങളുടെ കുടുംബമാണെങ്കിൽ ഇതൊക്കെ നടക്കുമോ? പെൺകുട്ടിയുടെ മൃതദേഹം അർധരാത്രി കത്തിച്ചു കളഞ്ഞതിനെ ന്യായീകരിക്കാൻ ശ്രമിച്ച സർക്കാർ അഭിഭാഷകനോട് കോടതി ചോദിച്ചു.

മൃതദേഹം അധികൃതർ അർധരാത്രി ദഹിപ്പിച്ചത് തങ്ങളുടെ അനുമതി ഇല്ലാതെയാണെന്ന് പെൺകുട്ടിയുടെ കുടുംബം രണ്ടംഗ ബെഞ്ചിന് മൊഴി നൽകി. അന്ത്യോപചാരം അർപ്പിക്കാൻ പോലും അനുവദിച്ചില്ലെന്നും അവർ അറിയിച്ചു. സംസ്കാരത്തിന് പകൽ വരെ കാത്തിരുന്നാൽ ക്രമസമാധാന പ്രശ്നമുണ്ടാകുമെന്ന കലക്ടറുടെ നിലപാട് കുടുംബം തള്ളി. സ്ഥലത്ത് വൻ പോലീസ് സന്നാഹം ഉണ്ടായിരുന്നെന്നും ക്രമസമാധാന ലംഘനത്തിന് സാധ്യത ഇല്ലായിരുന്നെന്നും പെൺകുട്ടിയുടെ കുടുംബത്തിനുവേണ്ടി അഭിഭാഷക സീമ കുശ്‌വാഹ ഹൈക്കോടതിയെ അറിയിച്ചു.

### കുടുംബത്തിന് നീതി ഉറപ്പാക്കണം : യെച്ചൂരി

അങ്ങേയറ്റം ഭീതിയിലും പരിഭ്രമത്തിലുമാണ് കുടുംബം. മനുഷ്യത്വത്തിന്റെ കണികയില്ലാത്ത മഹാ അപരാധമാണ് നടന്നത്. കുറ്റവാളികളെ നിയമപരമായി ശിക്ഷിക്കണം. പെൺകുട്ടിയുടെ കുടുംബത്തിന് നീതി ഉറപ്പാക്കണം.

നിഷ്പക്ഷമായ ജുഡിഷ്യൽ അന്വേഷണം നടക്കണം. സ്വതന്ത്രവും നിഷ്പക്ഷവുമായ അന്വേഷണം സാധ്യമാകണം. സിബിഐ അന്വേഷണത്തിൽ പെൺകുട്ടിയുടെ കുടുംബം തൃപ്തരല്ല. ●



# ബാബ്റി മസ്ജിദ് തകർത്തവർ കുറ്റക്കാരല്ല ?

മതനിരപേക്ഷ ഇന്ത്യയുടെ അടിത്തറ പൊളിച്ച ഒരു ക്രിമിനൽ കുറ്റത്തിലെ പ്രതികൾ ഒടുവിൽ വിട്ടയക്കപ്പെടുന്നു. 28 വർഷം മുമ്പ് രാജ്യത്തെ നടുക്കിക്കൊണ്ട് ബാബ്റി മസ്ജിദിന്റെ മിനാരങ്ങൾ തകർത്തെറിഞ്ഞവർ കുറ്റവിമുക്തരാകുന്നു. പള്ളി തകർത്ത ഗൂഢാലോചനയിൽ കുറ്റം ചുമത്തപ്പെട്ട മുതിർന്ന ബിജെപി നേതാക്കളായ എൽ കെ അദ്വാനി, മുരളീമനോഹർ ജോഷി, ഉമാഭാരതി, കല്യാൺസിങ് തുടങ്ങിയവരടക്കം 32 പേരെയാണ് ലഖ്നൗവിലെ സിബിഐ പ്രത്യേക കോടതി വെറുതെ വിട്ടത്. കുറ്റം തെളിയിക്കാൻ ആവശ്യമായ തെളിവുകൾ കോടതിക്കു മുമ്പിൽ എത്തിയില്ല എന്നാണ് വിധിയിൽ പറയുന്നത്.

കെട്ടിടം പൊളിക്കാൻ പറ്റിയ ആയുധങ്ങളും പള്ളി പൊളിക്കുമെന്ന മുദ്രാവാക്യവുമായി അക്രമാസക്തരായ ജനക്കൂട്ടത്തെ മുന്നിൽ നിന്ന് നയിച്ച നേതാക്കൾ ഈ വിധിയോടെ നിയമപ്രക്രിയക്ക് പുറത്തായി. മിനാരങ്ങൾ തകർന്നു വീണതിൽ ഇവർ പരസ്യമായി ആഹ്ലാദം പ്രകടിപ്പിക്കുന്ന ചിത്രങ്ങൾ പള്ളി പൊളിച്ചതിന്റെ പിറ്റേന്ന് മാധ്യമങ്ങളിൽ വന്നിരുന്നു. എന്നാൽ, ആ നേതാക്കൾ ജനക്കൂട്ടത്തെ പിന്തിരിപ്പിക്കാൻ ശ്രമിക്കുകയായിരുന്നുവെന്ന വിചിത്രമായ കണ്ടെത്തലാണ് ഇപ്പോൾ കോടതി നടത്തിയിരിക്കുന്നത്. എന്നു മാത്രമല്ല, പള്ളി പൊളിച്ചവർ ഏതോ സാമൂഹ്യവിരുദ്ധർ ആണെന്നും വിധിയിൽ വിവരിക്കുന്നു. അങ്ങനെ സ്വതന്ത്രഭാരതത്തിലെ ഏറ്റവും ഹീനമായ കുറ്റകൃത്യങ്ങളിലൊന്നിൽ ഉൾപ്പെട്ടവരെയെല്ലാം കോടതി വെള്ളപൂശുന്നു.

പള്ളി തകർത്തതിനു പിന്നിൽ ഒരു ഗൂഢാലോചനയും ഇല്ലെന്ന് പത്തുകൊല്ലം മുമ്പ് അലഹബാദ് ഹൈക്കോടതി ഒരിക്കൽ വിധിച്ചിരുന്നു. ആ വിധിക്കെതിരെ ഏറെ വിമർശവും ഉയർന്നു. പിന്നീട് 2017 ൽ ഒരു പരാതി പരിഗണിച്ച സുപ്രീം കോടതിയാണ് അദ്വാനിയിലും മറ്റും ഗൂഢാലോചനകുറ്റം ചുമത്തി വിചാരണ തുടരാൻ വിധിച്ചത്. ഈ കേസിലാണ് തീർത്തും നിരാശാജനകമായ ഇപ്പോഴത്തെ വിധി വന്നിരിക്കുന്നത്. കഴിഞ്ഞ വർഷം നവംബർ എട്ടിന്റെ അയോധ്യ വിധിന്യായത്തിൽ പള്ളി പൊളിച്ചതിനെ കടുത്ത നിയമലംഘനമെന്നാണ് സുപ്രീം കോടതി വിശേഷിപ്പിച്ചത്. ലഖ്നൗ കോടതിയിൽ ആ കുറ്റകൃത്യം തന്നെ ഇല്ലാതാകുംവിധം കേസിലെ പ്രധാന കുറ്റവാളികൾ മുഴുവൻ കുറ്റക്കാരല്ലെന്ന് കണ്ടെത്തുന്നു.

സിബിഐക്കായിരുന്നു അന്വേഷണചുമതല. കേസിന്റെ എല്ലാ ഘട്ടത്തിലും സിബിഐ വീഴ്ച വരുത്തിയതായി വിമർശം ഉയർന്നിരുന്നു. വീഡിയോ, ഓഡിയോ തെളിവുകൾ അടക്കമുണ്ടായിരുന്ന കേസിൽ തെളിവുകളുടെ ആധികാരികത കോടതിയെ ബോധ്യപ്പെടുത്താൻ സിബിഐ ശ്രമിച്ചില്ല എന്ന ആക്ഷേപമുണ്ട്. ആ തെളിവുകൾ വിശ്വസനീയമല്ല എന്ന ആക്ഷേപമുണ്ട്. ആ തെളിവുകൾ വിശ്വസനീയമല്ലെന്ന വിധിയിലെ നിഗമനത്തിന് കാരണം ആ അലംഭാവമാകാം. ഭരണകക്ഷിയുടെ രാഷ്ട്രീയ താല്പര്യം സംരക്ഷിക്കാൻ എത്ര വേണമെങ്കിലും തരം താഴാൻ മടിയില്ലാത്ത സിബിഐയിൽ നിന്ന് എന്തും പ്രതീക്ഷിക്കാം. എന്നാൽ അന്വേഷണ ഏജൻസികളുടെ വീഴ്ചകൾ പോലും മറികടന്ന് നീതി നടപ്പാക്കാൻ കോടതികൾ സ്വയം കരുത്തു കാട്ടിയ സന്ദർഭങ്ങൾ രാജ്യത്ത് മുമ്പുണ്ടായിട്ടുണ്ട്. ഇവിടെ അതും ഉണ്ടായില്ല. ബാബ്റി മസ്ജിദ് തകർക്കൽ ഒരു ചതിയായിരുന്നു. കോടതിയിൽ പള്ളി സംരക്ഷിക്കും എന്ന് ഉറപ്പു നൽകിയ അന്നത്തെ ഉത്തർപ്രദേശ് സർക്കാരും അവർക്ക് ഒത്താശ ചെയ്ത കേന്ദ്രത്തിലെ കോൺഗ്രസ് സർക്കാരും ഒന്നിച്ചു നിന്ന് ചെയ്ത ചതി. ഇപ്പോൾ ഈ വിധിയോടെ ഭരണഘടനയിൽ മതനിരപേക്ഷത എഴുതിച്ചേർത്തിട്ടുള്ള നമ്മുടെ രാജ്യം ഒരിക്കൽ കുടി വഞ്ചിക്കപ്പെടുന്നു. ●

# കോവിഡ് കാലത്ത് എന്ത് ചെയ്യരുത് എന്നതിന്റെ മാതൃകയാണ് ഇന്ത്യ

കോവിഡ് കാലത്ത് എന്ത് ചെയ്യരുത് എന്നതിന്റെ പോസ്റ്റർ ചൈൽഡ് (Poster Child മാതൃക കുട്ടി എന്നാണ് ഏകദേശ മലയാളം) ആണ് ഇന്ത്യ എന്ന് ജോസഫ് സ്റ്റിഗ്ലിറ്റ്സ് ഫിക്കി (FICCI : Federation of Indian Chambers of Commerce & Industry)ഒക്ടോബർ 5ന് നടത്തിയ ഒരു ഓൺലൈൻ ചർച്ചയിൽ പറഞ്ഞു.

മഹാമാരിയെ ഇന്ത്യ ശരിയായ രീതിയിലല്ല കൈകാര്യം ചെയ്തത്.നല്ല ആലോചനയില്ലാതെ പെട്ടെന്ന് നടപ്പാക്കിയ ലോക്ക്ഡൗൺ വിപരീത ഫലമാണ് സൃഷ്ടിച്ചത്.ലോക്ക്ഡൗൺ പ്രഖ്യാപിച്ചതോടെ ജനങ്ങൾ, പ്രത്യേകിച്ച് തൊഴിലാളികൾ അവരുടെ ജോലി സ്ഥലങ്ങളിൽ നിന്നും, വാസ സ്ഥലങ്ങളിൽ നിന്നും സ്വന്തം നാടുകളിലേക്ക് കുടിയേറാൻ നിർബന്ധിതരായി. ഇതുമൂലം ലോക്ക്ഡൗൺ തന്നെ അർത്ഥമില്ലാതാവുകയും രോഗം പടരാൻ കാരണമാവുകയും ചെയ്തു. മഹാമാരിയെ കൈകാര്യം ചെയ്യാൻ ശരിയായ രീതിയിൽ പണം ചെലവഴിക്കണം. അത് ഗുണം ചെയ്യും.ഇന്ത്യ അത് ചെയ്യുന്നില്ല.ദുരിതത്തിലായവരെ സഹായിക്കുവാൻ പദ്ധതികൾ ഉണ്ടാവണം.അതിന് ഐഎംഎഫിന്റെ എസ്ഡിആർ വഴിയും മറ്റും കണ്ടെത്താൻ കഴിയുന്നില്ലെങ്കിൽ ഇന്ത്യയിലെ ധനാഢ്യരിൽ നിന്നും കൂടുതൽ നികുതി പിരിച്ച് കണ്ടെത്തണം. ഇന്ത്യയിൽ അനേകം ബില്ല്യനേഴ്സ് (ശത കോടീശ്വരന്മാർ) ഉണ്ടല്ലോ, അവരിൽ നിന്നും കൂടുതൽ പണം കണ്ടെത്തുന്നത് സാമ്പത്തിക രംഗത്തിനും നല്ലതാണ്. കമ്പോളത്തിൽ ആവശ്യവും വ്യാപാരവും വർധിപ്പിക്കാൻ അത് സഹായിക്കും.

ഏകാധിപത്യ സ്വഭാവമുള്ള ഭരണാധികാരികൾ ഭരിക്കുന്ന രാജ്യങ്ങൾ മഹാമാരിയെ നിയന്ത്രിക്കുന്നതിൽ പരാജയപ്പെട്ടതായി ജോസഫ് സ്റ്റിഗ്ലിറ്റ്സ് പറഞ്ഞു. അമേരിക്കയിലെ ട്രംപ് ഭരണം, ബ്രസീലിലെ ബോൾസനാരോ, ഇന്ത്യയിലെ മോഡി ഭരണവുമെല്ലാം മഹാമാരിയെ കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടു. എന്നാൽ കൂടുതൽ ജനാധിപത്യ സ്വഭാവത്തോടെ പ്രവർത്തിക്കുന്ന ന്യൂസിലാന്റ്, തെക്കൻ കൊറിയ തുടങ്ങിയ രാജ്യങ്ങൾ കോവിഡിനെ നല്ല രീതിയിൽ കൈകാര്യം ചെയ്തു.



ജോസഫ് സ്റ്റിഗ്ലിറ്റ്സ്

സ്റ്റിഗ്ലിറ്റ്സിന്റെ അഭിപ്രായത്തിൽ ഏകാധിപത്യ പ്രവണതയുള്ള ഭരണാധികാരികൾ സമൂഹത്തെ ഭിന്നിപ്പിക്കുന്നതു കൊണ്ടും, തങ്ങളുടെ പരാജയം സ്വയം ഏറ്റെടുക്കാതെ മറ്റുള്ളവരെ കുറ്റപ്പെടുത്തുന്നതുകൊണ്ടുമാണ് കോവിഡിനെ കൈകാര്യം ചെയ്യുന്നതിൽ പരാജയപ്പെട്ടത്. ഉദാഹരണത്തിന് ട്രംപ് അമേരിക്കയിലെ വൈറസ് വ്യാപനത്തിന് ചൈനയെ കുറ്റപ്പെടുത്തി രക്ഷപ്പെടാനാണ് ശ്രമിച്ചത്. ഡബ്ല്യൂ.എച്ച്.ഒയ്ക്കുള്ള ഫണ്ടിങ് വരെ ട്രംപ് ഈ കാരണം പറഞ്ഞ് നിർത്തലാക്കി. നരേന്ദ്ര മോഡി അതേപോലെ തന്നെ ഒരു മതത്തെ മറ്റൊരു മതത്തിന് എതിരായി തിരിച്ച് സമൂഹത്തിൽ വിഭജനം സൃഷ്ടിച്ച് രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. മതപരമായ വിഭജനം ഇന്ത്യ പൂർണ്ണമായി കൈവെടിയണം. കോവിഡ് 19 തെളിയിച്ചത് മതപരമായ ഐക്യം ഉയർത്തിപ്പിടിക്കുന്ന രാഷ്ട്രീയമാണ് ഇന്ത്യയിൽ തുടരേണ്ടത് എന്നാണ്. ഇന്ത്യയുടെ സാമ്പത്തിക വിജയത്തിന്റെ മൂലക്കല്ല് തന്നെ സഹിഷ്ണുതയാണെന്ന് ജോസഫ് സ്റ്റിഗ്ലിറ്റ്സ് പറഞ്ഞു.

വളരെ ശ്രദ്ധേയമായ നിരീക്ഷണങ്ങളാണ് FICCI ചർച്ചയിൽ സ്റ്റിഗ്ലിറ്റ്സ് നടത്തിയത്.

**കോവിഡിനെതിരായ കേരളത്തിന്റെ പ്രവർത്തനങ്ങൾ എങ്ങനെയാണ് വിലയിരുത്തുന്നത്?**

ഒരു ദുരന്തമുണ്ടാകുമ്പോൾ അതിനെ നേരിടുന്നതിൽ ഭരണകൂടത്തിന്റെ ഇച്ഛാശക്തിക്ക് വലിയ പങ്കുണ്ട്. ഉടൻ പ്രതികരിക്കാനും ഉണർന്നു പ്രവർത്തിക്കാനും കഴിയണം. ജനങ്ങളെ വിശ്വാസത്തിലെടുത്തുകൊണ്ടു ഭരണകൂടം ആ ഘട്ടത്തിൽ നടത്തുന്ന പ്രവർത്തനമാണ് ആ രാജ്യത്തിന് കരുത്താകുന്നത്. ന്യൂസിലാൻറ് പോലുള്ള രാജ്യങ്ങളുടെ വിജയം പരിശോധിച്ചാൽ നമുക്കതു ബോധ്യമാകും. കേരളത്തിലും ശക്തമായ നടപടികളാണ് സർക്കാർ സ്വീകരിച്ചിട്ടുള്ളത്.

**സ്വകാര്യമേഖലയെ പാടെ നിരാകരിക്കണമെന്നാണോ?**

എന്നല്ല. ജനാധിപത്യമെന്നാൽ ഭൂരിപക്ഷം വരുന്ന ജനങ്ങളുടെ താത്പര്യവും ആഗ്രഹവും നടപ്പിലാക്കലാണ്. അല്ലാതെ വിഭവങ്ങളെയും സമ്പത്തിനെയും ചൂഷണം ചെയ്യുന്നതിനുള്ള അവസരമുണ്ടാക്കലല്ല.സംരംഭമേതായാലും അതിൽ ഒരു പൊതുതാല്പര്യം ഉണ്ടാകണം. എല്ലാം സ്വകാര്യമേഖലയ്ക്കായി തീറെഴുതരുത്. കേരളത്തിൽ ആ പൊതുതാല്പര്യം നിലനിൽക്കുന്നുണ്ട്. അവിടെ ആരോഗ്യം, വിദ്യാഭ്യാസം തുടങ്ങിയ മേഖലകളിൽ നടത്തിയ പൊതു നിക്ഷേപങ്ങളുടെ ഗുണഫലം ഇപ്പോൾ കിട്ടുന്നുമുണ്ട്.

**അപ്പോൾ ഒരു രോഗത്തെ നേരിടാൻ രാജ്യങ്ങൾ നയവും മാറ്റണം അല്ലേ?**

കോവിഡിന്റെ തുടക്കത്തിൽ ലോകമാകെ ഈ രോഗത്തിൽ നിന്നും വേഗം മോചനം നേടുമെന്നാണ് ഏവരും പ്രതീക്ഷിച്ചത്. കുറച്ച് ആഴ്ചത്തെ ലോക്ക്ഡൗൺ കൊണ്ട് എല്ലാം പഴയതു പോലെ ആകുമെന്ന് പ്രത്യാശിച്ചു. എന്നാൽ ബ്രസീൽ, അമേരിക്ക, ഇന്ത്യ തുടങ്ങി മിക്ക രാജ്യങ്ങളിലും രോഗം പടർന്നു പിടിക്കുകയായിരുന്നു. മരണ നിരക്കും വർധിച്ചു. ഒരു ദുരന്തം ഉണ്ടായാൽ അത് രാജ്യത്തെ സാമ്പത്തിക സാമൂഹിക രംഗങ്ങളെ ബാധിക്കുമെന്നതിനാൽ നയം മാറ്റങ്ങളും ഉണ്ടായേ തീരൂ. കാരണം ഈ വൈറസ് നമ്മോടൊപ്പം ചിലപ്പോൾ വർഷങ്ങളോളം ഉണ്ടാവും. അപ്പോൾ പിന്നെ ഇതിനെ നേരിടാൻ ദീർഘകാല പദ്ധതികൾ തന്നെ വേണ്ടിവരുമല്ലോ? വാക്സിൻ വികസനം ദ്രുതഗതിയിൽ പുരോഗമിക്കുന്നുണ്ടെങ്കിലും എല്ലായിടത്തും വേഗം എത്തുമെന്ന് നമുക്ക് യാതൊരു ഉറപ്പുമില്ല. ഇത്തരം അനിശ്ചിതത്വങ്ങൾ കണക്കിലെടുത്തു കൊണ്ട് വേണം രാജ്യങ്ങൾ സാമ്പത്തിക നയങ്ങളും പരിപാടികളും രൂപീകരിക്കാൻ.

**സാമ്പത്തികമായ അസമത്വം ഈ ഘട്ടത്തിൽ കൂടുതൽ പ്രശ്നങ്ങൾ ഉണ്ടാക്കുന്നു എന്നാണോ?**

തീർച്ചയായും ലോകത്തെല്ലായിടത്തും അതൊരു പ്രശ്നമാണ്. രോഗത്തിന് പ്രത്യേകിച്ച് സമത്വബോധമൊന്നും ഉണ്ടാകില്ലല്ലോ? അത് പാവപ്പെട്ടവനെയും സമ്പന്നനെയും ബാധിച്ചു. ഞാൻ പറയും അത് പാവങ്ങളെയാണ് കൂടുതലും ബാധിച്ചതെന്ന്. അവരാണല്ലോ പരസ്പരം സമ്പർക്കം ഒഴിവാക്കാൻ കഴിയാതെ ജീവിക്കുന്നവർ. സമ്പന്നർ സമ്പത്തുപയോഗിച്ചു മികച്ച ചികിത്സ തേടി. ടെസ്റ്റുകൾ നടത്തി. മറ്റു പല രോഗങ്ങളും പോഷകാഹാര പ്രശ്നങ്ങളും ഉള്ള പാവങ്ങൾ കോവിഡിന്റെ വലയിൽ കുരുങ്ങി. ദുരന്തം കൊണ്ട് ഉണ്ടായ സാമ്പത്തിക തിരിച്ചടികളും കൂടിയായപ്പോൾ അവർ അക്ഷരാർഥത്തിൽ പ്രതിസന്ധിയിലായി.

**ഇന്നത്തെ മുതലാളിത്ത വ്യവസ്ഥക്ക് പകർച്ചവ്യാധിയെ അതിജീവിക്കാൻ കരുത്തുണ്ടെന്ന് താങ്കൾ കരുതുന്നുണ്ടോ?**

ഇല്ല. പക്ഷെ അതിനു കരുത്തുണ്ടെന്നു അവർ അഭിനയിച്ചു കൊണ്ടേയിരിക്കും. കാരണം ചൂഷണം വ്യവസ്ഥയാക്കിയ വിപണി നിലനിൽക്കുന്നിടത്തോളം ശക്തിമാൻമാർ ഭരിക്കാൻ ആഗ്രഹിച്ചു കൊണ്ടേയിരിക്കും. ഒരിക്കൽ നഷ്ടപ്പെട്ടാലും അധികാരം തിരിച്ച് പിടിക്കാൻ മുതലാളിത്തം ശ്രമിച്ചു കൊണ്ടേയിരിക്കും. പത്തിലൊരു ശതമാനം വരുന്ന അവർക്കു സമൂഹത്തിൽ ചെറിയ മാറ്റങ്ങൾ കൊണ്ടുവരാനേ സാധിക്കൂ. വലിയ മാറ്റങ്ങൾ അവരിൽ നിന്നും പ്രതീക്ഷിക്കരുത്.

**അതിനിടയിൽ താങ്കൾ പലപ്പോഴും പറയാറുള്ള ഹരിത സമ്പദ് വ്യവസ്ഥയുടെ സാധ്യത എത്രത്തോളമുണ്ട്?**

ദുരന്തത്തോട് പോരാടാനും നിന്ന് കര കയറാനും അതിൽ കോടികളാണ് നമ്മളിപ്പോൾ ചെലവഴിക്കുന്നത്. അതിൽ ഒരു വിഹിതം ഹരിത സമ്പദ് വ്യവസ്ഥക്കു വേണ്ടിയും ഉപയോഗിക്കേണ്ട കാലം അതിക്രമിച്ചിരിക്കുന്നു. വിവേകശാലികൾ അതിനുള്ള അവസരമാക്കി ഇതിനെ മാറ്റും. ●



എ. സിയാവുദീൻ

# 44 നാലായപ്പോൾ

**സർക്കാർ ലേബർ കോഡുകളെ വിശേഷിപ്പിക്കുന്നത് തൊഴിൽ പരിഷ്ക്കാരമെന്നാണ്. ഇവിടെ ന്യായമായ ഒരു ചോദ്യമുണ്ട്. തൊഴിലാളികൾ പരിഷ്ക്കാരങ്ങൾക്ക് എതിരാണോ? പരിഷ്ക്കാരങ്ങൾ അതിന്റെ യഥാർഥ അർഥത്തിലാണ് കൊണ്ടുവരുന്നതെങ്കിൽ ഒരിക്കലും അല്ല എന്നാണുത്തരം. ഇവിടെ പരിഷ്ക്കാരത്തിന്റെ മൂടുപടം അണിയിച്ച് തൊഴിലാളി വിരുദ്ധ വകുപ്പുകളും വ്യവസ്ഥകളും സമർഥമായി കുത്തിനിറച്ച് നീണ്ട പോരാട്ടങ്ങളിലൂടെ നേടിയെടുത്ത, ഇന്ന് തൊഴിലാളികൾ അനുഭവിക്കുന്ന പരിമിതമായ അവകാശങ്ങൾ പോലും നിഷേധിക്കുന്നതിനെയാണെതിർക്കുന്നത്. ഏറ്റെടുക്കേണ്ട വെല്ലുവിളി ചെറുതല്ല, അത്ര ലളിതവുമല്ല.**

അങ്ങനെ ഒന്നാം മോഡി സർക്കാരിന്റെ കാലത്ത് അംഗീകരിപ്പിക്കാൻ കഴിയാതെ പോയ നാലു തൊഴിലാളി വിരുദ്ധ ബില്ലുകളും രണ്ടാം മോഡി സർക്കാർ ഒന്നാം വർഷം പൂർത്തിയാക്കുമ്പോഴേക്കും പാർലമെന്റെന്ന ദുർഘടത്തിൽ നിന്നു മോചിപ്പിച്ച് നിയമമാക്കി മാറ്റി.അതോടെ ബ്രിട്ടീഷ് ഇൻഡ്യയുടെ കാലത്തും അതിനു ശേഷവുമായി ഇവിടെ നിലനിന്ന 44 തൊഴിൽ നിയമങ്ങളാണ് ഇല്ലാതായത്. ഇവയിൽ മുതലാളിക്ക് അനുകൂലവും തൊഴിലാളി വിരുദ്ധവുമായ വ്യവസ്ഥകളുണ്ടായിരുന്നു. അതിനൊപ്പം നീണ്ടു നിന്ന പ്രക്ഷോഭങ്ങളിലൂടെ തൊഴിലാളികൾ അംഗീകരിപ്പിച്ച വ്യവസ്ഥകളുമുണ്ടായിരുന്നു. 44 നിയമങ്ങൾ ഇല്ലാതായപ്പോൾ അതിലെ തൊഴിലാളിക്കനുകൂലമായ പ്രധാന വ്യവസ്ഥകൾ അപ്രത്യക്ഷമായി. അന്താരാഷ്ട്ര മൂലധനവും വിദേശ, ഇൻഡ്യൻ കോർപ്പറേറ്റുകളും സർക്കാരിനു നൽകിയ രൂപരേഖയിലെ അവർക്കനുകൂലമായ എല്ലാ വ്യവസ്ഥകളും അതിൽ ഇടം കണ്ടെത്തുകയും ചെയ്തു. കോർപ്പറേറ്റുകൾ അത്യാഹ്ളാദത്തിലാണ്. അവരുടെ കുഴലൂത്തുകാർ മോഡി സർക്കാരിന് അഭിനന്ദനങ്ങൾ ചൊരിയുന്നു.

വാക്കുകൾ, അതിന്റെ വിപരീത അർത്ഥത്തിലേക്ക് മാറ്റിമറിക്കപ്പെടുന്ന കാലമാണിത്. ലിബറലിസം, മനുഷ്യമുഖമുള്ള പരിഷ്ക്കാരം തുടങ്ങിയ മനോഹര പദങ്ങൾക്ക് അർഥാന്തരം സംഭവിച്ച്, അവ ഒരു ചെറു ന്യൂനപക്ഷത്തിന് മധുരോദാരവും ബഹുഭൂരിപക്ഷത്തിന് കാളകൂടവുമാകുന്ന കാലം. സർക്കാർ ലേബർ കോഡുകളെ വിശേഷിപ്പിക്കുന്നത് തൊഴിൽ പരിഷ്ക്കാരമെന്നാണ്. ഇവിടെ ന്യായമായ ഒരു ചോദ്യമുണ്ട്. തൊഴിലാളികൾ പരിഷ്ക്കാരങ്ങൾക്ക് എതിരാണോ? പരിഷ്ക്കാരങ്ങൾ അതിന്റെ യഥാർഥ അർഥത്തിലാണ് കൊണ്ടുവരുന്നതെങ്കിൽ ഒരിക്കലും അല്ല എന്നാണുത്തരം. ഇവിടെ പരിഷ്ക്കാരത്തിന്റെ മൂടുപടം അണിയിച്ച് തൊഴിലാളി വിരുദ്ധ വകുപ്പുകളും വ്യവസ്ഥകളും സമർഥമായി കുത്തിനിറച്ച് നീണ്ട പോരാട്ടങ്ങളിലൂടെ നേടിയെടുത്ത, ഇന്ന് തൊഴിലാളികൾ അനുഭവിക്കുന്ന പരിമിതമായ അവകാശങ്ങൾ പോലും നിഷേധിക്കുന്നതിനെയാണെതിർക്കുന്നത്.

ഒന്നാം മോഡി സർക്കാർ ഈ ബില്ലുകൾ കൊണ്ടുവന്നതുമുതൽ അവർ സ്വീകരിച്ച ഒരു പ്രത്യേക രീതിയുണ്ട്. ബില്ലിനെതിരെ തൊഴിലാളികളുടെ സംഘടിത ശബ്ദമുയരുന്നതിനിടയിൽ ബിജെപി ഭരിക്കുന്ന ചില സംസ്ഥാനങ്ങൾ കുറെ വ്യവസ്ഥകൾ നടപ്പാക്കും. കോൺഗ്രസ് സർക്കാരുകൾ ആ പാത പിന്തുടരും. അതേ നാടകം ഇപ്പോഴും അരങ്ങേറി. കോവിഡിന്റെ മറവിൽ ജോലി സമയം വർധിപ്പിക്കാനും തൊഴിൽ നിയമ വ്യവസ്ഥകൾ സസ്പെന്റ് ചെയ്യാനും ഇത്തരം സർക്കാരുകൾ മുതിർന്നു. ബിഎംഎസ് നേതൃത്വം പ്രതിഷേധ പ്രസ്ഥാവനകളിറക്കി അർഥപൂർണമായ മൗനം പാലിക്കയും ചെയ്തു.

നാലു കോഡുകളിൽ മിനിമം വേജസ് ആക്റ്റ്, പേയ്മെന്റ് ഓഫ് വേജസ് ആക്റ്റ്, ഈക്വൽ റെമ്യൂണറേഷൻ ആക്റ്റ് എന്നിവക്കു പകരമുള്ള കോഡ് ഓൺ വേജസ് 2019 ൽ തന്നെ നിയമമാക്കി. കോഡ് ഓൺ ഇന്റസ്ട്രിയൽ റിലേഷൻസ്, കോഡ് ഓൺ




സെക്യൂരിറ്റി, കോഡ് ഓൺ ഓക്കുപ്പേഷണൽ സേഫ്റ്റി, ഹെൽത്ത്, ആന്റ് വർക്കിങ്ങ് കണ്ടീഷൻസ് എന്നിവയാണ് കഴിഞ്ഞ പാർലമെന്റിൽ ചർച്ചക്കു പോലും ഇടം നൽകാതെ അംഗീകരിച്ചതായി പ്രഖ്യാപിച്ചത്.

### കോഡ് ഓൺ വേജസ്

കോഡ് ഓൺ വേജസിൽ മിനിമം വേതനം നിശ്ചയിക്കുന്നതു സംബന്ധിച്ച് നിലവിൽ ശാസ്ത്രീയമായി അംഗീകരിച്ച മാനദണ്ഡങ്ങളാകെ ഉപേക്ഷിച്ചിരിക്കുന്നു. ഈ മാനദണ്ഡങ്ങൾ മുതലുടമകളും സർക്കാരും തൊഴിലാളി പ്രതിനിധികളും അടങ്ങുന്ന പതിനഞ്ചാം ലേബർ കോൺഗ്രസ് 1957 ൽ അംഗികരിച്ചതാണ്. തുടർന്ന് 44 ഉം 46 ഉം കോൺഫറൻസുകൾ ഇവ ആവർത്തിച്ചംഗീകരിച്ചു. സുപ്രീം കോടതിയും ഇത് ശരിവച്ചിട്ടുണ്ട്. ഈ തത്വങ്ങളും ഏഴാം ശമ്പളക്കമ്മീഷൻ പറഞ്ഞ 18000 രൂപയായിരിക്കണം മിനിമം വേതനമെന്ന നിർദ്ദേശവും തള്ളിക്കളഞ്ഞിരിക്കുന്നു. കോഡിലെ വ്യവസ്ഥ പ്രകാരം ഫ്ളോർ തല മിനിമം വേതനം കേന്ദ്ര സർക്കാർ തീരുമാനിക്കും. സംസ്ഥാനങ്ങൾ അതിൽ കുറഞ്ഞ മിനിമം വേതനം നിശ്ചയിച്ചുകൂടാ. കേന്ദ്ര സർക്കാർ തൊഴിലാളി പ്രേമം മൂത്ത് വൻ തുക മിനിമം വേതനം പ്രഖ്യാപിച്ചേക്കും എന്ന് തോന്നും വിധമാണ് ഈ പ്രയോഗം. ഈ വ്യവസ്ഥകൾ വ്യാപകമായി ചർച്ച ചെയ്യപ്പെട്ട ഘട്ടത്തിലാണ് 2019 ൽ മിനിമം വേതനത്തിലെ വർധനവ് പ്രഖ്യാപിച്ചത്. 176 രൂപ എന്നത് 2 രൂപ കൂട്ടി 178 ആക്കി. ഇതു സംബന്ധിച്ച തർക്കം ഉയർന്നു വന്നതിനെ തുടർന്ന് തൊഴിൽ മന്ത്രാലയം ഇത് പുന:പരിശോധിക്കാൻ ഒരു കമ്മിറ്റിയെ നിയമിച്ചു. അവർ 375 രൂപ മിനിമം വേതനം നിർദേശിച്ചു. സർക്കാർ ഇത് അംഗീകരിച്ചില്ല. തൊഴിലാളി പ്രേമം ഏതു ദിശയിലേക്കാണ് ഒഴുകുന്നതെന്നു വ്യക്തം.

കേരളത്തിൽ എൽഡിഎഫ് സർക്കാർ നിശ്ചയിച്ച മിനിമം വേതനം 600 രൂപയാണെന്നോർക്കുക.

രാജ്യത്തെ മൊത്തം തൊഴിൽ ശക്തിയുടെ 93 ശതമാനവും അസംഘടിത മേഖലയിലാണ്. മൊത്തം ദേശീയ വരുമാനത്തിൽ അവരുടെ പങ്ക് 60 ശതമാനത്തോളം വരും. ഈ അശരണ വിഭാഗത്തിന് കഞ്ഞി കുടിച്ച് കിടക്കാൻ നൽകേണ്ട മിനിമം വേതനമാണ് അതിന്റെ ശാസ്ത്രീയ വശമാകെ തള്ളിക്കളഞ്ഞ് കൊട്ടത്താപ്പായി തീരുമാനിക്കാൻ പോകുന്നത്.

മിനിമം വേതനം നിശ്ചയിക്കുന്നത് ഏകപക്ഷീയമല്ലെന്ന് വരുത്താൻ ഇതിൽ ചില വ്യവസ്ഥയുണ്ട്. മിനിമം വേതനം തീരുമാനിക്കാൻ ഒരു സമിതിയും അതിനു മുകളിൽ ഒരു ഉപദേശക സമിതിയും .അതിൽ കേന്ദ്ര സർക്കാർ തീരുമാനിക്കുന്ന തൊഴിലുടമയുടെയും തൊഴിലാളിയുടെയും തുല്യ എണ്ണം പ്രതിനിധികൾ. കൂടാതെ മൊത്തം എണ്ണത്തിൽ മൂന്നിലൊന്നിൽ കൂടാത്ത സ്വതന്ത്ര വ്യക്തികളുമുണ്ടാകും. കമ്മിറ്റിയുടെ നിർദേശം ഉപദേശക സമിതി പരിഗണിച്ച ശേഷം സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കും

(കോഡ് ഓൺ വേജസ്, 8,42 വകുപ്പുകൾ)

വേതനം (wages) നിർവചിക്കുന്നിടത്തും അവ്യക്തത കാണാം. വേതനത്തിൽ ബേസിക് പേ, ഡിഎ, റീട്ടൈനിംഗ് അലവൻസ് എന്നിവ മാത്രമാണ് ഉൾപ്പെടുത്തിയിട്ടുള്ളത്. താഴെ പറയുന്നവ വേതനത്തിൽ പെടില്ലെന്നും പറഞ്ഞിട്ടുണ്ട്.
ബോണസ്, ഹൗസ് അക്കോമഡേഷൻ, ലൈറ്റ്, വെള്ളം തുടങ്ങിയവ
പി എഫ്, പെൻഷൻ കോൺട്രിബ്യൂഷൻ, കൺവെയൻസ് അലവൻസ്, തൊഴിലിന്റെ ഭാഗമായി പ്രത്യേക ജോലിക്ക് തൊഴിലുടമ നൽകുന്ന തുക, HRA, ഓവർടൈം അലവൻസ്, കമ്മീഷൻ, ഗ്രാറ്റുവിറ്റി, റിട്രഞ്ച്മെന്റ് കോമ്പൻസേഷൻ (വകുപ്പ് 2(Y)

wage ന്റെ വ്യാഖ്യാനത്തിന് വിവിധ അർഥതലങ്ങളുണ്ട്. അവയെപ്പറ്റി കോഡ് നിശബ്ദത പാലിച്ചിരിക്കുന്നു. പേയ്മെന്റ് ഓഫ് വേജസ് ആക്റ്റിൽ വേതനമായി കണക്കാക്കിയ പല ഘടകങ്ങളും ഇവിടെ ഒഴിവാക്കി. സിപിഎഫ്. ഗ്രാറ്റുവിറ്റി, പെൻഷൻ, റിട്രഞ്ച്മെന്റ് കോമ്പൻസേഷൻ, സബ്സിസ്റ്റൻസ് അലവൻസ് തുടങ്ങിയ ആനുകൂല്യങ്ങളെല്ലാം കണക്കാക്കുന്നത് വേതനത്തെ അടിസ്ഥാനമാക്കിയാണെന്നോർക്കുക.

എംപ്ളോയി (വകുപ്പ് 2 (k), വർക്കർ 2 (z) എന്ന വിഭജനം മുതലുടമകൾക്ക് തൊഴിലാളികളെ ഇഷ്ടാനുസരണം വ്യാഖ്യാനിച്ച് കുറഞ്ഞകൂലി വിഭാഗത്തിൽ പെടുത്താനും നിയമ വ്യവസ്ഥ മറികടക്കാനും അവസരം നൽകുന്നു. നാലു കോഡുകളിലും ഉൾപ്പെടുത്തിയിട്ടുള്ള വർക്കർ, എംപ്ളോയി, എംപ്ളോയർ, കോൺട്രാക്റ്റർ തുടങ്ങിയ നിർവചനങ്ങൾ ആശയക്കുഴപ്പം സൃഷ്ടിക്കും വിധമാണ് എഴുതി ചേർത്തിരിക്കുന്നത്. ഈ അവ്യക്തത നിയമക്കുരുക്കിലേക്ക് നയിക്കാനുള്ള എല്ലാ സാധ്യതയുമുണ്ട്. അവിടെയും ദുരിതം പേറേണ്ടി വരുന്നത് തൊഴിലാളിയാണ്.

ഒരു ദിവസത്തെ ജോലി സമയം 8 മണിക്കൂർ എന്ന് വ്യക്തമാക്കാതെ ജോലി സമയം നിർണയിക്കാൻ അവകാശം സർക്കാർ കൈക്കലാക്കിയിരിക്കുന്നു.
"Where minimum rates of wages have been fixed under this code, the appropriate government may fix the number of hours of work which shall constitute a normal working day inclusive of one or more intervals (clause 13 (l) (a).

ഇന്റർവെൽ ഒന്നിലധികം ആകാമെന്ന വ്യവസ്ഥയുള്ളതിനാൽ ജോലിയുടെ നിശ്ചിത സമയക്രമം മാറ്റിമറിച്ച് ഇഷ്ടാനുസരണം പണിയെടുപ്പിക്കാൻ തൊഴിലുടമക്ക് കഴിയുന്നു.

മറ്റൊരു പ്രധാന മാറ്റം ബോണസ് നിശ്ചയിക്കുമ്പോൾ അലോക്കബിൾ സർപ്ളസ് സംബന്ധിച്ച് തർക്കമുണ്ടായാൽ കണക്കുകൾ പരിശോധിക്കാനുള്ള അവകാശം നിഷേധിക്കുന്നതാണ്.
"Audited accounts of companies shall not normally be questioned (clause 31(2)
Where there is dispute regarding the quantum of bonus, the authority notified by the appropriate government having jurisdiction may call upon the employer to produce the balance sheet before it, but the authority shall not disclose any information contained in the balance sheet unless agreed to by the employer (clause 31(3))

## കോഡ് ഓൺ ഇന്റസ്ട്രിയൽ റിലേഷൻസ്

കോഡ് ഓൺ ഇന്റസ്ട്രിയൽ റിലേഷൻസിലെ മാരക വ്യവസ്ഥകൾ തുടക്കം മുതൽ ഇടതുപക്ഷ സംഘടനകൾ തുറന്നു കാട്ടിയതാണ്. It is not labour reform, it is labour regression എന്നാണ് നേതാക്കൾ അതിനെ വിശേഷിപ്പിച്ചത്. ഫലത്തിൽ പണിമുടക്കാനുള്ള അവകാശം നിഷേധിക്കുന്ന തരത്തിലുള്ള വ്യവസ്ഥകളാണ് സ്ട്രൈക്കും ലോക്കൗട്ടും എന്ന അധ്യായത്തിലുൾപ്പെടുത്തിയിട്ടുള്ളത്. പണിമുടക്കിന് 60 ദിവസം മുൻപ് പണിമുടക്കുനോട്ടീസ് നൽകണം. അതിനുള്ളിൽ പണിമുടക്കിയാൽ അത് നിയമവിരുദ്ധ പണിമുടക്കായിരിക്കും. അനുരഞ്ജന ഉദ്യോഗസ്ഥന്റെ പരിഗണനയിലുള്ളപ്പോഴോ അനുരഞ്ജന നടപടികൾ പൂർത്തിയായി ഏഴു ദിവസം കഴിയുംവരെയോ പണിമുടക്ക് പാടില്ല. ദേശീയ ട്രിബ്യൂണൽ, ദേശീയ വ്യവസായ ട്രിബ്യൂണൽ, ആർബിട്രേറ്റർ തുടങ്ങിയവരുടെ മുന്നിലാണ് നടപടി തുടരുന്നതെങ്കിൽ നടപടി പൂർത്തിയായി 60 ദിവസം വരെയും പണിമുടക്കിക്കൂടാ. ചുരുക്കത്തിൽ വകുപ്പ് 62 ലെ (a) മുതൽ (g) വരെയുള്ള ഉപവകുപ്പുകൾ പ്രകാരം പണിമുടക്ക് അസാധ്യമാകും. പ്രശ്നങ്ങൾക്ക് പരിഹാരം കിട്ടാതെ മറ്റു വഴികളൊക്കെ അടയുമ്പോഴാണ് ഗതിമുട്ടി തൊഴിലാളി പണിമുടക്കാൻ നിർബന്ധിതനാകുന്നത്. അല്ലാതെ വിനോദമെന്ന നിലയിൽ ആരും പണിമുടക്കില്ല. ആകസ്മികമായോ, ഗൂഢ ലക്ഷ്യങ്ങളോടെയോ ഇങ്ങോട്ട് ആക്രമണം വരുമ്പോൾ സ്വാഭാവിക പ്രതികരണമായും ചിലപ്പോൾ പണിമുടക്കുണ്ടായേക്കാം. ഇതിലെ വ്യവസ്ഥ പ്രകാരം നൽകിയ പണിമുടക്കുനോട്ടീസിന്റെ കാലാവധിയെത്തുമ്പോൾ ഒരു അനുരഞ്ജന പ്രഹസനം തുടങ്ങി വച്ചാൽ പണിമുടക്ക് എത്ര കാലം വേണമെങ്കിലും നീട്ടാം. അതിലൂടെ തൊഴിലാളിയുടെ

**സമരം സംഘടിപ്പിക്കയോ പണിമുടക്കയോ ചെയ്താൽ അതിനെ സഹായിക്കുന്നവർക്ക് മേൽ കനത്ത പിഴ ചുമത്താം. നിയമവിരുദ്ധമെന്ന് സർക്കാർ വിശേഷിപ്പിക്കുന്ന പണിമുടക്കിന് സാമ്പത്തിക സഹായം നൽകുന്നവർക്ക് പെനാൽറ്റിയും ജയിൽ ശിക്ഷയും നൽകാൻ വരെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു.**




കൂട്ടായ പ്രഹര ശേഷി ദുർബലപ്പെടുത്തി നിഷ്ക്രിയമാക്കാമെന്ന ഗൂഢ നീക്കമാണ് വകുപ്പ് 62 ലെ വ്യവസ്ഥകളിൽ അടങ്ങിയിട്ടുള്ളത്. അതോടൊപ്പം വകുപ്പ് 42 (7) കൂടി വായിച്ചാൽ ചിത്രം വ്യക്തമാകും.

Where an industrial dispute has been referred to arbitration and a notification has been issued under sub section (5), the appropriate government may, by order prohibit the continuance of any strike or lock out in connection with such dispute which may be in existence on the date of the reference.

ഇതിലെ മറ്റു പ്രധാന തൊഴിലാളി വിരുദ്ധ വ്യവസ്ഥകൾ ഇവയാണ്

* നൂറോ അതിൽ കൂടുതലോ തൊഴിലാളികളുള്ള സ്ഥാപനങ്ങളിൽ ലേ ഓഫ് പ്രഖ്യാപിക്കുന്നതിന് സർക്കാരിന്റെ പ്രത്യേക അനുമതി വേണമെന്ന വ്യവസ്ഥ എടുത്തുകളയുന്നു. അത് 300 തൊഴിലാളികളെന്നാക്കി മാറ്റുന്നു. അതിനൊപ്പം എപ്പോൾ വേണമെങ്കിലും ഇതിൽ മാറ്റം വരുത്താൻ അധികാരം സർക്കാരിൽ നിക്ഷിപ്തമാക്കിയിരിക്കുന്നു.
* ജോലിയിൽ നിയമിച്ചു അധികം കഴിയും മുൻപ് പിരിച്ചുവിടാൻ അധികാരം തൊഴിലുടമക്ക് നൽകുന്നു
* ട്രേഡ് യൂണിയൻ രൂപീകരിക്കാനുള്ള വ്യവസ്ഥകൾ ഏറെ ക്ളിഷ്ടകരമാക്കിയിരിക്കുന്നു.
* നിശ്ചിത കാല ജോലിയെന്ന പേരിൽ (fixed term employment) ഒരു വിഭാഗത്തെ സ്ഥിരമായി സൃഷ്ടിച്ച് ചെറിയ കാലത്തേക്കു തൊഴിൽ നൽകാൻ വ്യവസ്ഥ. ഇതു മൂലം സ്ഥിരം തൊഴിൽ താൽക്കാലിക തൊഴിലായി മാറുകയും ജോലി സ്ഥിരത ഇല്ലാതാവുകയും ചെയ്യുന്നു.
* പൊതുതാൽപര്യം കണക്കാക്കി ഏതു വ്യവസായ സ്ഥാപനത്തെയും ഈ നിയമ വ്യവസ്ഥകളിൽ നിന്ന് ഒഴിവാക്കാൻ സർക്കാരിന് അധികാരമുണ്ടായിരിക്കും.
* ഏകപക്ഷീയമായ പിരിച്ചുവിടൽ (arbitrary retrenchment) അടച്ചുപൂട്ടൽ, ലേ ഓഫ് എന്നിവക്ക് നിലനിന്ന സംരക്ഷണത്തിൽ വെള്ളം ചേർത്തിരിക്കുന്നു. ഇതോടെ 90 ശതമാനം തൊഴിലാളികളുടെ അവകാശമാണ് നഷ്ടമാകുന്നത്. ഇഷ്ടമുള്ളപ്പോൾ നിയമിക്കാനും ഇഷ്ടമുള്ളപ്പോൾ പിരിച്ചുവിടാനും (hire and fire) സ്വാതന്ത്ര്യം തൊഴിലുടമക്ക് നൽകിയിരിക്കുന്നു.
* കോഡിന്റെ ഷെഡ്യൂളിൽ പരാമർശിക്കാത്ത വിഷയങ്ങളിൽ സ്റ്റാൻഡിംഗ് ഓർഡർ ഇറക്കാൻ തൊഴിലുടമക്ക് അവകാശം നൽകിയിരിക്കുന്നു
* ID Act 25 H പ്രകാരം ഒരു തൊഴിലാളിയെ റിട്രഞ്ച് ചെയ്തിട്ടുണ്ടെങ്കിൽ ആദ്യം വരുന്ന ഒഴിവിൽ അയാൾക്ക് അവസരം നൽകണം. അതു മാറ്റി, ഒരു വർഷത്തിനുള്ളിൽ ഒഴിവു വന്നാൽ മാത്രം അവസരം നൽകിയാൽ മതി എന്നാക്കി. പിരിച്ചുവിട്ടവനെ 13 മാസം പുറത്തു നിർത്തിയാൽ പുതിയ ആളെ മുതലാളിക്ക് നിയമിക്കാമെന്നർഥം.

* 1978 ലെ ബാംഗ്ളൂർ വാട്ടർ സപ്ളൈ ആന്റ് സ്വിവറേജ് ബോർഡ് കേസിൽ ആശുപത്രികൾ, ചാരിറ്റബിൾ സ്ഥാപനങ്ങൾ, മത സംഘടനകൾ തുടങ്ങിയവ നടത്തുന്ന സ്ഥാപനങ്ങൾ വ്യവസായത്തിന്റെ നിർവചനത്തിൽ വരുമെന്ന് സുപ്രീം കോടതി വിധിച്ചിരുന്നു. പുതിയ കോഡിൽ അതു മറികടക്കാൻ അത്തരം സ്ഥാപനങ്ങളെ ഈ നിർവചനത്തിന്റെ പരിധിയിൽ നിന്ന് ഒഴിവാക്കി കൊടുത്തിരിക്കുന്നു.
* വർക്കിംഗ് ജേർണലിസ്റ്റ്, ന്യൂസ് പേപ്പർ എംപ്ളോയീസ്, സെയിൽസ് പ്രൊമോഷൻ എംപ്ളോയീസ് എന്നിവരെ വർക്കർ കാറ്റഗറിയിലാക്കി. (clause 2(2)(i)(ii). അതോടെ ഈ വിഭാഗങ്ങൾക്കു ബാധകമായ 1955 ലെയും 1976 ലെയും രണ്ടു നിയമങ്ങളാണ് ഇല്ലാതായത്. അതിൽ വർക്കിംഗ് ജേർണലിസ്റ്റുകൾക്ക് വേജ് ബോർഡിനുള്ളതടക്കം വ്യക്തമായ വ്യവസ്ഥകളുണ്ടായിരുന്നു. മുൻ നിയമങ്ങൾ റദ്ദാക്കിയപ്പോൾ ഈ തൊഴിലാളി അനുകൂല വ്യവസ്ഥകൾ ഉപേക്ഷിച്ചു.
* സേവന വ്യവസ്ഥയിൽ മാറ്റം വരുത്തണമെങ്കിൽ സെക്ഷൻ: 9 എ പ്രകാരം 21 ദിവസത്തെ നോട്ടീസ് നൽകണമെന്ന് ഐ ഡി ആക്റ്റിൽ വ്യവസ്ഥയുണ്ട്. ആ വ്യവസ്ഥ അതുപോലെ പുതിയ കോഡിൽ ചേർത്തതിനൊപ്പം 'ബന്ധപ്പെട്ട സർക്കാരിന്റെ ഉത്തരവനുസരിച്ച്'(in accordance with the orders of the appropria2te government) എന്ന വിശേഷണം കൂടി ഉൾപ്പെടുത്തി. ഇനി സർക്കാർ ഉത്തരവിലൂടെ നോട്ടീസില്ലാതെയും സേവന വ്യവസ്ഥ മാറ്റാം., ശമ്പളം വെട്ടിക്കുറക്കുകയുമാവാം.
* സമരം സംഘടിപ്പിക്കയോ പണിമുടക്കയോ ചെയ്താൽ അതിനെ സഹായിക്കുന്നവർക്ക് മേൽ കനത്ത പിഴ ചുമത്താം. നിയമവിരുദ്ധമെന്ന് സർക്കാർ വിശേഷിപ്പിക്കുന്ന പണിമുടക്കിന് സാമ്പത്തിക സഹായം നൽകുന്നവർക്ക് പെനാൽറ്റിയും ജയിൽ ശിക്ഷയും നൽകാൻ വരെ വ്യവസ്ഥപ്പെടുത്തിയിരിക്കുന്നു.

കോഡ് ഓൺ സെക്യൂരിറ്റി, കോഡ് ഓൺ ഓക്കുപേഷണൽ സേഫ്റ്റി ഇവയിൽ മുൻപെ പറഞ്ഞ നിയമങ്ങളിലെ വേതനം എംപ്ലോയർ, എംപ്ലോയി തുടങ്ങി ഓരോ ഘടകത്തിന്റെയും നിർവചനങ്ങളിലെ അവ്യക്തതകൾ ആവർത്തിച്ചിട്ടുണ്ട്. കൂടാതെ സാമൂഹ്യ സുരക്ഷാ കോഡിൽഗിഗ്‌വർക്കേഴ്‌സ്ആന്റ്പ്ളാറ്റ്ഫോം വർക്കേഴ്സ് എന്ന പേരിൽ ഒരു പുതിയ വിഭാഗമായി തൊഴിലാളികളെ നിർവചിച്ചിട്ടുണ്ട്. ഏറ്റവും അവശതയനുഭവിക്കുന്ന വിഭാഗമെന്ന നിലയിൽ അവർക്ക് സാമൂഹ്യ സുരക്ഷ നൽകുന്നതിനെപ്പറ്റിയും പറയുന്നു. അതിന് ഫണ്ട് കണ്ടെത്തുന്നതിനെപ്പറ്റി അവ്യക്തമായ പരാമർശങ്ങളേയുള്ളു. ഇവിടെ ഒന്നാമതായി പരിഗണിക്കേണ്ടത് ഈ വിഭാഗത്തിനു ലഭിക്കേണ്ട വേതനത്തെപ്പറ്റിയാണ്.അതെപ്പറ്റി മിണ്ടാട്ടമേയില്ല.

മോഡി സർക്കാർ കൊണ്ടുവന്ന ബില്ലുകളിൽ ഒരു പ്രത്യേകത പൊതുവിൽ കാണാം. തർക്കം വരാവുന്ന പലതും അവ്യക്തമാക്കി വിടുക, നിയമമായ ശേഷം പുറപ്പെടുവിക്കുന്ന റൂൾസ് ആന്റ് റെഗുലേഷനിലൂടെ യഥാർഥ്യലക്ഷ്യം പൂർത്തീകരിക്കുക. ചർച്ചക്കിടം നൽകാതെ അംഗീകരിച്ച ഈ നാലു കോഡുകളിലും ഇപ്രകാരം റൂളുകളും റെഗുലേഷനുകളും കൂടി വരാനുണ്ട്. അവ കൂടി വെളിച്ചത്തു വന്ന് നിയമത്തിന്റെ ഭാഗമാകുന്നതോടെ ഇനിയും കാര്യങ്ങൾ തെളിഞ്ഞു വരും.

സർക്കാരിനെ മോഡൽ എംപ്ളോയർ എന്നാണ് സാധാരണ നാം പറയാറുള്ളത്. പുതിയ മോഡൽ എങ്ങനെയാവണമെന്നും ഏതു രീതിയിലാണ് പ്രയോഗത്തിൽ വരുത്തേണ്ടതെന്നും സർക്കാർ ചൂണ്ടിക്കാണിച്ചിട്ടുണ്ട്. റെയിൽവെയിലും കേന്ദ്ര സർവീസിലും ഇതു നടപ്പാക്കി ഉത്തരവിറങ്ങി. 50/ 55 വയസോ, 30 വർഷത്തെ സർവീസോ കഴിഞ്ഞവരെ കഴിവുകെട്ടവരെന്നു മുദ്രകുത്തി കമ്പൽസറി റിട്ടയർമെന്റ് നടപ്പിലാക്കുന്നു. പാർലമെന്റിൽ നിന്ന് ജീവനക്കാരെ ഇപ്രകാരം പിരിച്ചുവിട്ട് ബഹുമാന്യ സ്പീക്കർ തന്നെ മാതൃക കാട്ടിയിരിക്കുന്നു. ഇത്ര 'മാതൃകാപരമായി' പ്രവർത്തിക്കുന്ന സർക്കാരും പ്രധാനമന്ത്രിയും കോർപ്പറേറ്റുകളുടെ ഇഷ്ട താരമായില്ലെങ്കിലേ അൽഭുതപ്പെടേണ്ടതുള്ളു.

ഏറ്റെടുക്കേണ്ട വെല്ലുവിളി ചെറുതല്ല, അത്ര ലളിതവുമല്ല. എന്നാൽ ഏതു വെല്ലുവിളിയും പുതിയ അവസരങ്ങൾ പ്രദാനം ചെയ്യുന്നു. അവസരങ്ങൾ സമർഥമായി ഉപയോഗിച്ച് തൊഴിലാളി വർഗം ഇത് നേരിടുക തന്നെ ചെയ്യും.●

# ജിഎസ്ടി: സംസ്ഥാനങ്ങൾക്കുള്ള തുക കേന്ദ്രം വകമാറ്റി

ചരക്ക് സേവന നികുതി (ജിഎസ്ടി) നഷ്ട പരിഹാരമായി സംസ്ഥാനങ്ങൾക്കു നൽകേണ്ട തുൾപ്പെടെ സെസ് ഇനത്തിൽ പിരിച്ച തുക വലിയ തോതിൽ കേന്ദ്ര സർക്കാർ വകമാറ്റിയെന്ന് കൺട്രോളർ ആൻഡ് ഓഡിറ്റർ ജനറൽ (സിഎജി) കണ്ടെത്തി. നടപടി നിയമവിരുദ്ധമെന്നും റവന്യൂ വരുമാനം കൂടുതലെന്നും ധനക്കമ്മി കുറവെന്നും കാണിക്കാനാണ് സർക്കാർ ശ്രമിച്ചതെന്നും സിഎജി കുറ്റപ്പെടുത്തി.

2018-19 ലെ കേന്ദ്ര സർക്കാരിന്റെ ധനവിനിയോഗം സംബന്ധിച്ചതാണ് കഴിഞ്ഞ ദിവസം പാർലമെന്റിൽ വച്ച റിപ്പോർട്ട്. സെസ്, ലെവി ഇനത്തിൽ 2,74,592 കോടി രൂപയാണ് കഴിഞ്ഞ വർഷം സർക്കാർ പിരിച്ചത്. അതിൽ 1.64,322 കോടി മാത്രമാണ് പ്രഖ്യാപിത ആവശ്യങ്ങൾക്കായി നൽകിയത്. ബാക്കി 1,10,270 കോടി സഞ്ചിത നിധിയിൽ നിലനിർത്തുകയോ മറ്റാവശ്യങ്ങൾക്ക് നൽകുകയോ ചെയ്തെന്നാണ് കണ്ടെത്തൽ. സെസ് ഏതാവശ്യത്തിനു പിരിക്കുന്നുവോ അതിനു മാത്രമേ ഉപയോഗിക്കാവൂ എന്നാണ് ഭരണഘടനാ വ്യവസ്ഥ. ജിഎസ്ടി സെസായി 2017-18 ൽ കേന്ദ്രം 62,612 കോടി പിരിച്ചു. നഷ്ടപരിപാര നിധിയിലേക്ക് നൽകിയത് 56,146 കോടി. നൽകാതിരുന്നത് 6,466 കോടി. 2018-19 പിരിച്ചത് 95,801 കോടി. നിധിയിലേക്കു നൽകിയത് 54,275 കോടി. നൽകാതിരുന്നത് 40,806 കോടി. അങ്ങനെ 2 വർഷത്തിൽ കേന്ദ്രം വകമാറ്റിയത് 47,272 കോടി.

എന്നാൽ സിഎജി കണ്ടെത്തൽ നഷ്ടപരിഹാര സെസ് സംബന്ധിച്ച് കഴിഞ്ഞ ജൂലൈയിൽ ധനമന്ത്രാലയം നടത്തിയ പ്രസ്താവനയുടെ വിശ്വാസ്യതയെക്കുറിച്ചും സംശയമുണ്ടാക്കുന്നു. കഴിഞ്ഞ മാർച്ച് വരെയുള്ള നഷ്ടപരിഹാരം സംസ്ഥാനങ്ങൾക്കു നൽകാൻ 2017-18, 2018-19 വർഷങ്ങളിൽ സെസ് ഇനത്തിൽ പിരിച്ചതിൽ മിച്ചമുണ്ടായിരുന്ന തുകയും, സർക്കാരിന്റെ സഞ്ചിത നിധിയിൽ നിന്ന് 33,312 കോടിയും ഉപയോഗിച്ചെന്നാണ് ജൂലൈ 27 ന് മന്ത്രാലയം വ്യക്തമാക്കിയത്. അന്തർസംസ്ഥാന ജിഎസ്ടി ഇനത്തിൽ ലഭിച്ചതിൽ 13,944 കോടിയുടെ സംസ്ഥാന വിഹിതം നൽകാതെ സഞ്ചിത നിധിയിൽ നിലനിർത്തിയെന്നാണ് സിഎജിയുടെ മറ്റൊരു കണ്ടെത്തൽ. പാർലമെന്റിന്റെ അനുമതിയില്ലാതെ പ്രത്യക്ഷ നികുതി ഇനത്തിൽ റീഫണ്ട് പലിശ നൽകാൻ 50,566 കോടി സഞ്ചിത നിധിയിൽ നിന്നെടുത്തുവെന്നും സിഎജി കണ്ടെത്തി.

ജിഎസ്ടി ഉൾപ്പെടുമെന്നതിനാൽ ഒഴിവാക്കിയ പല സെസുകളും കഴിഞ്ഞ വർഷവും പിരിച്ചെന്നും അങ്ങനെ 414.5 കോടി സർക്കാരിനു ലഭിച്ചെന്നും സിഎജി കണ്ടെത്തിയിട്ടുണ്ട്. സ്വച്ഛ് ഭാരത് സെസ് 216.4 കോടി, കൃഷി കല്യാൺ സെസ് 168.99 കോടി, ക്ലീൻ എനർജി സെസ് 4.88 കോടി. അടിസ്ഥാന സൗകര്യം സെസ് 6.36 കോടി, റബർ സെസ് 4.27 കോടി തുടങ്ങിയവയാണ് ഈ പട്ടികയിലുള്ളത്. കുടിശിക പിരിച്ചതാവാമെങ്കിലും നിശ്ചിത ആവശ്യത്തിന് ഉപയോഗിക്കുന്നുവെന്ന് ഉറപ്പാക്കേണ്ടതുണ്ടെന്നാണ് സിഎജി നിർദേശം.

### മറ്റു സെസുകൾ

- എണ്ണ വ്യവസായ മേഖലയുടെ വികസനത്തിന് രൂപീകരിച്ച ബോർഡിനു നൽകാനുള്ളതാണ് ക്രൂഡ്, പ്രകൃതി വാതകം എന്നിവയ്ക്കു ചുമത്തുന്ന സെസ്, കഴിഞ്ഞ 10 വർഷത്തിൽ പിരിച്ചത് 1,24,399 കോടി. അത് ബോർഡിന് നൽകിയില്ല.
- കസ്റ്റംസ് തീരുവയിൽ നിന്ന് സാമൂഹിക ക്ഷേമ സർചാർജ് എന്ന പേരിൽകഴിഞ്ഞ വർഷം ലഭിച്ചത് 8,871.19 കോടി. ഈ തുക സൂക്ഷിക്കാനുള്ള കരുതൽ നിധി പോലും രൂപീകരിച്ചിട്ടില്ല. പണം സഞ്ചിതനിധിയിൽ തന്നെ.
- ആരോഗ്യ, വിദ്യാഭ്യാസ സെസായി പിരിച്ചത് 41,309 കോടി. വിദ്യാഭ്യാസ മേഖലയിൽ പഴയ പദ്ധതികൾക്ക് തുക അനുവദിച്ചു. ആരോഗ്യമേഖലക്ക് സെസ് വരുമാനത്തിൽ നിന്ന് ഒന്നും നൽകിയില്ല.
- റോഡ്, അടിസ്ഥാന സൗകര്യ സെസായി പിരിച്ചത് 10,157 കോടി പണം നിശ്ചിത ആവശ്യത്തിനു വിനിയോഗിച്ചില്ല.

ഗ്രാമീണ മേഖലയിൽ ടെലിഫോൺ, മൊബൈൽ ഫോൺ, ബ്രോഡ്ബാൻഡ് സൗകര്യങ്ങൾക്ക് ഉപയോഗിക്കാനെന്നോണം ചുമത്തുന്നതാണ് യൂണിവേഴ്സൽ ആക്സെസ് ലെവി (യുഎഎൽ). കഴിഞ്ഞ വർഷം ഈയിനത്തിൽ 10,000 കോടി ഉപയോഗിക്കാൻ പാർലമെന്റ് അനുമതി നൽകി. ലെവി വരുമാനം 6.911 കോടി. നിശ്ചിത ആവശ്യത്തിന് സർക്കാർ നൽകിയത് 4.788 കോടി. നൽകാതിരുന്നത് 2,123 കോടി. ●

# ഇസ്രയേൽ, യുഎഇ, ബഹ്റൈൻ കരാറും ഡൊണാൾഡ് ട്രംപിന്റെ ദൈവാവതാരവും

വേണു അമ്പലപ്പടി



**യുഎസിലും ഇസ്രയേലിലും തെരഞ്ഞെടുപ്പ് നടക്കാൻ പോകുമ്പോൾ ഇരു രാജ്യങ്ങളിലും അവരെ മഥിക്കുന്ന സർവ്വ പ്രശ്നങ്ങളിലും പരാജയപ്പെട്ട ഭരണാധികാരികൾ ജനശ്രദ്ധ തിരിച്ചുവിടാൻ നടത്തിയ ഒരു സർജിക്കൽ സ്ട്രൈക്കാണ് വാസ്തവത്തിൽ ഈ കരാർ.**

2020 സെപ്റ്റംബർ 15ന് വൈറ്റ്ഹൗസിലെ അമേരിക്കൻ പ്രസിഡന്റിന്റെ ഔദ്യോഗിക ഓഫീസായ ഓവലിൽ വെച്ച് ഡൊണാൾഡ് ട്രംപിന്റെ കാർമികത്വത്തിൽ ഒരു കരാർ ഒപ്പുവെച്ചു. ഇസ്രയേലി പ്രധാനമന്ത്രി ബഞ്ചമിൻ നതാന്യുവും യുഎഇ വിദേശമന്ത്രി ഷെയ്ക്ക് അബ്ദുള്ള ബിൻ സെയ്ദ് അൽനഹയാനും, ബഹ്റൈൻ വിദേശമന്ത്രി അബ്ദുൾ ലത്തീഫ് അൽ സയനിയുമാണ് കരാറിൽ തുല്യം ചാർത്തിയത്. തുടർന്ന് ട്രംപിന്റെ ഒരു പ്രഖ്യാപനവും വന്നു. ഇനി മുതൽ ഈ രാജ്യങ്ങൾ തമ്മിൽ സാധാരണ ബന്ധം നിലവിൽ വരും. ഉടൻതന്നെ ഒരു അഞ്ചാറ് രാഷ്ട്രങ്ങൾ കൂടി ഈ വഴി പിന്തുടരും. ഇത് ലോകസമാധാനത്തിന് പൗരസ്ത്യ ദേശം ഒരുങ്ങിക്കഴിഞ്ഞു എന്നതിന് തെളിവാണ്. ഈ കരാറിന് അദ്ദേഹം ഒരു പേരും നൽകി. അബ്രഹാം ഉടമ്പടി.

### ട്രംപ് സർവ്വശക്തനായ ദൈവം; നതാന്യു അബ്രഹാം

ഡൊണാൾഡ് ട്രംപിന്റെ നേതൃത്വത്തിൽ ഒപ്പുവെച്ച ഉടമ്പടിയെ എങ്ങനെ അബ്രഹാം ഉടമ്പടി എന്ന് പേരിട്ടു വിളിക്കുന്നത്? അതിനൊരു കഥയറിയണം. ബൈബിൾ പഴയ നിയമത്തിലെ ഉൽപത്തി 17ലെ ഒരു കഥ. തെക്കൻ ഇറാക്കിലെ ഒരു പ്രാദേശിക നേതാവായ അബ്രഹാം തന്റെ ജന്മദേശം വിട്ട് പലസ്തീനിലേക്ക് (ബൈബിളിലെ പേര് കനാൻദേശം) അഭയാർത്ഥിയായി ഓടിച്ചെന്ന കഥ. അദ്ദേഹത്തിന് 99 വയസ്സായപ്പോൾ ദൈവം നേരിട്ട് അദ്ദേഹത്തിന്റെ മുന്നിൽ പ്രത്യക്ഷപ്പെട്ട് ഇങ്ങനെ പറഞ്ഞു. ”ഞാനാണ് സർവ്വശക്ത

**1949 ആകുമ്പോഴേക്കും പലസ്തീനിന്റെ 78 ശതമാനവും ഇസ്രയേൽ പിടിച്ചടക്കി. തുടർന്ന് വിവിധ ഘട്ടങ്ങളിലായി ഇസ്രയേൽ സമീപ പ്രദേശങ്ങൾ ഏകപക്ഷീയമായി പിടിച്ചെടുത്ത് കൊണ്ടിരുന്നു. പ്രത്യേകിച്ച് 1967ലെ യുദ്ധത്തിൽ പലസ്തീൻ പ്രദേശങ്ങൾ മാത്രമല്ല സിറിയ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളുടെ ഭൂമിയും പിടിച്ചെടുത്തു. അമേരിക്ക ഈ ബകാസുരനെ വളർത്തി.**




നായ ദൈവം. ഞാൻ പറയുന്നത് പോലെ നടന്നാൽ നിനക്കായി ഞാനൊരു ഉടമ്പടി നൽകും." അബ്രഹാം അത് സമ്മതിച്ചു. ദൈവം ഉടമ്പടി നൽകി: നീ അഭയാർത്ഥിയായി വന്ന ഈ പലസ്തീൻ ദേശം നിനക്ക് തന്നതായി ഞാൻ പ്രഖ്യാപിക്കുന്നു. നിന്റെ സന്തതി പരമ്പരകൾക്കും ഇനി ഇത് സ്വന്തമായി ഉപയോഗിക്കാം. അബ്രഹാമിന്റെ സന്തതി പരമ്പരകളിൽപ്പെട്ടവരാണെന്ന് വിശ്വസിക്കുന്നവരിൽ ഒരു ചെറിയ വിഭാഗമാണ് യഹൂദർ. അബ്രഹാമിന് ദൈവം നൽകിയെന്ന് വിശ്വസിക്കുന്ന ഈ ഉടമ്പടിയുടെ ബലത്തിൽ കഴിഞ്ഞ 100 വർഷത്തിനുള്ളിൽ വിവിധ യൂറോപ്യൻ രാജ്യങ്ങളിലെ യഹൂദമത വിശ്വാസികൾ തങ്ങളുടെ ജന്മനാടായ യൂറോപ്യൻ രാജ്യങ്ങളിൽ നേരിട്ട പീഢനങ്ങളുടെയും ബ്രിട്ടീഷ് സാമ്രാജ്യത്വത്തിന്റെ ബോധപൂർവ്വമായ പ്രവർത്തനങ്ങളുടെയും ഫലമായി പലസ്തീനിലേക്ക് കുടിയേറി. ഈ കുടിയേറ്റക്കാർക്ക് കടന്നുകയറ്റക്കാർക്ക് തദ്ദേശവാസികളായ പലസ്തീൻ അറബി ജനതയുടെ സ്വന്തം നാട് ദൈവ നിശ്ചയപ്രകാരം യൂറോപ്യൻ ജൂതരുടെ പിൻഗാമികൾക്ക് ഇപ്പോൾ സർവ്വശക്തനായ ദൈവമായ താൻ നൽകുന്നു എന്നാണ് ട്രംപ് ഉദ്ദേശിക്കുന്നത്. അബ്രഹാമിന്റെ റോളിൽ നതാന്യുയും. യുഎസിലും ഇസ്രയേലിലും തെരഞ്ഞെടുപ്പ് നടക്കാൻ പോകുമ്പോൾ ഇരു രാജ്യങ്ങളിലും അവരെ മദിക്കുന്ന സർവ്വ പ്രശ്നങ്ങളിലും പരാജയപ്പെട്ട ഭരണാധികാരികൾ ജനശ്രദ്ധ തിരിച്ചുവിടാൻ നടത്തിയ ഒരു സർജിക്കൽ സ്ട്രൈക്കാണ് വാസ്തവത്തിൽ ഈ കരാർ.

## ഒരൽപം ചരിത്രം

1948 മേയ് 14ന് അർദ്ധരാത്രിക്ക് മുമ്പ് ഭൂലോകത്ത് ഇല്ലാത്ത ഒരു രാജ്യമാണ് ഇസ്രയേൽ എന്നത്. പകരം ആ ഭൂപ്രദേശത്തിന്റെ പേര് പലസ്തീൻ എന്നായിരുന്നു. ഒന്നാം ലോകയുദ്ധത്തിനു ശേഷം യുദ്ധത്തിൽ തോറ്റ തുർക്കിയുമായി 1920ൽ ഒപ്പുവെച്ച കരാർ (Treaty of Serves) പ്രകാരം കാര്യങ്ങൾ നോക്കിനടത്താൻ ലീഗ് ഓഫ് നാഷൻസ് ബ്രിട്ടന് താൽക്കാലികമായി ഏൽപിച്ചു കൊടുത്ത പ്രദേശമായിരുന്നു പലസ്തീനും ഇറാക്കും. ഈ അധികാര ലബ്ധിയുടെ മറവിൽ ബ്രിട്ടന്റെ നേതൃത്വത്തിൽ യൂറോപ്യൻ ജൂതന്മാരെ പലസ്തീനിലേക്ക് വരുന്നതിന് പ്രോത്സാഹിപ്പിച്ചു. ഇങ്ങനെ വന്ന കുടിയേറ്റക്കാർ പലസ്തീനിൽ സ്വന്തമായി തങ്ങൾക്കൊരു രാജ്യം സ്ഥാപിക്കണമെന്ന് ആവശ്യപ്പെട്ടു. സാമ്രാജ്യത്വ ശക്തികളുടെ സർവ്വവിധ പിന്തുണയും ഇതിനുണ്ടായിരുന്നു. തുടർന്ന് രണ്ടാം ലോകമഹായുദ്ധം അവസാനിച്ചതോടു കൂടി ഇവരുടെ പിൻബലത്തിൽ പലസ്തീൻ ഭൂമിയുടെ 57




**1979ൽ ഈജിപ്തും 1994ൽ ജോർദ്ദാനും തുടർന്ന് തിരശ്ശീലക്ക് പിന്നിൽ 1990 മുതൽ പല അറബ് രാഷ്ട്രങ്ങളും ഇസ്രയേലുമായി സ്ഥാപിച്ച ബന്ധത്തെ പ്രചരണായുധമായി വിളിച്ചു പറയുക മാത്രമാണ് ഈ ഉടമ്പടി ചെയ്യുന്നത്. ഇനി ക്യൂവിൽ നിൽക്കുന്നവർ ഒമാൻ, സൗദിഅറേബ്യ, സുഡാൻ, കുവൈറ്റ്, ഖത്തർ എന്നിങ്ങനെയാണ്.**

ശതമാനം വിദേശിയരായ യൂറോപ്യൻ ജൂതന്മാർക്ക് നൽകിക്കൊണ്ട് ഐക്യരാഷ്ട്രസഭ തന്നെ ഒരു പ്രമേയം പാസ്സാക്കി. 1948 മേയ് 15 മുതൽ പലസ്തീൻ രാജ്യത്തിന്റെ 57 ശതമാനം പ്രദേശം ഇസ്രയേലെന്നും 43 ശതമാനം ഉൾക്കൊള്ളുന്ന പ്രദേശത്ത് തദ്ദേശീയരായ പലസ്തീൻകാരുടെ നേതൃത്വത്തിൽ ഒരു ജനാധിപത്യ പലസ്തീൻ സ്വതന്ത്ര രാഷ്ട്രവും നിലവിൽ വരുമെന്നായിരുന്നു പ്രഖ്യാപനം. പ്രഖ്യാപനപ്രകാരം ഇസ്രയേൽ എന്ന രാഷ്ട്രം നിലവിൽവന്നു. പക്ഷേ, പലസ്തീൻ രാഷ്ട്രത്തിന്റെ ഭൂമി പ്രഖ്യാപിക്കപ്പെടുന്നതിന് മുമ്പ് തന്നെ ശക്തമായ സാമ്രാജ്യത്വ പിന്തുണയിൽ ഇസ്രയേൽ എന്ന ദാനരാഷ്ട്രം കൈക്കലാക്കാൻ തുടങ്ങി. അവിടത്തെ തദ്ദേശീയരായ ജനങ്ങളെ അടിച്ചോടിച്ചു. നിരവധി പേർ കൂട്ടക്കൊലയ്ക്ക് ഇരയായി. ബാക്കിയായവർ ജീവനും കൊണ്ടോടി അടുത്തുള്ള അറബ് രാജ്യങ്ങളിലേക്ക് പലായനം ചെയ്തു. 1949 ആകുമ്പോഴേക്കും പലസ്തീനിന്റെ 78 ശതമാനവും ഇസ്രയേൽ പിടിച്ചടക്കി. തുടർന്ന് വിവിധ ഘട്ടങ്ങളിലായി ഇസ്രയേൽ സമീപ പ്രദേശങ്ങൾ ഏകപക്ഷീയമായി പിടിച്ചെടുത്ത് കൊണ്ടിരുന്നു. പ്രത്യേകിച്ച് 1967ലെ യുദ്ധത്തിൽ പലസ്തീൻ പ്രദേശങ്ങൾ മാത്രമല്ല സിറിയ, ഈജിപ്ത് തുടങ്ങിയ രാജ്യങ്ങളുടെ ഭൂമിയും പിടിച്ചെടുത്തു. അമേരിക്ക ഈ ബകാസുരനെ വളർത്തി.

പൊതുബോധത്തിൽ അടിച്ചോടിക്കപ്പെട്ട ജനത സ്വന്തം നാട്ടിലേക്ക് വരാൻ നടത്തുന്ന ശ്രമങ്ങളെ അക്രമങ്ങളായും ജൂതപലസ്തീൻ അഥവാ ഇസ്രയേൽ സമാധാനം നിലനിർത്താൻ ശക്തമായും ധീരമായും ശ്രമിക്കുന്ന ഉശിരൻ ജനതയുമായും അവതരിപ്പിക്കപ്പെട്ടു.

## പശ്ചിമേഷ്യയിലെ പ്രശ്നങ്ങളുടെ കാതൽ എന്താണ്?

പലസ്തീൻ ജനതയുടെ ജീവനും സ്വത്തും രാജ്യവും കവർന്ന കുടിയേറ്റക്കാരുടെ, ഇപ്പോൾ അവരുടെ അടുത്ത തലമുറയുടെ ചെയ്തികൾ നിർത്തുക. ഐക്യരാഷ്ട്രസഭ അംഗീകരിച്ച സ്ഥലമെങ്കിലും യഥാർത്ഥ അവകാശികൾക്ക് വിട്ടുകൊടുക്കുക. പോകട്ടെ, ഏറ്റവും ചുരുക്കം 1967 ലെ യുദ്ധത്തിനു മുമ്പുള്ള അവസ്ഥയിലെങ്കിലും കാര്യങ്ങൾ എത്തിച്ച് ഒരു സ്വതന്ത്ര പരമാധികാര പലസ്തീൻ രാഷ്ട്രം സ്ഥാപിക്കുക. അപ്പോൾ വരേണ്ടതാണ് ഈ മേഖലയിൽ 'മാതൃകയാക്കേണ്ടുന്ന' സമാധാനം.

ഇപ്പോൾ ഒപ്പുവെച്ച ഉടമ്പടിയിൽ ഈ പ്രശ്നങ്ങൾ എന്തെങ്കിലും ഉണ്ടോ? പലസ്തീൻ പ്രശ്നമാണ് മേഖലയിലെ പ്രധാന വിഷയമെന്ന നിലയിൽ അക്കാര്യത്തിൽ എന്താണിതു പറയുന്നത്? ഒന്നുമില്ല. മറിച്ച്, ഇപ്പോൾ പേരിനെങ്കിലും പ്രവർത്തിക്കുന്ന പലസ്തീൻ പ്രദേശത്ത് പോലും ഇസ്രയേൽ പുതുതായി ജൂതകുടിയേറ്റം നടത്തുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തിട്ടുണ്ട്. പ്രശ്നം കുറയുകയല്ല, രൂക്ഷമാവുകയാണ് എന്നു ചുരുക്കം.

## ഇസ്രയേലി കമ്മ്യൂണിസ്റ്റ് പാർട്ടി നിലപാട്

ഇസ്രയേലി കമ്മ്യൂണിസ്റ്റ് പാർട്ടി ഈ പ്രശ്നത്തെ വളരെ യാഥാർത്ഥ്യ ബോധത്തോടെയാണ് സമീപിച്ചത്. "മദ്ധ്യപൗരസ്ത്യ ദേശത്ത് ദശാബ്ദങ്ങളായി തുടരുന്ന സംഘർഷാവസ്ഥയുടെ മൂലകാരണം പലസ്തീൻ ജനതയ്ക്ക് നീതി ലഭ്യമാക്കുന്നതിൽ പരാജയപ്പെട്ടുവെന്നത് പരിഗണിക്കാതെ നിങ്ങൾക്കൊരിക്കലും ഈ പ്രദേശത്ത് ശാന്തിയും സമാധാനവും ഉണ്ടാക്കാനാവില്ല." സെപ്റ്റംബർ 19ന് കമ്മ്യൂണിസ്റ്റ് പാർട്ടി പോളിറ്റ് ബ്യൂറോ മെമ്പർ ഐഡ ടൗമാസ്ലിമാൻ ബ്രിട്ടീഷ് കമ്മ്യൂണിസ്റ്റ് പാർട്ടികളുടെ ഒരു കോഓർഡിനേഷൻ സംഘടിപ്പിച്ച ഓൺലൈൻ സമ്മേളനത്തിൽ പ്രഖ്യാപിച്ചതാ

ണിത്. മാത്രവുമല്ല, ഈ കരാർ ആരുമായാണ് ഇസ്രയേലും യുഎസും ഉണ്ടാക്കിയിരിക്കുന്നത്? യുഎഇയുമായും ബഹ്റൈനുമായും. ഇവർ എന്നെങ്കിലും ഇസ്രയേലുമായും യുഎസുമായും ശത്രുതയിലായിരുന്നോ? മറുപടി ഇസ്രയേലി കമ്മ്യൂണിസ്റ്റ് പാർട്ടി നേതാവ് തന്നെ പറയുന്നു. "ഇസ്രയേൽ, യുഎഇ, ബഹ്റൈൻ എന്നിവർ ശത്രുക്കളല്ല, ദീർഘകാല സുഹൃത്തുക്കളാണ്. ഈ കരാർ വെറുമൊരു നാട്യപ്രകടനം മാത്രം. ഇതുവഴി ഈ രാജ്യങ്ങളുടെ വാണിജ്യ താൽപര്യങ്ങളിലെ സഹവർത്തിത്വം വളരും. അതുവഴി പ്രദേശത്തിനെ തങ്ങളുടെ താൽപര്യങ്ങൾക്ക് ഉപയോഗപ്പെടുത്താൻ അമേരിക്കക്ക് കൂടുതൽ സൗകര്യം നൽകുകയും ചെയ്യും. ഒരു സമാധാന കരാറിന്റെ നേർവിപരീതമാണ് ഓവലിൽ ഒപ്പുവെച്ച കരാർ. കാരണം ഇത് ഒരു സ്വതന്ത്ര പലസ്തീനു വേണ്ടിയുള്ളതും അവിടെ ഇസ്രയേൽ നടത്തുന്ന അനധികൃത അധിനിവേശത്തിനെതിരെയുള്ളതുമായ അന്താരാഷ്ട്ര സമ്മർദ്ദം കുറയ്ക്കാൻ ഇടവരുത്തുകയും ചെയ്യും."

മറ്റൊരു ഇസ്രയേൽ ഇടതുപക്ഷ നേതാവ് ഇങ്ങനെയാണ് പ്രതികരിച്ചത്: യുഎൻ പ്രമേയങ്ങളും അറബ്‌ലീഗ് തീരുമാനങ്ങളും അറബ് പരിശ്രമങ്ങളും മേഖലയിൽ സാധാരണ നില കൈവരിക്കാൻ ആദ്യം പരിഹരിക്കേണ്ടത് പലസ്തീൻ പ്രശ്നമാണെന്ന് പറഞ്ഞിട്ടുണ്ട്. ഇതിനു നേർവിപരീതമാണ് ഇപ്പോഴത്തെ കരാർ. പരമാധികാര പലസ്തീൻ രാഷ്ട്രം ഉണ്ടായതിന്റെ ശേഷം വരേണ്ടതാണ് സാധാരണ നില, അല്ലാതെ സാധാരണ നില കൈവന്നിട്ട് സ്ഥാപിക്കേണ്ടതല്ല പലസ്തീൻ രാഷ്ട്രം.

## എന്തുകൊണ്ട് ഉടമ്പടി

ഇത് സത്യത്തിൽ തെരഞ്ഞെടുപ്പ് വരാനിരിക്കുന്ന യുഎസിലെയും ഇസ്രയേലിലെയും ജനങ്ങളെ പറ്റിക്കാനുള്ള, ഒരു കണ്ണിൽ പൊടിയിടൽ മാത്രമാണ്. 'നൂറ്റാണ്ടിലെ സമാധാന കരാറിന്' ഒപ്പുവെച്ച മഹാന്മാരെന്ന് വോട്ടർമാരെ ധരിപ്പിക്കാനുള്ള ഉദ്യമം. യുഎസ് പ്രസിഡന്റ് സ്ഥാനത്തേക്ക് വീണ്ടും മത്സരിക്കുന്ന ഡൊണാൾഡ് ട്രംപ് ഭരണത്തിന്റെ സർവ്വ മേഖലയിലും പരാജയമാണ്. കോവിഡ്19 നേരിടുന്നതിൽ, വംശീയാക്രമണത്തിൽ, വിദേശ കാര്യത്തിൽ, സുഹൃദ് രാഷ്ട്രങ്ങളെ പോലും കണക്കിലെടുക്കാതെയുള്ള പ്രവർത്തനത്തിൽ എന്നുവേണ്ട സകലതിലും ജനകീയ പിന്തുണ നഷ്ടപ്പെടുന്ന ഈ ഏകാധിപതിക്ക് തെരഞ്ഞെടുപ്പിന് മുമ്പുള്ള ഒരു ഡോൺ കിക്സോട്ടിന്റെ സർജിക്കൽ സ്ട്രൈക്ക് ആവശ്യമായിരുന്നു. ഇത് ഈ ഉടമ്പടി കൊണ്ട് നേടാം എന്നദ്ദേഹം കരുതുന്നു. മധ്യപൗരസ്ത്യ പ്രദേശത്തിലെ പ്രശ്നങ്ങൾക്ക് ഇന്നത്തെ അവസ്ഥയിൽ ഒരു പരിഹാരം കാണണമെങ്കിൽ ഏറ്റവും കുറഞ്ഞത് 1967 ജൂൺ 4ന് മുമ്പുള്ള അതിരുകളോടെ ഒരു പരമാധികാര പലസ്തീൻ രാജ്യം നിലവിൽ വരികയും കിഴക്കൻ ജറുസെലം അതിന്റെ തലസ്ഥാനമാക്കുകയുമാണ് വേണ്ടത്. കൂട്ടത്തിൽ പലായനം ചെയ്യപ്പെട്ടഅടിച്ചോടിപ്പിക്കപ്പെട്ട പലസ്തീൻ ജനതയ്ക്ക് മടങ്ങിവരാനുള്ള അവകാശം സാധ്യമാക്കലും.

പകരം 2020 ജൂലൈ 1ന് അവശേഷിക്കുന്ന പലസ്തീൻ ഭൂമിയുടെ (ജോർദ്ദാൻ നദിയുടെ പശ്ചിമതീരം) 30 ശതമാനം കൂടി ഇസ്രയേലിനോടു കൂട്ടിച്ചേർക്കുമെന്ന് പ്രഖ്യാപിച്ചുകൊണ്ട് മുന്നിട്ടിറങ്ങിയവനാണ് ഇസ്രേയേലി പ്രധാനമന്ത്രി. ഇതിനെതിരെ 25 യൂറോപ്യൻ രാജ്യങ്ങളിലെ 1080 പാർലമെന്റ് മെമ്പർമാർ യൂറോപ്യൻ വിദേശകാര്യ മന്ത്രിമാർക്ക് കത്തയച്ചു. ഇത് അങ്ങേയറ്റം അപകടകരമാണ്. പലസ്തീന്റെ അവിഭാജ്യ ഘടകമായ ഈ പ്രദേശങ്ങൾ കൂട്ടിച്ചേർത്താൽ ഈ മേഖലയിൽ നികത്തപ്പെടാൻ കഴിയാത്ത വിധമുള്ള അപകടം വരുത്തിവെക്കുകയായിരിക്കും ഫലം എന്നതായിരുന്നു കത്തിലെ ഉള്ളടക്കം. യുഎൻ സെക്രട്ടറി ജനറൽ അന്റോണിയോ ഗുട്ടറസ് ലോകത്തിന്റെ വിളി കേൾക്കാൻ ഇസ്രയേലിനോട് ആഹ്വാനം ചെയ്തിരുന്നു. ഇക്കാര്യങ്ങളൊന്നും തന്നെ അബ്രഹാം കരാറിലില്ല. ചുരുക്കി പറഞ്ഞാൽ പലസ്തീൻ പ്രശ്നപരിഹാരവുമായി ഇതിന് യാതൊരു ബന്ധവുമില്ല. എരിതീയിൽ എണ്ണയൊഴിക്കുന്നതൊഴികെ.

1979ൽ ഈജിപ്തും 1994ൽ ജോർദ്ദാനും തുടർന്ന് തിരശ്ശീലക്ക് പിന്നിൽ 1990 മുതൽ പല അറബ് രാഷ്ട്രങ്ങളും ഇസ്രയേലുമായി സ്ഥാപിച്ച ബന്ധത്തെ പ്രചരണായുധമായി വിളിച്ചു പറയുക മാത്രമാണ് ഈ ഉടമ്പടി ചെയ്യുന്നത്. ഇനി ക്യൂവിൽ നിൽക്കുന്നവർ ഒമാൻ, സൗദിഅറേബ്യ, സുഡാൻ, കുവൈറ്റ്, ഖത്തർ എന്നിങ്ങനെയാണ്. പക്ഷെ ഇവിടങ്ങളിലെ ജനത പൂർണമായും പലസ്തീൻ ജനതക്കൊപ്പമാണ്. മനുഷ്യച്ചങ്ങല ഉണ്ടാക്കിയും സോഷ്യൽ മീഡിയ ക്യാമ്പയിൻ നടത്തിയും അവർ തങ്ങളുടെ രാജ്യത്തെ ഭരണകൂടങ്ങളെ എതിർക്കുന്നുണ്ട്. ●

## ലേബർകോഡുകൾ

# സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിനെതിരായ വെല്ലുവിളി



**ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ രൂപം കൊള്ളൽ ഘട്ടങ്ങളായിട്ടായിരുന്നു. ഒന്നാംഘട്ടം 1920 ന് മുമ്പ്, പ്രഥമ ദേശീയ ട്രേഡ് യൂണിയൻ കേന്ദ്രം രൂപം കൊള്ളുന്നതിന് മുമ്പുള്ളതാണ്. രണ്ടാംഘട്ടം 1920 മുതൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയ 1947 വരെ ഉള്ളതാണ്. മൂന്നാംഘട്ടം സ്വാതന്ത്ര്യാനന്തരമുള്ളതാണ്. ഇന്ന് നിലവിലുള്ള സാഹചര്യം ആഗോളവൽക്കണം ഉദാരവൽക്കരണ പശ്ചാത്തലത്തിലുള്ളതാണ്. മുഖ്യമായും 1990 –91 നു ശേഷം.**



**എൻ. പത്മലോചനൻ**

### ഭാഗം 1

മോദി ഗവൺമെന്റിന്റെ 4ലേബർ കോഡുകൾ ഫലത്തിൽ ഇന്ത്യൻ തൊഴിൽ നിയമങ്ങളും, തൊഴിൽ അവകാശങ്ങളും പാടേ നിഷേധിക്കുന്നു. നിലവിലുള്ള തൊഴിൽ നിയമങ്ങളും, തൊഴിലവകാശങ്ങളും സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ പോരാട്ടങ്ങളുടെ സൃഷ്ടിയാണ്. തുടർന്നും അതങ്ങിനെ തന്നെ ആയിരിക്കും. എന്നാൽ സംഘടിത തൊഴിലാളി പ്രസ്ഥാനം തകർക്കപ്പെട്ടാൽ തൊഴിലാളികൾ അടിമകളായി മാറ്റപ്പെടും. മോദി ഭരണവും ഇന്ത്യൻ കോർപ്പറേറ്റുകളും, ദേശീയസാർവ്വദേശീയ മുതലാളിത്ത കുത്തകകളും ധന കുത്തകകളും അതാണ് ലക്ഷ്യമിടുന്നത്. അതുകൊണ്ട് സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെയും അതു നയിക്കുന്ന പോരാട്ടങ്ങളെയും ശക്തിപ്പെടുത്തുകയാണ് ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ മുഖ്യകടമ. അതുവഴി എല്ലാ തൊഴിൽ വിരുദ്ധ, തൊഴിലാളി വിരുദ്ധ നയങ്ങളെയും പരാജയപ്പെടുത്താൻ കഴിയും.

**മോദി ഗവൺമെന്റിന്റെ 4ലേബർ കോഡുകൾ ഫലത്തിൽ ഇന്ത്യൻ തൊഴിൽ നിയമങ്ങളും, തൊഴിൽ അവകാശങ്ങളും പാടേ നിഷേധിക്കുന്നു. നിലവിലുള്ള തൊഴിൽ നിയമങ്ങളും, തൊഴിലവകാശങ്ങളും സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ പോരാട്ടങ്ങളുടെ സൃഷ്ടിയാണ്. തുടർന്നും അതങ്ങിനെ തന്നെ ആയിരിക്കും. എന്നാൽ സംഘടിത തൊഴിലാളി പ്രസ്ഥാനം തകർക്കപ്പെട്ടാൽ തൊഴിലാളികൾ അടിമകളായി മാറ്റപ്പെടും. മോദി ഭരണവും ഇന്ത്യൻ കോർപ്പറേറ്റുകളും, ദേശീയസാർവ്വദേശീയ മുതലാളിത്ത കുത്തകകളും ധന കുത്തകകളും അതാണ് ലക്ഷ്യമിടുന്നത്.**



മുകളിൽ സൂചിപ്പിച്ച കാഴ്ചപ്പാടിന്റെ അടിസ്ഥാനത്തിൽ ഇന്ത്യൻ തൊഴിലാളി വർഗ്ഗത്തിന്റെ, സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ ചരിത്രത്തിലേക്ക് ഒരെത്തിനോട്ടം അനിവാര്യമാണ്. ഇന്ത്യയിൽ ആധുനിക വ്യവസായ തൊഴിലാളിവർഗ്ഗ സൃഷ്ടി നടത്തിയത് വ്യവസായമുതലാളിത്തമാണ്. 18ാം നൂറ്റാണ്ടിന്റെ പകുതിയിലാണ് ലോകത്തെ മുഖ്യ സാമ്രാജ്യത്വ ശക്തിയായിരുന്ന ബ്രിട്ടണിൽ വ്യാപകമായ തോതിലുള്ള ചരക്ക് ഉൽപാദന സംരംഭം തുടങ്ങിയത്. ചരക്ക് വിൽപ്പനകൾക്കായി ഇംഗ്ലണ്ടിന് വമ്പിച്ച തോതിനുള്ള കമ്പോളം അനിവാര്യമായി തീർന്നു. ഈ പശ്ചാത്തലത്തിലാണ് ഇന്ത്യയുടെ നൂറ്റാണ്ടുകളുടെ പഴക്കമുള്ള കൈത്തറിതുണി ഉൽപാദനം ഉൾപ്പടെയുള്ള പരമ്പരാഗത കൈത്തൊഴിൽ മേഖലയെ ഇന്ത്യയിൽ ഇടംസ്ഥാപിച്ച ബ്രിട്ടന്റെ ഈസ്റ്റ്ഇന്ത്യാ കമ്പനിയുടെ സഹായത്തോടു കൂടി തകർത്തത്. അങ്ങിനെയാണ് ഇംഗ്ലണ്ട് ഇന്ത്യയിൽ കമ്പോളം തുറന്നത്.

പതിനെട്ടാം നൂറ്റാണ്ടിന്റെ പ്രഥമ പകുതിയിൽ തന്നെ ഇംഗ്ലണ്ടിനാവശ്യമുള്ള, അത്യന്താപേക്ഷിതമായ അസംസ്കൃതവസ്തുക്കൾ (Raw materials) മൃഗതുകൽ, ഓയിൽ, നിറം പിടിപ്പിക്കാനുള്ള ഇലച്ചെടികളിൽ നിന്നുമുണ്ടാക്കുന്ന പൗഡറുകൾ (Dyes), ചണം, പരുത്തി എന്നിങ്ങനെ വ്യവസായവൽക്കരണത്തിനാവശ്യമായ ചരക്കുകൾ ഇന്ത്യയിൽ നിന്നും ഇറക്കുമതിചെയ്തിരുന്നു. ആ സന്ദർഭത്തിൽ ഇംഗ്ലീഷ് ഉൽപാദകർക്ക് ഇരുമ്പിന്റെയും, പരുത്തിതുണിത്തരങ്ങളുടെയും വികസിത കമ്പോളവും ലഭ്യമായിതുടങ്ങി.

ഇതിനു മുമ്പു തന്നെ ഇന്ത്യയിൽ നിന്നും ഇംഗ്ലണ്ടിലേക്ക് ഭക്ഷ്യധാന്യ കയറ്റുമതി ആരംഭിച്ചിരുന്നു. നിർബന്ധപൂർവ്വമുള്ള ഭക്ഷ്യധാന്യ കയറ്റുമതിയുടെ വർദ്ധന ഇന്ത്യയിൽ തുടരെതുടരെ ഭക്ഷ്യക്ഷാമത്തിനും വമ്പിച്ച തോതിലുള്ള പട്ടിണി മരണങ്ങൾക്കും വഴിതെളിച്ചു. 19ാം നൂറ്റാണ്ടിന്റെ ആദ്യപകുതിയിൽ ഭക്ഷ്യധാന്യക്കയറ്റുമതി മൂലം ഇന്ത്യയിൽ 7 പ്രാവശ്യം ഉണ്ടായ ഭക്ഷ്യക്ഷാമത്തിൽ 15 ലക്ഷം പേർ പട്ടിണി മരണത്തിനിരയായി. 19ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിലാവട്ടെ 24പ്രാവശ്യം ഭക്ഷ്യക്ഷാമം മൂലം 2 കോടി ഇന്ത്യക്കാർ മരണത്തിനിരയായി. ഇത്തരം സന്ദർഭങ്ങളിൽ മറ്റ് മാർഗ്ഗമൊന്നും കാണാതെ കാർഷിക മേഖലയിൽ നിന്നും മിച്ചം വന്ന തൊഴിൽ ശക്തി കൂട്ടത്തോടെ മറ്റ് തൊഴിലവസരങ്ങൾ തേടി മുതലാളിമാരുടെ നേതൃത്വത്തിലുള്ള ഉൽപാദന മേഖലകളിലേക്ക് കുടിയേറി തുടങ്ങി. ഈ പുതിയ പശ്ചാത്തല

നിരഈസ്റ്റ് ഇന്ത്യ കമ്പനിക്ക് ചില പുതിയ പുതിയ വ്യവസായ മേഖലകളിൽ ലാഭം വർദ്ധിപ്പിക്കാൻ അവസരം സൃഷ്ടിച്ചു. വമ്പിച്ച തോതിൽ ഇന്ത്യൻ ജനതയെ ചൂഷണം ചെയ്ത് ലാഭം തൂത്തുവാരാനുള്ള അവസരം മുതലാളിത്ത ഉദ്യോഗസ്ഥ പ്രമുഖർക്ക്, കൂടുതൽ മുതൽ മുടക്കി നിലവിലുള്ള വ്യവസായങ്ങൾ വികസിപ്പിക്കാനും, പുതിയവ ആരംഭിക്കാനും പ്രചോദനമായി.

ആദ്യമായി അവർ തിരഞ്ഞെടുത്തത് 1832 ൽ റാഞ്ചിയിലെ കൽക്കരി മേഖലയാണ്. സമാന്തരമായി ആസ്സാമിലെ തേയില വ്യവസായം വികസിപ്പിച്ചു. തുടർച്ചയായ ഭക്ഷ്യക്ഷാമ പശ്ചാത്തലം ചുരുങ്ങിയ കൂലിക്ക് തൊഴിൽ ചെയ്യാൻ ഇന്ത്യൻ തൊഴിലാളികളെ ലഭിക്കാൻ അവസരം ഒരുക്കി. 1854ൽ പ്രഥമ തുണിമില്ലും, ചണമില്ലും ബ്രിട്ടീഷ് മുതലുടമകൾ ബോംബയിൽ പ്രവർത്തനമാരംഭിച്ചു. ഇതോടൊപ്പം 1853ൽ പ്രഥമ റയിൽ ഗതാഗതം കൽക്കട്ടയും റാഞ്ചിയും തമ്മിലും ബോംബയും താനയും തമ്മിലും ആരംഭിച്ചു. അങ്ങിനെ ആധുനിക തൊഴിലാളിവർഗ്ഗം ഇന്ത്യയിൽ ജന്മമെടുത്തു.

പുതുതായി രൂപംകൊണ്ട തൊഴിലാളികളുടെ തൊഴിൽ സാഹചര്യം പരമദയനീയമായിരുന്നു. ജോലിസമയത്തിന് പരിമിതികൾ ഇല്ലായിരുന്നു. തൊഴിലവധി ഇല്ലായിരുന്നു. തൊഴിൽ അപകടങ്ങൾക്ക് സാമ്പത്തികസഹായമോ, ചികിത്സാ സൗകര്യങ്ങളോ ഇല്ലായിരുന്നു. പ്രസവാനുകൂല്യം ഇല്ലായിരുന്നു. യാതൊരു ആരോഗ്യ സംരക്ഷണവും ഇല്ലാത്ത സ്വയം നിർമ്മിത ചെറ്റക്കുടിലുകളിൽ അവർക്ക് ജീവിക്കേണ്ടി വന്നു. കുട്ടികളെ വിദ്യാഭ്യാസം ചെയ്യിക്കാനുള്ള യാതോരു സന്ദർഭവും ഇല്ലായിരുന്നു. തൊഴിലിൽ നിന്നും വിരമിക്കുമ്പോൾ അവർക്ക് ലഭിക്കേണ്ട ആനുകൂല്യത്തെപ്പറ്റി അവർക്ക് യാതോരു ധാരണയും ഇല്ലായിരുന്നു. പ്ലാന്റേഷൻ തൊഴിലാളികളെ ഉദ്യോഗസ്ഥരും അവരുടെ ആശ്രിതരും ക്രൂരമായി മർദ്ദിച്ചിരുന്നു. ഫാക്ടറികളിൽ തൊഴിലെടുപ്പിക്കുന്നവരും ദേഹോപദ്രവം ചെയ്യുക പതിവായിരുന്നു. ഏറ്റവും ചുരുങ്ങിയ കൂലിക്കാണ് തൊഴിലാളികൾ പണി എടുത്തിരുന്നത്. 19ാം നൂറ്റാണ്ടിന്റെ രണ്ടാം പകുതിയിൽ ഇന്ത്യ സന്ദർശിച്ചിരുന്ന ഒരു ബ്രിട്ടീഷ് ഡെലിഗേഷൻ പറഞ്ഞത് ഖനി തൊഴിലാളികൾ പണിഎടുത്തിരുന്നത് നഗ്നരായിട്ടായിരുന്നു എന്നാണ്. കാരണം, അവർക്കുടുക്കാൻ ആകെയുള്ള ഒരു വസ്ത്രം അഴുക്കാകാതിരിക്കാൻ. ആഴ്ചയിൽ '5അണ'ആയിരുന്നു അവരുടെ കൂലി. ഇത്രയും നാമമാത്രമായ കൂലിക്ക് മനുഷ്യന് എങ്ങിനെ ജീവിക്കാൻ കഴിയുമെന്ന് കമ്മീഷൻ അത്ഭുതം രേഖപ്പെടുത്തി.

ജീവിതഭാരം താങ്ങാൻ കഴിയാതെ വന്നപ്പോൾ തൊഴിലാളികളിൽ പ്രതിഷേധം ഉയരാൻ തുടങ്ങി. യന്ത്രങ്ങളാണ് തങ്ങളുടെ തൊഴിൽ സാഹചര്യത്തിന് കാരണം എന്ന് കരുതി യന്ത്രങ്ങൾ തല്ലിപ്പൊളിക്കാൻ തുടങ്ങി. തൊഴിലാളികൾ ചിലപ്പോഴൊക്കെ അവരുടെ മേശിരിമാരെ തല്ലാൻ തുടങ്ങി. തൊഴിൽ ഉപേക്ഷിച്ച് പോകാൻ കഴിയാത്തവിധം ആയിരുന്നു അവരുടെ കരാർ വ്യവസ്ഥകൾ. അത്ര കർശനമായിരുന്നു ബ്രിട്ടീഷ് ഗവൺമെന്റ് പാസ്സാക്കിയ കരാർ വ്യവസ്ഥകൾ. അതെല്ലാം സഹിക്കത്തക്ക വിധം ക്ഷാമം ബാധിച്ച പ്രദേശങ്ങളിൽ നിന്നുമാണ് ലക്ഷക്കണക്കായ തൊഴിലാളികളെ വലിയ വാഗ്ദാനങ്ങൾ നൽകി തിരഞ്ഞെടുക്കുന്നത്. ബലം പ്രയോഗിച്ചാണ് തൊഴിലാളികളെ മൗറീഷ്യസ്, ബ്രിട്ടീഷ് ഗയാന, ടിനിഡാഡ്, വെസ്റ്റ് ഇന്ഡീസ്, ഫിജി, മലേഷ്യ, സൗത്ത് ആഫ്രിക്ക എന്നിവിടങ്ങളിൽ നിന്നും തിരഞ്ഞെടുത്തിരുന്നത്. നിരവധിപേർ യാത്രക്കിടയിൽ മരിച്ചു പോകാറുണ്ട്. നിർദിഷ്ട സ്ഥലത്തെത്തിയവർ മറ്റ് പോം വഴികളില്ലാതെ സ്വന്തം നാടിനെ മറന്ന് പുതിയ സാഹചര്യത്തിൽ പണിഎടുക്കാൻ നിർബന്ധിതരായി, വഴങ്ങി. ഇത്ര മൃഗീയമായ സാഹചര്യമാണ് ഇന്ത്യൻ തൊഴിൽരംഗത്ത് ഉണ്ടായിരുന്നത്. ഈ പശ്ചാത്തലത്തിൽ നിന്നാണ് ആധുനിക തൊഴിലാളി പ്രസ്ഥാനം രൂപം കൊള്ളുന്നത്.

ട്രേഡ് യൂണിയൻ പ്രസ്ഥാനത്തിന്റെ രൂപം കൊള്ളൽ ഘട്ടങ്ങളായിട്ടായിരുന്നു. ഒന്നാംഘട്ടം 1920 ന് മുമ്പ്, പ്രഥമ ദേശീയ ട്രേഡ് യൂണിയൻ കേന്ദ്രം രൂപം കൊള്ളുന്നതിന് മുമ്പുള്ളതാണ്. രണ്ടാംഘട്ടം 1920 മുതൽ ഇന്ത്യ സ്വാതന്ത്ര്യം നേടിയ 1947 വരെ ഉള്ളതാണ്. മൂന്നാംഘട്ടം സ്വാതന്ത്ര്യനന്തരമുള്ളതാണ്.

ഇന്ന് നിലവിലുള്ള സാഹചര്യം ആഗോളവൽക്കണം ഉദാരവൽക്കരണ പശ്ചാത്തലത്തിലുള്ളതാണ്. മുഖ്യമായും 1990 -91 നുശേഷം ഇതാണ് സംഘടിത ട്രേഡ് യൂണിയൻ പ്രസ്ഥാനം രൂപം കൊണ്ട സാഹചര്യത്തെപ്പറ്റി സൂചിപ്പിക്കാനുള്ളത്.

(ഭാഗം 2 തുടരും)

### യു.പി വൈദ്യുതി ജീവനക്കാരുടെ പ്രക്ഷോഭ വിജയം

# സ്വകാര്യവൽക്കരണത്തിന് തിരിച്ചടി

**കെ. ജയപ്രകാശ്**

സ്വകാര്യവൽക്കരണത്തിനെതിരെ യു.പിയിലെ വൈദ്യുതി ജീവനക്കാർ ഒറ്റക്കെട്ടായി നടത്തിയ ചരിത്രപരമായ പ്രക്ഷോഭത്തിന് മുമ്പിൽ യോഗി ആദിത്യനാഥ് ഗവൺമെന്റിന് മുട്ടുമടക്കേണ്ടി വന്നു. യു.പി ഗവൺമെന്റ് പൊതുമേഖലയിലുള്ള പൂർവാഞ്ചൽ വിദ്യുത് വിതരൺ നിഗം ലിമിറ്റഡ് എന്ന സ്ഥാപനം സ്വകാര്യവൽക്കരിക്കാൻ തീരുമാനിക്കുകയും പ്രതിഷേധങ്ങളെ വകവെക്കാതെ അനന്തര നടപടികളുമായി മുന്നോട്ടു പോവുകയും ചെയ്തു. യു.പി വൈദ്യുതിമേഖലയിലെ ജീവനക്കാർക്കിടയിലും എഞ്ചിനീയർമാർക്കിടയിലും പ്രവർത്തിക്കുന്ന 18 സംഘടനകൾ ചേർന്ന് രൂപം കൊടുത്ത വിദ്യുത് കർമചാരി സംയുക്ത് സംഘർഷ് സമിതി സ്വകാര്യവൽക്കരണത്തിനെതിരെ രംഗത്ത് വന്നു. കൽക്കരിഖനി തൊഴിലാളികളുടെ അഖിലേന്ത്യാ പണിമുടക്കിന് ഐക്യദാർഢ്യം പ്രകടിപ്പിച്ചുകൊണ്ട് അഖിലേന്ത്യാടിസ്ഥാനത്തിൽ നടത്തിയ പ്രക്ഷോഭത്തിന്റെ ഭാഗമായി സെപ്റ്റംബർ 28 ന് UPPCL ഹെഡ്ക്വാർട്ടേഴ്സ് ആയ ശക്തി ഭവന് മുൻപിൽ സംഘർഷ് സമിതി വമ്പിച്ച പ്രകടനം നടത്തുകയും ചെയർമാന് നിവേദനം നൽകുകയും ചെയ്തു. ചെയർമാൻ PVVNL സ്വകാര്യവൽക്കരണം നടത്തുകതന്നെ ചെയ്യുമെന്ന് നേതാക്കളെ അറിയിച്ചു. തുടർന്ന് സംയുക്ത് സംഘർഷ് സമിതി ഓഗസ്റ്റ് 24 ന് നോട്ടീസ് വിതരണം ചെയ്തു. സെപ്റ്റംബർ 1 മുതൽ 18 വരെ PVVNLന്റെ മുഴുവൻ യൂണിറ്റുകളിലും യോഗങ്ങൾ നടത്തി. ഷഹീദ് ഭഗത്സിംഗിന്റെ ജൻമദിനമായ സെപ്റ്റംബർ 28 ന് ലക്നോവിൽ പന്തംകൊളുത്തി പ്രകടനവും യോഗവും നടത്തി. മീറ്റിംഗ് പോലീസ് തടയുകയും ലാത്തിചാർജ്ജ് നടത്തുകയും നേതാക്കളേയും പ്രവർത്തകരേയും അറസ്റ്റ് ചെയ്യുകയും ചെയ്തു. അതോടെ സംസ്ഥാന വ്യാപകമായിജീവനക്കാരും എഞ്ചിനീയർമാരും തെരുവിലിറങ്ങി പ്രക്ഷോഭം ആരംഭിച്ചു. തുടർന്ന് അറസ്റ്റ് ചെയ്തവരെ വിട്ടയയ്ക്കാൻ ഗവൺമെന്റ് നിർബന്ധിതമായി. 29 ന് മൂന്ന് മണിക്കൂർ ജോലി ബഹിഷ്കരണവും ഒക്ടോബർ 5 മുതൽ അനിശ്ചിതകാല ജോലിബഹിഷ്കരണവും പ്രഖ്യാപിച്ചു. തുടർന്നും സംഘർഷ് സമിതിയുമായി ചർച്ച നടത്തി സമരം ഒത്തുതീർപ്പാക്കാൻ യോഗി ആദിത്യനാഥ് ഗവൺമെന്റ് തയ്യാറായില്ല. അതിനുപകരം സമരത്തെ അടിച്ചമർത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചു. വിവിധ മേഖലകളിൽ ഐ.എ.എസ് ഉദ്യോഗസ്ഥർക്ക് ചുമതല നൽകിക്കൊണ്ട് മിലിട്ടറിയെ രംഗത്തിറക്കി NTPC




**VICTORY FOR STRIKING ELECTRICITY EMPLOYEES**

Uttar Pradesh Government forced to withdraw privatization for electricity distribution, when 15 lakh employees went for an indefinite strike



**വിജയം രാജ്യത്തിന്റെ ഇതര മേഖലകളിൽ സ്വകാര്യവൽക്കരണത്തിനെതിരായി നടക്കുന്ന പ്രക്ഷോഭങ്ങൾക്ക് കരുത്തും ആവേശവും പകരുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ തന്നെ അന്താരാഷ്ട്ര ധനമൂലധന ശക്തികളുടെയും രാജ്യത്തെ വൻകിട കോർപ്പറേറ്റുകളുടെയും കാൽക്കീഴിൽ സമർപ്പിച്ച മോഡി ഗവൺമെന്റിന്റെ നാണംകെട്ട നടപടികൾക്ക് കനത്ത തിരിച്ചടിയാണ് യു.പിയിലെ വൈദ്യുതി ജീവനക്കാരുടെ സമരം.**

യിലേയും BHEL ലേയും എഞ്ചിനീയർമാരെ വാടകക്കെടുത്ത് വൈദ്യുതി വിതരണം നടത്തുവാൻ ഗവൺമെന്റ് ശ്രമം നടത്തി. എന്നാൽ വൈദ്യുതി വിതരണം പുന:സ്ഥാപിക്കാൻ സർക്കാരിന്റെ ബദൽ ക്രമീകരണങ്ങൾക്കായില്ല.
യു.പിയിലെ പ്രക്ഷോഭത്തിന് രാജ്യവ്യാപകമായി വൈദ്യുതി ജീവനക്കാരുടെയും കേന്ദ്ര ട്രേഡ് യൂണിയനുകളുടെയും പിന്തുണ ലഭിച്ചു. ദുബെയെ അറസ്റ്റ് ചെയ്തതിൽ പ്രതിഷേധിച്ചുകൊണ്ട് മുഴുവൻ സംസ്ഥാനങ്ങളിലെയും ലക്ഷക്കണക്കിന് വൈദ്യുതി ജീവനക്കാർ എൻ.സി.സി.ഒ.ഇ.ഇ.ഇ യുടെ ആഭിമുഖ്യത്തിൽ സെപ്റ്റംബർ 29 ന് പ്രതിഷേധ പ്രകടനം നടത്തുകയും പ്രക്ഷോഭത്തിന് പിന്തുണയും ഐക്യദാർഢ്യവും പ്രഖ്യാപിക്കുകയും ചെയ്തു. ചർച്ച നടത്തി സമരം ഒത്തുതീർപ്പാക്കാൻ തയ്യാറാകാത്ത ഗവൺമെന്റ് നിലപാടിനെതിരെ ഒക്ടോബർ 5 മുതൽ സംഘർഷ് സമിതിയുടെ നേതൃത്വത്തിൽ ജീവനക്കാർ ജോലി ബഹിഷ്ക്കരണ സമരം ആരംഭിച്ചു. ഗവൺമെന്റ് സമരത്തെ അടിച്ചമർത്താൻ ശ്രമിച്ചാൽ പണിമുടക്കുവാനും സംഘർഷ് സമിതി തീരുമാനിച്ചു. ദേശീയതലത്തിൽ പ്രവർത്തിക്കുന്ന വൈദ്യുതി ജീവനക്കാരുടെയും ഓഫീസർമാരുടെയും വേദിയായ നാഷണൽ കോഡിനേഷൻ കമ്മിറ്റി ഓഫ് ഇലക്ട്രിസിറ്റി എംപ്ലോയീസ് & എഞ്ചിനീയേഴ്സ് (NCCOEEE) തുടർച്ചയായി യോഗം ചേർന്ന് യു.പിയിലെ സ്ഥിതിഗതികൾ വിലയിരുത്തി. സെപ്റ്റംബർ 29 നും ഒക്ടോബർ 5 നും നടത്തിയ രാജ്യവ്യാപക പ്രക്ഷോഭത്തിന് ശേഷം ഒക്ടോബർ 8, 9 തീയതികളിൽ യു.പി സമരത്തിന് പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് ഒരു മണിക്കൂർ വീതം രാജ്യവ്യാപകമായി ജോലി ബഹിഷ്കരിക്കാനും ഒക്ടോബർ 13 ന് പ്രത്യക്ഷ പ്രക്ഷോഭം നടത്തുവാനും തീരുമാനമെടുത്തു. സമരം അടിച്ചമർത്താൻ ശ്രമിച്ചാൽ അഖിലേന്ത്യാ പണിമുടക്ക് നടത്തുവാനും തീരുമാനിച്ചു. വൈദ്യുതി രംഗത്ത് പ്രവർത്തിക്കുന്ന എല്ലാ നാഷണൽ ഫെഡറേഷന്റേയും നേതാക്കൾ ഒക്ടോബർ 6 ന് ലക്നോവിലെത്തി സമരത്തെ അഭിവാദ്യം ചെയ്യുകയും പിന്തുണ അറിയിക്കുകയും ചെയ്തു. ഇലക്ട്രിസിറ്റി എംപ്ലോയീസ് ഫെഡറേഷൻ ഓഫ് ഇന്ത്യ (EEFI) വൈസ് പ്രസിഡന്റ് സഖാവ് സുഭാഷ് ലംബ ലക്നോവിൽ എത്തി സമരത്തെ അഭിവാദ്യം ചെയ്യുകയും യു.പി പ്രക്ഷോഭത്തിന് ഐക്യദാർഢ്യം പ്രഖ്യാപിച്ച് രാജ്യവ്യാപകമായി വൈദ്യുതി ജീവനക്കാർ പണിമുടക്കുമെന്ന് പ്രഖ്യാപിക്കുകയും ചെയ്തു. ഒക്ടോബർ 5 ന് ആരംഭിച്ച ജോലി ബഹിഷ്കരണ പ്രക്ഷോഭത്തെ തുടർന്ന് സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ വൈദ്യുതി വിതരണം തടസ്സപ്പെട്ടു. 35 മന്ത്രിമാരുടെ ഭവനങ്ങളിലും 166 എം.എൽ.എമാരുടെ ഭവനങ്ങളിലും വൈദ്യുതി നിലച്ചു. വൈദ്യുതിവിതരണം തുടർച്ചയായി തടസ്സപ്പെട്ടതിനെ തുടർന്ന് അലഹബാദ് സർവ്വകലാശാല ഓൺലൈൻ ബിരുദ, ബിരുദാനന്തര പരീക്ഷകൾ മാറ്റിവെച്ചു.
വൈദ്യുതി ജീവനക്കാർ ഒറ്റക്കെട്ടായി നിശ്ചയദാർഢ്യത്തോടെ പ്രക്ഷോഭ രംഗത്ത് ഉറച്ചു നിൽക്കുകയും ഗവൺമെന്റ് പ്രക്ഷോഭത്തെ അടിച്ചമർത്താനുള്ള നടപടികളെടുക്കുകയും ചെയ്തതോടെ സംസ്ഥാനം മുൾമുനയിലായി. സംസ്ഥാന വ്യാപകമായി വൈദ്യുതി വിതരണം താറുമാറായി.സംസ്ഥാനമാകെ ഇരുട്ടിലാകുന്ന സ്ഥിതി വന്നു. മിലിട്ടറിയെ ഉപയോഗിച്ച് വൈദ്യുതി വിതരണം പുന:സ്ഥാപിക്കാനുള്ള ശ്രമം വിജയിച്ചില്ല. ഒടുവിൽ ഇലക്ട്രിസിറ്റി ജീവനക്കാരുടെ പ്രക്ഷോഭക്കരുത്തിന് മുൻപിൽ യോഗി ആദിത്യനാഥ് ഗവൺമെന്റിന് മുട്ടുമടക്കേണ്ടി വന്നു. ഒക്ടോബർ 6 ന് യുപി വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.ശ്രീകാന്ത് ശർമയും, ധനമന്ത്രി സുരേഷ് ഖന്നയും സമര സമിതിയുമായി 5 മണിക്കൂർ ചർച്ച നടത്തി ഒത്തുതീർപ്പിലെത്തുകയും കരാറൊപ്പിടുകയും ചെയ്തു. സ്വകാര്യവൽക്കരണ നടപടികളിൽനിന്ന് പിന്മാറാൻ സർക്കാർ

നിർബന്ധിതമായി. വൈദ്യുതി വിതരണ കമ്പനികളുടെ കാര്യക്ഷമതയും ബില്ലിംഗ്, കളക്ഷൻ കാര്യക്ഷമതയും മെച്ചപ്പെടുത്തണം വിതരണ മേഖല അഴിമതിരഹിതമാക്കണം തുടങ്ങിയ കാര്യങ്ങൾ കരാറിൽ വ്യവസ്ഥ ചെയ്തു. ഇക്കാര്യങ്ങൾ വൈദ്യുതിമന്ത്രി പ്രതിമാസം അവലോകനം നടത്തുവാനും തീരുമാനമായി. പ്രക്ഷോഭവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്ത കേസുകൾ എല്ലാം പിൻവലിക്കാനും സർക്കാർ സമ്മതിച്ചു. ഇതോടെ 80 ലക്ഷം ഉപഭോക്താക്കൾ ഉള്ളതും, പ്രധാന കേന്ദ്രങ്ങളായ വാരണാസി, ഗൊരഖ്പൂർ പ്രയാഗ്‌രാജ് എന്നീ പ്രദേശങ്ങളിൽ ഉൾപ്പെടെ വൈദ്യുതി വിതരണം നടത്തുകയും ചെയ്യുന്ന പൂർവാഞ്ചൽ വൈദ്യുതിവിതരൺ നിഗം ലിമിറ്റഡ് സ്വകാര്യവൽക്കരിക്കാനുള്ള നീക്കം ഗവൺമെന്റിന് ഉപേക്ഷിക്കേണ്ടിവന്നു. നേരത്തെ 2017 ൽ അഞ്ച് വൻനഗരങ്ങളിലെ വൈദ്യുതി വിതരണം സ്വകാര്യവൽക്കരിക്കാൻ യു.പി ഗവൺമെന്റ് കൈക്കൊണ്ട തീരുമാനം തൊഴിലാളികളുടെ ഒറ്റക്കെട്ടായ സമരത്തെ തുടർന്ന് ഗവൺമെന്റിന് പിൻവലിക്കേണ്ടി വന്നിരുന്നു. 2018 ഏപ്രിൽ 5 ന് സംഘർഷ് സമിതിയുമായി ഗവൺമെന്റ് എഗ്രിമെന്റ് ഒപ്പുവെച്ചു. ഹിന്ദുത്വ രാഷ്ട്രീയത്തിന്റേയും വൻകിട കോർപ്പറേറ്റുകളുടെയും കൂട്ടുകെട്ടിന്റെ റോൾമോഡലായ യോഗി ആദിത്യനാഥ് ഗവൺമെന്റിനെ ഉജ്വലമായ പ്രക്ഷോഭത്തിലൂടെ സ്വകാര്യവൽക്കരണത്തിൽ നിന്ന് പിന്തിരിപ്പിക്കാൻ കഴിഞ്ഞത് നിസ്സാര കാര്യമല്ല. ഏതു വലതുപക്ഷ

**ഇലക്ട്രിസിറ്റി ജീവനക്കാരുടെ പ്രക്ഷോഭക്കരുത്തിന് മുൻപിൽ യോഗി ആദിത്യനാഥ് ഗവൺമെന്റിന് മുട്ടുമടക്കേണ്ടി വന്നു. ഒക്ടോബർ 6 ന് യുപി വൈദ്യുതി വകുപ്പ് മന്ത്രി ശ്രീ.ശ്രീകാന്ത് ശർമയും, ധനമന്ത്രി സുരേഷ് ഖന്നയും സമര സമിതിയുമായി 5 മണിക്കൂർ ചർച്ച നടത്തി ഒത്തുതീർപ്പിലെത്തുകയും കരാറൊപ്പിടുകയും ചെയ്തു. സ്വകാര്യവൽക്കരണ നടപടികളിൽനിന്ന് പിന്മാറാൻ സർക്കാർ നിർബന്ധിതമായി.**

മൂരാച്ചി ഗവൺമെന്റിനും തൊഴിലാളികളുടെ സംഘടിത ശക്തിക്ക് മുൻപിൽ അടിയറവു പറയേണ്ടി വരുമെന്ന് യു.പി യിലെ വൈദ്യുതി ജീവനക്കാരുടെ പ്രക്ഷോഭം തെളിയിച്ചു.

ഈ വിജയം രാജ്യത്തിന്റെ ഇതര മേഖലകളിൽ സ്വകാര്യവൽക്കരണത്തിനെതിരായി നടക്കുന്ന പ്രക്ഷോഭങ്ങൾക്ക് കരുത്തും ആവേശവും പകരുമെന്ന കാര്യത്തിൽ സംശയമില്ല. ഇന്ത്യൻ സമ്പദ്‌വ്യവസ്ഥയെ തന്നെ അന്താരാഷ്ട്ര ധനമൂലധന ശക്തികളുടെയും രാജ്യത്തെ വൻകിട കോർപ്പറേറ്റുകളുടെയും കാൽക്കീഴിൽ സമർപ്പിച്ച മോഡി ഗവൺമെന്റിന്റെ നാണംകെട്ട നടപടികൾക്ക് കനത്ത തിരിച്ചടിയാണ് യു.പിയിലെ വൈദ്യുതി ജീവനക്കാരുടെ സമരം. ●



# മുകേഷ് അംബാനിക്ക് ആസ്തിവർധന മണിക്കൂറിൽ 90 കോടി

തുടർച്ചയായ ഒൻപതാം വർഷവും രാജ്യത്തെ ഏറ്റവും വലിയ ധനികനായി മുകേഷ് അംബാനി. ഹുറൂൺ, ഐഐഎഫ്എൽ വെൽത്ത് പുറത്തിറക്കിയ 2020 ലെ ഇന്ത്യയിലെ 100 ധനികരുടെ പട്ടികയിലാണ് 6.58 ലക്ഷം കോടി രൂപയുടെ സ്വത്തുമായി റിലയൻസ് ഇൻഡസ്ട്രീസ് ചെയർമാൻ മുകേഷ് അംബാനി മുന്നിലെത്തിയത്. സ്വത്ത് സമ്പാദനത്തിൽ 73% ആണ് വളർച്ച. ലോക്ഡൗൺ തുടങ്ങിയ മാർച്ച് മുതൽ ഓരോ മണിക്കൂറിലും അദ്ദേഹം 90 കോടി രൂപ സമ്പാദ്യത്തോട് ചേർത്തെന്നും റിപ്പോർട്ട് പറയുന്നു.

ആദ്യ പത്തിൽ എത്തിയ മറ്റുള്ളവർ.




2. ഹിന്ദുജ ബ്രദേഴ്സ് (ഹിന്ദുജ) 1.43 ലക്ഷം കോടി
3. ശിവ് നാടാരും കുടുംബവും (എച്ച്സിൽ) 1.41 ലക്ഷം കോടി
4. ഗൗതം അദാനി (അദാനി ഗ്രൂപ്പ്) 1.40 ലക്ഷം കോടി
5. അസീം പ്രേംജി (വിപ്രോ) 1.14 ലക്ഷം കോടി
6. സൈറസ് പുനാവാല (സെറം ഇൻസ്റ്റിറ്റ്യൂട്ട്) 94,300 കോടി
7. രാധാകൃഷ്ണൻ ദമാനി (ഡി മാർട്ട്) 87,200 കോടി
8. ഉദയ് കോട്ടക് (കോട്ടക് മഹീന്ദ്ര ബാങ്ക്) 87,000 കോടി
9. ദിലിപ് സാങ്‌വി (സൺ ഫാർമ) 84,000 കോടി
10. സൈറസ് മിസ്ത്രി, ഷപൂർ മിസ്ത്രി (ഷപൂർജി പല്ലോൻജി) 76,000 കോടി വീതം

# ലോക ബാങ്കിന്റെ മുന്നറിയിപ്പ് ജിഡിപി 9.6 ശതമാനം ഇടിയും

നടപ്പു സാമ്പത്തിക വർഷം ഇന്ത്യയുടെ മൊത്തം ആഭ്യന്തര വരുമാനം (ജിഡിപി) 9.6 ശതമാനം ചുരുങ്ങുമെന്ന് ലോകബാങ്ക്. ”ഇന്ത്യയിലെ സ്ഥിതി നേരത്തേ കരുതിയതിനേക്കാൾ മോശം. വൻതോതിൽ തൊഴിൽ നഷ്ടപ്പെട്ടു. കിട്ടാക്കടം പെരുകി.”

”ദാരിദ്ര്യ നിർമാർജനം മന്ദഗതിയിലായി. തൊഴിൽ നഷ്ടപ്പെടുന്നവരെ സഹായിക്കാൻ സർക്കാർ സംവിധാനങ്ങളില്ല” ലോകബാങ്ക് ദക്ഷിണേഷ്യ വിഭാഗം സാമ്പത്തിക വിദഗ്ധൻ ഹാൻസ് ടിമ്മർ പറഞ്ഞു. 3.2 ശതമാനം ചുരുക്കമുണ്ടാകുമെന്നാണ് ജൂണിൽ കണക്കാക്കിയത്.



അനൗപചാരിക മേഖലയിൽ പ്രശ്നം രൂക്ഷമാണ്. ഉൽപാദനവും സർക്കാർ ഇടപെടലുകളും ചുരുങ്ങിയതോടെ ദരിദ്രരുടെ സ്ഥിതി മോശമായി. കുടിയേറ്റ തൊഴിലാളികൾ ദുരിതത്തിലാണ് ലോകബാങ്ക് റിപ്പോർട്ടിൽ പറഞ്ഞു. പുതിയ നിക്ഷേപങ്ങളുടെ കാര്യത്തിൽ രാജ്യത്ത് സ്ഥിതി മെച്ചപ്പെടുന്നില്ലെന്ന് സെന്റർ ഫോർ മോണിറ്ററിംഗ് ഇന്ത്യൻ ഇക്കോണമിയുടെ റിപ്പോർട്ടിലും പറയുന്നു.

# വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് (WFTU) 75ാം വാർഷികം

**ജോസ് ടി എബ്രഹാം**

വേൾഡ് ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസിന്റെ (WFTU) 75ാം വാർഷികം ലോകമാകെയും ഇന്ത്യയിലും 2020 ഒക്ടോബർ മൂന്നിന് ആചരിക്കുകയുണ്ടായി. ഡബ്ല്യൂഎഫ്ടിയു രൂപീകൃതമാകുന്നത് 1945 ഒക്ടോബർ മൂന്നിന് പാരീസിലാണ്. 1945 ഒക്ടോബർ 3 മുതൽ 8 വരെ പാരീസിൽ വച്ച് നടന്ന വിവിധ രാജ്യങ്ങളിൽ നിന്നുള്ള ട്രേഡ് യൂണിയനുകളുടെ സമ്മേളനമാണ് ഡബ്ല്യൂഎഫ്ടിയു രൂപീകരണം പ്രഖ്യാപിക്കുന്നത്. ആറുകോടി എഴുപതു ലക്ഷം തൊഴിലാളികളെ പ്രതിനിധീകരിക്കുന്ന 55 രാജ്യങ്ങളിൽ നിന്നുള്ള 56 ദേശീയ ട്രേഡ് യൂണിയനുകളും 20 അന്തർദേശീയ സംഘടനകളും സ്ഥാപക സമ്മേളനത്തിൽ പങ്കെടുത്തു.

ഡബ്ല്യൂഎഫ്ടിയുവിന്റെ മുൻഗാമി ഇന്റർനാഷണൽ ഫെഡറേഷൻ ഓഫ് ട്രേഡ് യൂണിയൻസ് ആണെന്നു പറയാം. ഐഎഫ്ടിയു നിലനിന്നത് 1919 മുതൽ 1945 വരെയാണ്. ഐഎഫ്ടിയുവിൽ പ്രധാനമായും ഉണ്ടായിരുന്നത് യൂറോപ്യൻ രാജ്യങ്ങളിൽ നിന്നുള്ള ട്രേഡ് യൂണിയനുകളാണ്. അമേരിക്കൻ ഫെഡറേഷൻ ഓഫ് ലേബർ (AFL) മാത്രമാണ് പ്രധാനമായി യൂറോപ്പിനു പുറത്തു നിന്നുള്ള ഒരു യൂണിയൻ ഐഎഫ്ടിയുവിൽ ഉണ്ടായിരുന്നത്. അവരും 1925 ൽ ഐഎഫ്ടിയു ബന്ധം ഉപേക്ഷിച്ചു.

ഡബ്ല്യൂഎഫ്ടിയു രൂപീകരിക്കപ്പെടുന്നത് രണ്ടാം ലോക മഹായുദ്ധത്തിനു ശേഷവും ജർമനിയിലെയും ഇറ്റലിയിലെയും നാസി, ഫാസിസ്റ്റ് ഭരണവും അതിൽ തൊഴിലാളികൾ അനുഭവിച്ച ദുരിതത്തിന്റെ പശ്ചാത്തലത്തിലും ഒക്കെയാണ്. യുദ്ധവും മഹാമാരികളും സാമ്പത്തിക തകർച്ചയും എല്ലാം എന്നും തൊഴിലാളികൾക്കും സമൂഹത്തിന്റെ ഏറ്റവും താഴെക്കിടയിലുള്ളവർക്കുമാണ് ഏറ്റവും കൂടുതൽ ദുരിതം സമ്മാനിക്കുന്നത്. ഈ സ്ഥിതിയിൽ ഡബ്ല്യൂഎഫ്ടിയു അതിന്റെ ഏറ്റവും പ്രധാന ലക്ഷ്യമായി പ്രഖ്യാപിച്ചത് യുദ്ധത്തിനും യുദ്ധകാരണങ്ങൾക്കും എതിരായി നിലകൊള്ളാനും ലോക സമാധാനത്തിനായി പോരാടാനുമാണ്. മറ്റൊരു പ്രധാന കർത്തവ്യമായി ഡബ്ല്യൂഎഫ്ടിയു അതിന്റെ ആദ്യ പ്രമേയത്തിൽ തന്നെ ഏറ്റെടുത്തത് ഫാസിസത്തെയും ഫാസിസ്റ്റ് ആശയങ്ങളെയും എത്രയും വേഗം വേരോടെ പിഴുതെറിയാൻ പ്രവർത്തിക്കണം എന്നാണ്.

ഡബ്ല്യൂഎഫ്ടിയു പാരീസ് കോൺഗ്രസ് അംഗീകരിച്ച രണ്ടാമത്തെ പ്രമേയം ലോകമാകെയുള്ള തൊഴിലാളികളുടെ മൗലികമായ ആവശ്യങ്ങൾ ഉയർത്തുന്നതായിരുന്നു. തൊഴിലാളികളുടെ സംഘടിക്കാനുള്ള അവകാശം, മതം, ജാതി, വർഗം, നിറം, ലിംഗം തുടങ്ങി എല്ലാത്തരം വിവേചനങ്ങളിൽ നിന്നുമുള്ള മോചനം, തൊഴിൽ ചെയ്യാനുള്ള അവകാശം ശമ്പളത്തോടുകൂടിയ അവധി, ഉയർന്ന ജീവിത നിലവാരം, സാമൂഹ്യ സുരക്ഷാ സംവിധാനങ്ങൾ, തൊഴിലില്ലായ്മ, രോഗം, അപകടം തുടങ്ങിയ അവസ്ഥകളിൽ തൊഴിലാളികൾക്ക് സുരക്ഷിതത്വം എന്നീ വിഷയങ്ങളെല്ലാം ഉയർത്തുന്നതായിരുന്നു ഡബ്ല്യൂഎഫ്ടിയു ആദ്യ കോൺഗ്രസിന്റെ രണ്ടാം പ്രമേയം

## ഡബ്ല്യൂഎഫ്ടിയു വിന്റെ പ്രസക്തി ഇന്ന്

ലോകമാകെയുള്ള തൊഴിലാളികൾ വലിയ ചൂഷണത്തിനും നാനാതരം ആക്രമണങ്ങൾക്കും വിധേയമായിക്കൊണ്ടിരുന്ന കാലത്താണ് കോവിഡ് 19 എന്ന മഹാമാരി കൂടി പൊട്ടിപുറപ്പെടുന്നത്. കോവിഡ് 19 ന്റെ മറപിടിച്ച് തൊഴിലാളികളെ കൂടുതൽ ചൂഷണത്തിനു വിധേയമാകുന്ന കാഴ്ചയാണ് ഇപ്പോൾ ദൃശ്യമാകുന്നത്.

കോവിഡ് 19 നു മുമ്പു തന്നെ സാമ്പത്തിക അസമത്വം രൂക്ഷമായി കൊണ്ടിരിക്കുന്ന സ്ഥിതിയായിരുന്നു. ജനുവരി 2020 ന് ഓക്സ് ഫാം പുറത്തുവിട്ട റിപ്പോർട്ട് അനുസരിച്ച് 2153 ശതകോടീശ്വരന്മാരുടെ സമ്പത്ത് ലോകത്തെ 460 കോടി ജനങ്ങളുടെ മൊത്തം സമ്പത്തിനേക്കാൾ അധികമായിരുന്നു. ലോകത്തെ മിക്ക രാജ്യങ്ങളിലും തൊഴിലാളി വിരുദ്ധമായി കുത്തകകൾക്ക് അനുകൂലമായി നിയമങ്ങളും ഭേദഗതി ചെയ്യുകയാണ്. ഇന്ത്യ തന്നെ അതിനു നല്ല ഉദാഹരണമാണ്. ഈയൊരു സ്ഥിതിയിൽ ഡബ്ല്യൂഎഫ്ടിയുവിന്റെ പ്രസക്തി മുമ്പ് എന്നത്തേക്കാളും പ്രസക്തമാകുകയാണ്. തൊഴിലാളി സംഘടനകളും അതിന്റെ പ്രവർത്തകരും അന്തർദേശീയ തലത്തിൽ സഹകരിച്ചും പരസ്പരം ആശയങ്ങൾ കൈമാറിയും മാത്രമെ മുന്നോട്ടു പോകാൻ കഴിയൂ എന്ന സ്ഥിതിയാണ്. ഡബ്ല്യൂഎഫ്ടിയു ശക്തിപ്പെടുത്തുക എന്നത് ഒരു അടിയന്തിര വിഷയമായി തീർന്നിരിക്കുകയാണ്. ●

# സംഘടനാവാർത്തകൾ

## ഡബ്ല്യൂ.എഫ്.ടി.യു സ്ഥാപകദിനാചരണം

ലോക തൊഴിലാളി സംഘടനയുടെ (ഡബ്ല്യൂ.എഫ്.ടി.യു) സ്ഥാപകദിനവും എഴുപത്തിയഞ്ചാം വാർഷികവും സംസ്ഥാനത്ത് സിഐടിയുവിന്റെ നേതൃത്വത്തിൽ സമുചിതമായി ആചരിച്ചു. സിഐടിയു സംസ്ഥാന സെക്രട്ടറിയേറ്റിന്റെ ആഹ്വാന പ്രകാരം സംസ്ഥാനത്തെ മുഴുവൻ ജില്ലാ കേന്ദ്രങ്ങളിലും കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ടാണ് ഡബ്ല്യൂ.എഫ്.ടി.യു ദിനം ആചരിച്ചത്.

സിഐടിയു സംസ്ഥാന കമ്മിറ്റി ഓഫീസിൽ നടത്തിയ ദിനാചരണത്തിൽ ജനറൽ സെക്രട്ടറി സ. എളമരം കരീം, സിഐടിയു സംസ്ഥാന സെക്രട്ടറി സ.കെ ഹരികൃഷ്ണൻ, സിഐടിയു സംസ്ഥാന വൈസ് പ്രസിഡന്റ് സ. ജോസ് ടി എബ്രഹാം എന്നിവർ പങ്കെടുത്തു.

## എംപിമാരെ സസ്പെന്റ് ചെയ്തതിനെതിരെ പ്രതിഷേധം

കാർഷിക ബില്ലുകൾക്കെതിരെ പാർലമെന്റിൽ പ്രതിഷേധിച്ചതിന്റെ പേരിൽ എംപിമാരെ സസ്പെന്റ് ചെയ്ത ജനാധിപത്യ വിരുദ്ധ നടപടിയിൽ പ്രതിഷേധിച്ച് സിഐടിയുവിന്റെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പ്രതിഷേധ പരിപാടികൾ സംഘടിപ്പിച്ചു. കാർഷിക മേഖലയെയാകെ കോർപ്പറേറ്റുകൾക്ക് തീറെഴുതി നൽകുന്ന ബിജെപി സർക്കാരിന്റെ കാർഷിക ബില്ലിനെതിരെയും , തങ്ങൾക്കെതിരെ പ്രതികരിക്കുന്നവരെ സസ്പെന്റ് ചെയ്ത് നിലയ്ക്ക് നിർത്താൻ ശ്രമിക്കുന്ന മോഡി ഗവണ്മെന്റിന്റെ ഫാസിസ്റ്റു ഭരണത്തിനെതിരെയും വരും ദിവസങ്ങളിലും വലിയ രീതിയിലുള്ള പ്രതിഷേധങ്ങൾ ഉയർന്നു വരും.

## ഹരിയാനയിലെ സമരകേന്ദ്രങ്ങൾ സന്ദർശിച്ചു

കേന്ദ്ര സർക്കാരിന്റെ കർഷക ദ്രോഹ ബില്ലിനെതിരെയും, കർഷകത്തൊഴിലാളി വിരുദ്ധ നയത്തിനെതിരെയും സമരം ചെയ്യുന്ന ഹരിയാനയിലെ കർഷകരുടെ വിവിധ സമര കേന്ദ്രങ്ങൾ സിഐടിയു സംസ്ഥാന ജനറൽ സെക്രട്ടറി സ.എളമരം കരീം എംപിയും മറ്റ് എംപിമാരായ സ. കെ.കെ.രാഗേഷ്, സ. ബികാഷ് രഞ്ജൻ ഭട്ടാചാര്യ, കിസാൻ സഭ ദേശീയ ജോയിന്റ് സെക്രട്ടറി സ. വിജൂ കൃഷ്ണൻ എന്നിവരും സന്ദർശിച്ചു. പാർലമെന്റിൽ പാസാക്കിയ ഇന്ത്യൻ കാർഷിക മേഖലയുടെ മരണവാറണ്ടായ ബില്ലുകൾ പിൻവലിക്കണമെന്നാവശ്യപ്പെട്ട് രാജ്യത്തുടനീളമുള്ള കർഷകർ പ്രക്ഷോഭത്തിലാണ്.

## പൊതുമേഖലാ ഓഹരി വില്പനക്കെതിരെ ദേശീയ പ്രക്ഷോഭം

കേന്ദ്ര സർക്കാർ നടപ്പാക്കുന്ന പൊതുമേഖലാ സ്വകാര്യവൽക്കരണത്തിനും, ഓഹരി വിറ്റഴിക്കലിനും, തൊഴിൽ നിയമ ഭേദഗതികൾക്കുമെതിരെ സംയുക്ത ട്രേഡ് യൂണിയനുകൾ ആഹ്വാനം ചെയ്ത ദേശീയ പ്രക്ഷോഭം സംസ്ഥാനത്ത് വിവിധ സ്ഥലങ്ങളിൽ നടന്നു. തിരുവനന്തപുരത്ത് സിഐടിയു സംസ്ഥാന പ്രസിഡന്റ് സ. ആനത്തലവട്ടം ആനന്ദൻ ഉദ്ഘാടനം ചെയ്തു.

## ബിപിസിഎൽ പൊതുമേഖലാ സംരക്ഷണ സദസ്സ്

ബിപിസിഎൽ സ്വകാര്യവൽക്കരണത്തിനെതിരെ സിഐടിയു എറണാകുളം ജില്ലാ കമ്മിറ്റിയുടെ നേതൃത്വത്തിൽ പൊതുമേഖലാ സംരക്ഷണ സദസ് സംഘടിപ്പിച്ചു. ആയിരം കേന്ദ്രങ്ങളിലായാണ് സംരക്ഷണ സദസ്സ് സംഘടിപ്പിച്ചത്. പരിപാടിയുടെ ഭാഗമായി കേരള സ്റ്റേറ്റ് ടാങ്കർ ലോറി വർക്കേഴ്സ് യൂണിയന്റെ നേതൃത്വത്തിൽ ബിപിസിഎൽ ഡ്രം പ്ലാന്റ് ഗെയിറ്റിനു മുന്നിൽ മനുഷ്യ ചങ്ങലയും സംഘടിപ്പിച്ചു.

## അംഗൻവാടി ജീവനക്കാരുടെ പ്രതിഷേധ ദിനാചരണം

രാജ്യത്തെ അംഗണവാടികളെ സംരക്ഷിക്കുക, ആരോഗ്യ സംവിധാനങ്ങളും സൗജന്യ പോഷകാഹാര ലഭ്യതയും ഉറപ്പാക്കുക, അംഗണവാടി ജീവനക്കാരെ തൊഴിലാളികളായി പരിഗണിച്ച് മിനിമം വേതനം ഉറപ്പാക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഓൾ ഇന്ത്യാ ഫെഡറേഷൻ ഓഫ് അങ്കണവാടി വർക്കേഴ്സ് ആൻഡ് ഹെൽപ്പേഴ്സ് (സിഐടിയു) ദേശീയ തലത്തിൽ പ്രതിഷേധ ദിനം ആചരിച്ചു. കേരളത്തിൽ നിന്നും കോവിഡിന്റെ പശ്ചാത്തലത്തിൽ ആരോഗ്യ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ചുകൊണ്ട് പതിനായിരക്കണക്കിന് വരുന്ന പ്രവർത്തകർ ദേശീയ പ്രതിഷേധ ദിനത്തിൽ പങ്കാളികളായി.

# മണപ്പുറം ഫിനാൻസ് ജീവനക്കാർ 48 മണിക്കുർ പണിമുടക്കി




പിരിച്ചുവിട്ട ജീവനക്കാരെ തിരിച്ചെടുക്കുക, അന്യായമായ സ്ഥലം മാറ്റങ്ങൾ റദ്ദ് ചെയ്യുക മിനിമം വേതനം നടപ്പിലാക്കുക, അനധികൃതമായി ശമ്പളം വെട്ടിക്കുറക്കുന്ന നടപടി അവസാനിപ്പിക്കുക, പ്രസവാവധി, ഇഎസ്ഐ ലീവ് അനുവദിക്കുക തൊഴിൽ നിയമ വ്യവസ്ഥകൾ പാലിക്കുക എന്നീ ആവശ്യങ്ങളുന്നയിച്ച് നോൺ ബാങ്കിംഗ് & പ്രൈവറ്റ് ഫിനാൻസ് എംപ്ലോയീസ് അസ്സോസിയേഷൻ സി.ഐ.ടി.യു.വിന്റെ നേതൃത്വത്തിൽ ജീവനക്കാർ നടത്തിയ 48 മണിക്കൂർ പണിമുടക്ക് പരിപൂർണ്ണം. കോടതി ഉത്തരവു നേടി പോലീസിനെ ഉപയോഗിച്ച് സമരം പൊളിക്കാനുള്ള ശ്രമം പരാജയപ്പെട്ടു. സമരം മൂലം ജില്ലയിലെ ശാഖകളിൽ ഒരു പ്രവർത്തനവും നടത്താൻ കഴിഞ്ഞില്ല.

ജില്ലയിലെ 85 ബ്രാഞ്ച്കളിലായി ഏരിയ തലത്തിൽ വിപുലമായ സമര സഹായസമിതി രൂപികരിച്ച് സിഐടിയു തൊഴിലാളികളാകെ തികച്ചും ന്യായമായ ആവശ്യങ്ങൾക്ക് പിന്തുണയുമായി സമരസഖാക്കൾക്കൊപ്പം അണിനിരന്നു. പ്രധാന ശാഖകൾക്ക് മുമ്പിൽ സമരപരിപാടികൾ സംഘടിപ്പിച്ചു. സിഐടിയു സംസ്ഥാന നേതാക്കൻമാർ പങ്കെടുത്തു. പ്രശ്നങ്ങൾ സംഘടനയുമായി ചർച്ച ചെയ്ത് പരിഹരിക്കാർ തയാറാകാത്ത മാനേജ്മെന്റ് പ്രതിഷേധിക്കാൻ ഏറെ പരിമിതികളുള്ള കോവിഡ് പശ്ചാത്തലം അവസരമാക്കി ജീവനക്കാർക്കെതിരെ നടപടികൾ തുടരുകയാണ്. യാത്രക്ക് നിയന്ത്രണങ്ങളുള്ള ഈ ഘട്ടത്തിൽ അസൗകര്യമുണ്ടാക്കുന്ന സ്ഥലം മാറ്റങ്ങൾ ഒഴിവാക്കണമെന്ന സർക്കാർ നിർദേശം തീർത്തും അവഗണിച്ച് സ്ഥലം മാറ്റങ്ങൾ നടത്തുന്നു. സംസ്ഥാന ലേബർ കമ്മീഷണർ വിളിച്ച നാല് അനുരഞ്ജന യോഗങ്ങളും കമ്പനി ബഹിഷ്ക്കരിച്ചു. ഈ നിലപാടുമായി മുന്നോട്ടു പോകാനാണ് ഭാവമെങ്കിൽ കൂടുതൽ ശക്തമായ സമരപരിപാടികളിലേക്ക് നിങ്ങാൻ നിർബന്ധിതരായി തീരുമെന്ന് നേതാക്കൾ പറഞ്ഞു.

## വൈദ്യുതി ജീവനക്കാരുടെ സായാഹ്ന ധർണ




വൈദ്യുതി നിയമ ഭേദഗതി പിൻവലിക്കുക, വൈദ്യുതി മേഖലയെ സ്വകാര്യവത്കരിക്കുവാനുള്ള കേന്ദ്ര സർക്കാർ നീക്കം ഉപേക്ഷിക്കുക എന്നീ മുദ്രാവാക്യങ്ങൾ ഉയർത്തി കെഎസ്ഇബി വർക്കേഴ്സ് അസോസിയേഷൻ (സിഐടിയു) സംസ്ഥാന വ്യാപകമായി 2000 കേന്ദ്രങ്ങളിൽ സായാഹ്ന ധർണ്ണ നടത്തി.

# കെഎസ്ആർടിഎ സംഘടിപ്പിച്ച പ്രതിഷേധ ജ്വാല



കേന്ദ്ര സർക്കാരിന്റെ കർഷക, തൊഴിലാളി വിരുദ്ധ നയങ്ങൾക്കെതിരെ കെഎസ്ആർടിഇഎ (സിഐടിയു) നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പ്രതിഷേധ ജ്വാല സംഘടിപ്പിച്ചു. തൊഴിലാളികളുടെ ജീവിതം തകർത്തെറിയുന്ന കേന്ദ്ര സർക്കാരിന്റെ തൊഴിൽ കോഡുകൾ റദ്ദ് ചെയ്യുക,കർഷക ദ്രോഹ ബില്ലുകൾ പിൻവലിക്കുക, പൊതുമേഖലാ വില്പനയിൽ നിന്നും പിന്മാറുക, വൈദ്യുതി മേഖലാ സ്വകാര്യവത്കരണം റദ്ദാക്കുക, ആർ ടി സികൾക്ക് നേരെയുള്ള അവഗണയിൽ നിന്നും പിന്മാറുക തുടങ്ങിയ മുദ്രാവാക്യങ്ങൾ ഉന്നയിച്ചാണ് സംസ്ഥാന വ്യാപകമായി പ്രതിഷേധ ജ്വാല സംഘടിപ്പിച്ചത്.

# ഉത്തർപ്രദേശിൽ ക്രൂരപീഡനത്തിന് ഇരയായി കൊല്ലപ്പെട്ട പെൺകുട്ടിയുടെ വീട് സന്ദർശിച്ചു




സിഐടിയു ദേശീയ സെക്രട്ടറി സ. എ ആർ സിന്ധു ഉത്തർപ്രദേശിൽ ക്രൂര പീഡനത്തിരയായി കൊലചെയ്യപ്പെട്ട പെൺകുട്ടിയുടെ വീട് സന്ദർശിച്ചു. സഖാവ് എആർ സിന്ധുവിനൊപ്പം അഖിലേന്ത്യാ കിസാൻ സഭ ദേശീയ ജോയിന്റ് സെക്രട്ടറി സ. വിജൂ കൃഷ്ണൻ, അഖിലേന്ത്യാ കർഷക തൊഴിലാളി യൂണിയൻ ജനറൽ സെക്രട്ടറി സ. ബി വെങ്കട് തുടങ്ങിയവരും സന്ദർശിച്ചു. ഉത്തർപ്രദേശിൽ 19 വയസ്സ് മാത്രം പ്രായമുള്ള ദളിത് പെൺകുട്ടിയെ ക്രൂരമായി പീഡിപ്പിച്ചുകൊന്ന പ്രതികളെ സംരക്ഷിക്കുന്ന ബിജെപി ഗവണ്മെന്റിനെതിരെയും ഉത്തർപ്രദേശ് മുഖ്യമന്ത്രിക്കെതിരെയും സിഐടിയു വിവിധ സംസ്ഥാനങ്ങളിൽ പ്രക്ഷോഭങ്ങൾ സംഘടിപ്പിച്ചു.

ഉത്തർപ്രദേശിൽ പീഡനത്തിന് ഇരയായി ക്രൂരമായി കൊല്ലപ്പെട്ട ദളിത് പെൺകുട്ടിക്കും കുടുംബത്തിന് നീതി ഉറപ്പാക്കുക, ഉത്തർപ്രദേശിലെ ബിജെപി ഭരണകൂട ഭീകരത അവസാനിപ്പിക്കുക തുടങ്ങിയ വിവിധ ആവശ്യങ്ങൾ ഉന്നയിച്ച് ഓൾ ഇന്ത്യാ കോഓർഡിനേഷൻ കമ്മിറ്റി ഓഫ് വർക്കിങ് വുമൺസ് (സിഐടിയു) കേരളയുടെ നേതൃത്വത്തിൽ സംസ്ഥാന വ്യാപകമായി പ്രതിഷേധ ദിനം സംഘടിപ്പിച്ചു. കോവിഡ് പ്രോട്ടോക്കോളുകൾ പാലിച്ചുകൊണ്ട് സംസ്ഥാനത്തെ വിവിധ മേഖലകളിൽ ജോലി ചെയ്യുന്ന തൊഴിലാളികൾ ഓൾ ഇന്ത്യാ കോഓർഡിനേഷൻ കമ്മിറ്റി ഓഫ് വർക്കിങ് വുമൺസ് (സിഐടിയു)വിന്റെ നേതൃത്വത്തിൽ നടത്തിയ പ്രതിഷേധ ദിനത്തിൽ പങ്കാളികളായി.

ക്രൂര പീഡനത്തിനിരയായി കൊല്ലപ്പെട്ട ഉത്തർപ്രദേശിലെ ദളിത് പെൺകുട്ടിക്കും കുടുംബത്തിനും നീതി ലഭ്യമാക്കണമെന്ന് ആവശ്യപ്പെട്ട് ഉത്തർപ്രദേശിലെ ഭരണകൂട ഭീകരതക്കെതിരെ കെഎസ്എഫ്ഇ സ്റ്റാഫ് അസോസിയേഷന്റെ (സിഐടിയു) നേതൃത്വത്തിൽ പ്രതിഷേധ സംഗമവും പ്രതിഷേധ ജ്വാലയും സംഘടിപ്പിച്ചു.

